TAB

# TRICHUR ARCHDIOCESAN BULLETIN

2023 മെയ് വാല്യം: 90 ലക്കം: 05





പരിശുദ്ധാത്മാവിന്റെ പ്രവർത്തനം : (യോഹ 16, 13).

## 50 Years of PRIESTLY ORDINATION

1973-2023



ഫാ. ചിറ്റിലപ്പിള്ളി പോൾ



ഫാ. പൊറത്തൂർ നിക്കോളാസ്



ഫാ. തേർമഠം ജോർജ്ജ്

## 25 Years of PRIESTLY ORDINATION

1998-2023



ഫാ. ചാലക്കൽ സെബാസ്റ്റ്യൻ



ഫാ. ചെറുവത്തൂർ ഡഗ്ലസ് പീറ്റർ



ഫാ. ചിറ്റിലപ്പിള്ളി ജോയ് (സീനിയർ)



ഫാ. കടവി ജിയോ



ഫാ. കൂനംപ്ലാക്കൽ ജെയ്സൺ



ഫാ. മുണ്ടൻകുര്യൻ റെന്നി



ഫാ. നന്തിക്കര ബിജു (ഇഗ്നേഷ്യസ്)



ഫാ. പടയാട്ടിൽ ജോബ്



ഫാ. പുലിക്കോട്ടിൽ ജെയ്സൺ



ഫാ. വടക്കൻ ജോബ്




Trichur Archdiocesan Bulletin TAB
ESTD: 1934

**മെയ് 2023**

ലക്കം: 05 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 9 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 15 |
| സഹായമെത്രാന്റെ പരിപാടികൾ | 16 |
| നാളാഗമം | 18 |
| നാമകരണ നടപടികൾ | 21 |
| വൈദികർ | 25 |
| സന്യസ്തർ | 28 |
| സാമ്പത്തിക കാര്യാലയം | 32 |
| മതബോധനം | 41 |
| സ്ഥാപനങ്ങൾ | 47 |
| സംഘടനകൾ | 64 |

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ**
**സഭയുടെ ആസ്ഥാന**
**കാര്യാലയം**

Ref: 3854/KCBC/K-5/OL/DS
05.04.2023

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2023

യേശുക്രിസ്തുവിൽ ഏറ്റവും ബഹുമാന്യരായ വൈദികരെ, സന്യസ്തരെ, പ്രിയ ദൈവമക്കളെ,

ഏവർക്കും പിതാവായ ദൈവത്തിൽനിന്നും, കർത്താവായ യേശുക്രിസ്തുവിൽ നിന്നും പരിശുദ്ധാ ത്മാവിൽ നിന്നും കൃപയും സമാധാനവും,

അദ്ധ്വാനത്തിൻെറ പ്രാധാന്യവും മഹത്വവും തൊഴിലാളികളുടെ അവകാശങ്ങളും കടമകളും ഓർമ്മപ്പെടുത്തുന്ന മെയ്ദിനത്തിന്റെയും, തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളി ന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം എല്ലാവർക്കും നേരുന്നു.

1. ദൈവം മനുഷ്യനെ ഏല്പിച്ച പ്രഥമ ഉത്തരവാദിത്വം; "നട്ടു നനയ്ക്കാനും വളർത്താനും" ആണ് (ഉല്പ.2:15). 'എല്ലാം നല്ലതായിരി ക്കുന്നുവെന്നു കണ്ടുവിലയിരു ത്തിയതിനെ" കാത്തുപാലിക്കാനാണ് മനുഷ്യനോട് ആവശ്യപ്പെട്ടത്. ഈ പ്രപഞ്ചത്തിൽ ദൈവം ഒളിപ്പിച്ചു വച്ചിരിക്കുന്ന അത്ഭുതങ്ങളെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തി മനോഹരമാക്കുന്നതിനായി ദൈവഹിതാനുസരണം മനുഷ്യർ

ഏർപ്പെടുന്ന പ്രവൃത്തി യാണല്ലോ തൊഴിൽ. അത് ദൈവം നടത്തുന്ന സൃഷ്ടി കർമ്മത്തിലും രക്ഷാകരകർമ്മത്തിലുള്ള ഒരുവ്യക്തിയുടെ പങ്കുചേരലാണ് (സഭയുടെ സാമൂഹികപ്രബോധനം 263).

2. തൊഴിലിടങ്ങളുടെ വിശുദ്ധിയിൽനിന്നാണ് സംസ്കാരങ്ങളും ആരാധനരീതികളും രൂപപ്പെട്ടത്. ഉപജീവനത്തിനുള്ളത് പ്രകൃതിയിൽ നിന്നും കണ്ടെത്തി ജീവിതം തുടങ്ങിയ മനുഷ്യൻ, കരുതലിന്റെ ചിന്തയിലേക്ക് വന്നപ്പോഴാണ് തൊഴിലിന് പ്രാധാന്യം കൈവന്നത്. ലാഭം നേടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹമാണ് തൊഴിലിടങ്ങളിലെ സമത്വഭാവം നഷ്ടമാക്കിയതും, ഇന്നും നഷ്ടമാക്കുന്നതും.

3. ഇന്നത്തെ തൊഴിൽ മേഖലയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളും, നാം സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച ചിന്തകളുമാണ് താഴെ ചേർത്തിരിക്കുന്നത്. കോവിഡ് മഹാമാരി ഒരു പുതിയ സാമൂഹിക-സാമ്പത്തിക ക്രമത്തിനു രൂപം നൽകിയെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 'ഓക്സ്ഫാം' എന്ന അന്താരാഷ്ട്ര സംഘടനയുടെ കണ്ടെത്തലുകൾ ഏറെ പ്രസക്തമാണ്. 2023 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം കോവിഡ് കാലത്തിൽ ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം 19 കോടിയിൽ നിന്നും 35 കോടിയായി വർധിച്ചു. അതേസമയം ശതകോടീശ്വരന്മാരുടെ എണ്ണം 102ൽ നിന്നും 166 ആയി വർദ്ധിക്കുകയുണ്ടായി. അടിത്തട്ടിലുള്ള 50 ശതമാനം പേരുടെ പക്കൽ രാജ്യത്തെ സ്വത്തിൻെറ 3 ശതമാനം മാത്രം ഉള്ളപ്പോൾ ജനസംഖ്യയിലെ ഒരു ശതമാനം മാത്രമുള്ള അതിസമ്പന്നരാണ് രാജ്യത്തെ സമ്പത്തിൻെറ 40 ശതമാനവും കൈവശമാക്കിയിരിക്കുന്നത്. ഇത് ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്കും സ്ഥിതിസമത്വത്തിനും എതിരാണ്. ഈ അനീതി തടയാനുള്ള ക്രിയാത്മക നടപടികൾ സർക്കാരുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

4. രാജ്യത്തെ നിലവിലുള്ള നിയമസംവിധാനങ്ങളിൽ കാലികമായ മാറ്റങ്ങൾ വരുത്തുമ്പോഴും പുരോഗമനപരമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും ആ പ്രദേശങ്ങളിലെ മനുഷ്യരെയും ആവാസവ്യവസ്ഥകളെയും ബാധിക്കുന്നില്ല എന്നുമാത്രമല്ല, അവയെ സംരക്ഷിക്കുവാനും മനുഷ്യരുടെ ആശങ്കകൾ ദൂരീകരിക്കാനും വിവിധ സർക്കാരുകൾക്ക് ഉത്തരവാദിത്വവും ബാധ്യതയും ഉണ്ട്. നീതിക്കുവേണ്ടി ശബ്ദിക്കുന്ന പാവപ്പെട്ടവരെയും അവർക്ക് പിന്തുണ നൽകുന്നവരെയും ദേശവിരുദ്ധരും വികസന വിരോധികളും വിഭാഗീയത വളർത്തുന്നവരുമായി ചിത്രീകരിക്കാൻ അധികാരികളും ഉദ്യോഗസ്ഥവൃന്ദവും മാധ്യമങ്ങളും ചേർന്നുനടത്തുന്ന പ്രവർത്തനങ്ങൾ വളരെ സുവ്യക്തമാണ്.

വികസനത്തിന്റെ ഗുണഭോക്താക്കളായി മാറാൻ തദ്ദേശവാസികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും അവസരമുണ്ടാകത്തക്ക വിധത്തിൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പാടുള്ളു.

5. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിട്ടായിരുന്നു കേരളത്തിലെ അസംഘടിത തൊഴിലാളി ക്ഷേമനിധികൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഈ അടുത്തകാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് ഇകഴ്ച സംഭവിച്ചിട്ടുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പല ഓഫീസുകളിലും ആവശ്യത്തിനു ജീവനക്കാരില്ല. ഫണ്ടില്ലായെന്ന പേരിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ അതിയായ കാലതാമസം നേരിടുന്നു, ക്ഷേമനിധിയിൽ അംഗങ്ങളായിചേർന്നു ഇരുപതും മുപ്പതും വർഷം വിഹിതം അടച്ചു പ്രായപരിധി എത്തിയതിനെ തുടർന്നു വിരമിച്ചവർക്ക് പെൻഷൻ ലഭിക്കുന്നതിൽ തടസ്സംനേരിടുന്നു. ക്ഷേമനിധി ഫണ്ട് വകമാറ്റി ഉപയോഗിക്കുന്നത് ദരിദ്രന്റെ അന്നം കവർച്ച ചെയ്യുന്നതിനു തുല്യമാണ്. ക്ഷേമനിധി പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരെ സാമൂഹിക സുരക്ഷാപെൻഷനൊപ്പം സംയോജിപ്പിച്ചത് അനുചിതമായ നടപടിയാണെന്നും പറയാതെവയ്യ. അധികാരികൾക്ക് തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ ധാർമ്മിക ചുമതലയുണ്ട്.

6. തൊഴിലാളി സൗഹൃദസംസ്ഥാനം എന്ന സൽപ്പേര് കേരളത്തിനു നഷ്ടപ്പെടുന്നുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. കടകൾ, ചെറിയ ഓഫീസുകൾ, മാർക്കറ്റിങ്ങ് സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ ധാരാളം സ്ത്രീത്തൊഴിലാളികൾ ഉൾപ്പെടെ നിരവധിപേർ ജോലിചെയ്തുവരുന്നുണ്ട്. കൂടുതൽ സമയം ജോലിചെയ്യേണ്ടിവരിക, കൃത്യമായി വേതനം ലഭിക്കാതിരിക്കുക, പി. എഫ്. ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ നിഷേധിക്കപ്പെടുക തുടങ്ങിയ പലതരം ചൂഷണങ്ങൾക്ക് ഈവിഭാഗം ഇരയാകുന്നുണ്ട്. എന്നാൽ ഈവിഭാഗത്തിന്റെ അവകാശ സംരക്ഷണത്തിനായി നിയമങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരികളും സംരക്ഷകരാകേണ്ട ട്രേഡ് യൂണിയനുകളും ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

7. ജോലി ചെയ്യുന്നവർക്ക് വേതനത്തിനു അവകാശമുണ്ട്. ഈ അവകാശം നിയമാനുസൃതം സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. "കൂലിക്കാരനു വേതനം നല്കാൻ പിറ്റേന്നു രാവിലെവരെ കാത്തിരിക്കരുത്" (ലേവ്യർ 19:13) എന്നാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽപോലും ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നത്ഖേദകരമാണ്. 'മൂലധനത്തേക്കാളും, മെഷിനറിയെക്കാളും പ്രാധാന്യം മനുഷ്യർക്കാണ്' എന്ന്സഭാപ്രബോ

ധനങ്ങൾ പഠിപ്പിക്കുന്നു (ലൗദാത്തൊ സി 128). ചില വിഭാഗം തൊഴിലാളികളുടെ ഇടയിൽ രൂപപ്പെട്ടിട്ടുള്ള തെറ്റായ പ്രവണതകളും തിരുത്തേണ്ടതായിട്ടുണ്ട്. നിയമംമൂലം നിർത്തലാ ക്കിയിട്ടും നോക്കുകൂലി മുതലായവ പുതിയരൂപത്തിൽ അവതരിപ്പി ക്കപ്പെടുന്നു. തൊഴിലാളികളുടെ ശബ്ദമാകേണ്ട സംഘടനകൾ തൊഴിൽ നിഷേധിക്കുന്ന ശക്തികളായി മാറുകയും, കയ്യൂക്കിന്റെ ബലത്തിൽ സ്ഥാപനങ്ങൾ പൂട്ടിക്കുകയും ചെയ്യുന്നു. ഇത്തരം അനാശാസ്യ നടപടികൾ പൂർണ്ണമായും ഇല്ലാതാക്കേണ്ടിയിരിക്കുന്നു.

8. കേരളത്തിൽനിന്നും ലക്ഷക്കണക്കിനുപേരാണ് ഇന്ത്യയ്ക്കകത്തും വിദേശത്തും പ്രവാസികളായി ജോലിചെയ്യുന്നത്. യുവജനകുടിയേറ്റം ഇപ്പോൾ അതിതീവ്രമാണ്. ഇതിന്റെ കാരണങ്ങൾ സർക്കാരുകൾ വിലയിരുത്തേണ്ടതാണ്. പ്രവാസികൾ നാട്ടിലേക്കയച്ച ധനമാണ് കേരളത്തിന്റെ വികസനത്തിനു അടിത്തറയിട്ടതെന്ന കാര്യം വിസ്മരിക്കരുത്. പ്രവാസികളുടെ വിയർപ്പിന്റെ ഫലമാണ് കേരള വികസന മൂലധനമായി ഇന്നും നിലനില്ക്കുന്നത്. ആയതിനാൽ പ്രവാസി ക്ഷേമം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. അതുപോലെ തന്നെ അയൽസംസ്ഥാനങ്ങളിൽനിന്നും അനേകംപേർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അതിഥിതൊഴിലാളികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഇവർ മുപ്പത് ലക്ഷത്തോളം വരുമെന്നാണ് കണക്ക്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഈ തൊഴിലാളികളുടെ ഭാഗഭാഗിത്വം വേണ്ടവിധത്തിൽ പരിഗണിക്കപ്പെടുന്നില്ല. പലപ്പോഴും അവഗണനയും വിവേചനവും ചൂഷണവും ഇവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. "പ്രവാസികളെയും അഭയാർത്ഥികളെയും ചേർത്തുപിടിച്ചുകൊണ്ട് ഭാവിലോകത്തെ നിർമ്മിക്കാനാണ്", ഫ്രാൻസിസ് പാപ്പ 2022 ലെ പ്രവാസിദിനസന്ദേശത്തിൽ ആഹ്വാനം നല്കിയത്. കേരളത്തിൽ തൊഴിലെടുക്കുന്ന അയൽസംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ രൂപതകളുടെയും സന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിൽ ആവിഷ്കരിക്കുന്നത് ഉചിതമാണ്.

9. കെ.സി.ബി.സി. തൊഴിൽകാര്യ-പ്രവാസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർമൂവ്മെന്റ്, അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സി.ബി.സി.ഐ ലേബർകമ്മീഷന്റെ നേതൃത്വത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കെ.എൽ.എം. തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അവരെ നേതൃത്വത്തിലേക്ക് ഉയർത്താനും, തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തു

വാനും സാമ്പത്തിക അച്ചടക്കത്തിന് ആവശ്യമായ കാര്യങ്ങൾ നടപ്പി ലാക്കാനും തൊഴിലവകാശങ്ങൾ സംരക്ഷിച്ച് കിട്ടാനും ശ്രമിക്കുന്നു. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവ്യവ സ്ഥകൾ നിശ്ചയിച്ചുകൊണ്ട് കെ.സി.ബി.സി. പ്രാബല്യത്തിലാ ക്കിയിട്ടുള്ള 'പീപ്പിൾ മാനേജ്മെന്റ്പോളിസി' നടപ്പിലാക്കാൻ വേണ്ട പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെ.എൽ.എം. നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് (CIC:1286 & CCEO:1030). കേരളത്തിൽ തൊഴിൽചെയ്യുന്ന പ്രവാസി തൊഴിലാളി സംഘാടന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും, ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കെ.എൽ.എം. ശ്രദ്ധിക്കുന്നുണ്ട്.

10. കെ.എൽ.എം. ന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കേ ണ്ടതായിട്ടുണ്ട്. എല്ലാരൂപതകളിലും, ഫൊറോന ആസ്ഥാനങ്ങളിലും, സാധിക്കുന്ന ഇടവകകളിലും വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടു ക്കാൻ ശ്രമിക്കണം. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളി സംഗമ ങ്ങൾ, പ്രത്യേക ദിവ്യബലികൾ എന്നിവ നടത്തുന്നത് നല്ലതാണ്.

11. സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളോട്സർവാത്മന സഹകരിച്ച് പ്രവർത്തിക്കുന്ന എല്ലാവരേയും അഭിനന്ദിക്കുന്നു. എല്ലാ തൊഴിലാളി കളെയും പ്രത്യേകമായി ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥി ക്കുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

---

*പി. ഒ. സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം*
*കൊച്ചി 682 025*

NB: ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

# കച്ചേരി വാർത്തകൾ

മെയ് 2023

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്
2 : വി. അത്തനേഷ്യസ്
3 : വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ
5 : *ആദ്യവെള്ളി*
6 : വി. ഡൊമിനിക് സാവിയോ
7 : **ഉയിർപ്പു അഞ്ചാം ഞായർ**
മാർ അദ്ദായി
13 : വി. മത്തിയാസ് ശ്ലീഹാ (14 ഞായർ)
14 : **ഉയിർപ്പു ആറാം ഞായർ**
15 : വിളവുകളുടെ സംരക്ഷകയായ പരി. മറിയം
18 : **ന. കർത്താവിന്റെ സ്വർഗ്ഗാരോഹണം**
21 : **ഉയിർപ്പു ഏഴാം ഞായർ**
28 : **ശ്ലീഹാ ഒന്നാം ഞായർ**
പന്തക്കുസ്തതിരുനാൾ
31 : പരി. കന്യകാമറിയത്തിന്റെ സന്ദർശനം

## 2. മെയ് മാസത്തെ പരിപാടികൾ

06 : വൈദികവസ്ത്രസ്വീകരണം (02:30 pm)
8–10 : ലിവ് & ലേൺ I
15–17 : ലിവ് & ലേൺ II
18 : ആലോചനസമിതി യോഗം (10:30 am)
20 : അതിരൂപതാദിനവും മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലി ആഘോഷവും
21 : ഏയ്ഞ്ചലോസ് (02:00 pm)
28 : ഫൊറോനവികാരിമാരുടെ യോഗം (10:00 am)

### 3. ശ്ലീഹാക്കാലം

പന്തക്കുസ്താത്തിരുനാൾ തുടങ്ങിയുള്ള ഏഴ് ആഴ്ചകളാണ് ശ്ലീഹാക്കാലം എന്ന പേരിൽ അറിയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കു പ്രത്യേകമായി പ്രാധാന്യം നൽകുന്ന കാലമാണിത്. രക്ഷാചരിത്രവുമായി അഭേദ്യബന്ധം പുലർത്തുന്ന ഒരു തിരുനാളാണ് പന്തക്കുസ്ത. ഇസ്രായേൽ ജനം വിളവെടുപ്പിനോട് ബന്ധപ്പെടുത്തി പന്തക്കുസ്താ തിരുനാൾ ആഘോഷിച്ചിരുന്നതായി നാം പഴയനിമയത്തിൽ വായിക്കുന്നുണ്ട്. പന്തക്കുസ്ത എന്ന പദത്തിന്റെ അർത്ഥം അമ്പത് എന്നാണ്. അമ്പതാം ദിവസത്തെ തിരുനാൾ. വിളവെടുപ്പിനോടനുബന്ധിച്ചുള്ള ആദ്യഫലസമർപ്പണത്തിന്റെ തിരുനാളായിരുന്നു അത്. പിന്നീടാണ് ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടിപ്രകാരമുള്ള ദൈവജനമായി തീർന്നതിന്റെ ഓർമ്മയാചരണമായി ഈ തിരുനാൾ രൂപാന്തരപ്പെട്ടത്.

പുതിയ നിയമത്തിൽ ഈ തിരുനാളിനു പുതിയ അർത്ഥം നൽകപ്പെട്ടു. ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. അന്ന് പിതാവായ ദൈവം, ദൈവസ്നേഹം വ്യക്തിത്വം ധരിച്ച പരിശുദ്ധാത്മാവിൽ പുതിയ ഉടമ്പടിക്കു മുദ്രവച്ചു. ഈ ഉടമ്പടി കല്പലകകളിലല്ല, മനുഷ്യഹൃദയങ്ങളിലാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. പന്തക്കുസ്തായ്ക്കുശേഷമാണ് പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ സന്ദേശവുമായി ലോകമെങ്ങും പോവുകയും സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തത്. ശ്ലീഹാ എന്ന പദത്തിന്റെ അർത്ഥംതന്നെ അയയ്ക്കപ്പെട്ടവൻ എന്നാണ്. മാമ്മോദീസയും തൈലാഭിഷേകവും സ്വീകരിച്ച എല്ലാവരും അയയ്ക്കപ്പെട്ടവർ ആണെന്ന വസ്തുത ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

ശ്ലീഹാക്കാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച സ്വർണ്ണവെള്ളി എന്നാണ് അറിയപ്പെടുന്നത്. ഈശോയുടെ നാമത്തിൽ മുടന്തനു ലഭിച്ച സൗഖ്യം, തിരുനാമത്തിൽ ചോദിക്കുന്നതെന്തും നൽകപ്പെടും എന്ന ഉറപ്പു നൽകുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ശ്ലീഹന്മാരും ദൈവജനവുമാകുന്ന സഭയും തമ്മിലുള്ള സുദൃഢമായ ബന്ധം, ആദിമസഭയുടെ ചൈതന്യവും കൂട്ടായ്മയു, സഭയുടെ പ്രേഷിതസ്വഭാവവും ദൗത്യവും എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്തകൾ. തങ്ങളുടെ ഗുരുവിന്റെ സന്ദേശവുമായി ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ച് പുതിയ സഭാസമൂഹങ്ങൾക്ക് രൂപം കൊടുത്ത ശ്ലീഹന്മാരുടെ കൂട്ടായ്മയിലും ഐക്യത്തിലും നമുക്കും പങ്കുചേരാം. നമ്മൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണെന്ന സത്യം മുറുകെപിടിച്ചുകൊണ്ട്, അവിടുത്തെ

നിരന്തരസഹായത്താൽ നമുക്കും ശ്ലീഹന്മാരെപ്പോലെ മിശിഹായെ പ്രഘോഷിക്കാം.

**4. മാർ തൂങ്കുഴി – മെത്രാഭിഷേക ജൂബിലി**

മെത്രാഭിഷേക സുവർണ്ണ ജൂബിലി സമാപനം 2023 മെയ് 20ന് ലൂർദ്ദ് കത്തീഡ്രലിൽ വച്ച് അതിരൂപതാദിനത്തോടു കൂടി ആഘോഷിക്കുന്നു.

**5. പട്ടങ്ങൾ**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2023 മാർച്ച് 30 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2:00ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**a) മ്ശംശാനപ്പട്ടം**

| | | |
|---|---|---|
| 1. ആലപ്പാട്ട് ജിയോ | – ആമ്പക്കാട് | (മേരിമാത) |
| 2. ചൂണ്ടൽ ആൽബിൻ | – ചൂണ്ടൽ | (മേരിമാത) |
| 3. എടക്കളത്തൂർ ജിജോ | – ഒരുമനയൂർ | (മേരിമാത) |
| 4. പഴയേടത്ത് ജെയ്സൻ | – കുണ്ടുകാട് | (ആലുവ) |
| 5. പൊന്നാരി നിഥിൻ | – നെന്മണിക്കര | (മേരിമാത) |
| 6. പൊൻപറമ്പിൽ ബിജോയ് | – കുണ്ടന്നൂർ | (കോട്ടയം) |
| 7. പുത്തൂക്കര ഫ്രാൻസിസ് | – വേലൂർ | (പൂന) |
| 8. തേക്കാനത്ത് ക്രിസ്റ്റോ | – കോനിക്കര | (മേരിമാത) |
| 9. വടക്കേത്തല പ്രിജോവ് | – തലോർ | (മേരിമാത) |
| 10. വല്ലച്ചിറക്കാരൻ ഡിന്റോ | – മരിയാപുരം | (മേരിമാത) |

**b) ഹെവുപ്പദ്യാക്ക്നപ്പട്ടം**

| | | |
|---|---|---|
| 1. അക്കരപറമ്പിൽ ലിൻസൺ | – പുറനാട്ടുകര | (മേരിമാത) |
| 2. അക്കരപ്പട്ട്യേക്കൽ ജീസ് | – പുറനാട്ടുകര | (മേരിമാത) |
| 3. അക്കരപ്പട്ട്യേക്കൽ ജോഫിൻ | – ആമ്പക്കാട് | (മേരിമാത) |
| 4. ചെമ്മണ്ണൂർ ജീസ്മോൻ | – പേരകം | (മേരിമാത) |
| 5. ചെറുതാണിക്കൽ പ്രിൻസ് | – വെട്ടുക്കാട് | (മേരിമാത) |
| 6. ചെറുതാണിക്കൽ ഫ്രാങ്കോ ഫ്രോണിസ് | – വെട്ടുക്കാട് | (കോട്ടയം) |
| 7. കാട്ടിപറമ്പൻ ക്ലിൻസൺ | – പുല്ലഴി | (പൂന) |
| 8. കുന്നപ്പിള്ളിൽ തേജസ്സ് | – ഭരത | (ആലുവ) |
| 9. കുരുതുകുളങ്ങര ലിവിൻ | – മണ്ണുത്തി | (എലുരു) |
| 10. മാങ്ങൻ അജിൽ | – പെരിങ്ങോട്ടുകര | (കോട്ടയം) |

| | | | |
|---|---|---|---|
| 11. | മഞ്ഞളി ക്രിസ്റ്റോ | – കത്തീഡ്രൽ | (മേരിമാത) |
| 12. | ഒലക്കേങ്കിൽ ബ്രിൽവിൻ | – പാവറട്ടി | (കോട്ടയം) |
| 13. | പാണേങ്ങാടൻ ക്ലിന്റ് | – കരുമത്ര | (മേരിമാത) |
| 14. | പട്ട്യേക്കൽ ആൽവിൻ | – പുറനാട്ടുകര | (മേരിമാത) |
| 15. | തെക്കേക്കര ജാക്സൺ | – പുറനാട്ടുകര | (മേരിമാത) |
| 16. | ഞെരിഞ്ഞാംപിള്ളി ജോസഫ് | – പള്ളിക്കുന്ന് | (റോം) (22.04.23) |

**c) കാറോയപ്പട്ടം**

| | | | |
|---|---|---|---|
| 1. | ഐനിക്കൽ ജോബിൻ | – പെരിഞ്ചേരി | (മേരിമാത) |
| 2. | അപ്പക്കോട്ട് എഡ്വിൻ | – പഴയന്നൂർ | (ആലുവ) |
| 3. | ഐനിക്കൽ നോബിൾ | – ചിറക്കൽ | (മേരിമാത) |
| 4. | ബ്രഹ്മകുളം ജോസഫ് | – മണലൂർ കിഴക്ക് | (മേരിമാത) |
| 5. | ചാഴൂർ അമൽ | – മണലൂർ കിഴക്ക് | (കോട്ടയം) |
| 6. | എലുവത്തിങ്കൽ സാന്റിയോ | – ചെവ്വൂർ | (മേരിമാത) |
| 7. | പെല്ലിശ്ശേരി ഏക്ടൻ | – അമ്മാടം | (മേരിമാത) |
| 8. | തറയിൽ ജിജോ | – മങ്ങാട് | (മേരിമാത) |
| 9. | താഴത്ത് നിഥിൻ | – തലോർ | (മേരിമാത) |

7. **മീറ്റിംഗ് :** തൃശ്ശൂർ അതിരൂപതയിൽ വിവിധ ഇടവകകളിൽ അസ്തേന്തിയായി സേവനം ചെയ്യുന്ന സന്യസ്തവൈദികരുടെ മീറ്റിംഗ് 2023 ഏപ്രിൽ 14ന് തൃശ്ശൂർ ആർച്ച് ബിഷപ്പസ് ഹൗസിൽ വെച്ച് നടന്നു.

**8. വൈദികവസ്ത്ര സ്വീകരണം**

അതിരൂപതയ്ക്കുവേണ്ടി പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 6ന് ഉച്ചകഴിഞ്ഞ് 2:30 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

**9. ജൂബിലി ആഘോഷിക്കുന്ന വൈദികർ :** സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാ. ചിറ്റിലപ്പിള്ളി പോൾ, ഫാ. പൊറത്തൂർ നിക്കോളസ്, ഫാ. തേർമഠം ജോർജ്ജ് എന്നിവർക്കും, രജത ജൂബിലി ആഘോഷിക്കുന്ന ഫാ. കൂനംപ്ലാക്കൽ ജെയ്സൻ, ഫാ. ചാലക്കൽ സെബാസ്റ്റ്യൻ, ഫാ. ചിറ്റിലപ്പിള്ളി ജോയ് Sr., ഫാ. പുലിക്കോട്ടിൽ ജെയ്സൻ, ഫാ. വടക്കൻ ജോബ്, ഫാ. നന്തിക്കര ഇഗ്നേഷ്യസ്, ഫാ. മുണ്ടൻകുരിയൻ റെന്നി, ഫാ. കടവി ജിയോ, ഫാ. ചെറുവത്തൂർ ഡഗ്ലസ്, ഫാ. പടയാട്ടിൽ ജോബ് എന്നിവർക്കും ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**10. വൈദിക നിയമനം :**

1. ഫാ. ജോസ് പുലിക്കോട്ടിൽ – വികാരി & കപ്ലോൻ പനമുക്ക് ഒഴിവായി; സാധുത 20.03.2023 മുതൽ.
2. ഫാ. ബിനോയ് മഞ്ഞളി – വികാരി ഇൻ ചാർജ്ജ് പനമുക്ക്; സാധുത 20.03.2023 മുതൽ.
3. ഫാ. സിബി ചെറുതൊട്ടിൽ – ഡീൻ ഓഫ് ദി ഫാക്കൽറ്റി ഓഫ് ഫിലോസഫി മേരിമാത മേജർ സെമിനാരി; സാധുത 2023 ഏപ്രിൽ 1 മുതൽ
4. ഫാ. റോണി പുത്തൻവീട്ടിൽ– മേരിമാത മേജർ സെമിനാരിയിലെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവായി.
5. ഫാ. ബിനോയ് മഞ്ഞളി – വികാരി ഇൻ ചാർജ്ജ് പനമുക്ക് ഒഴിവായി; സാധുത 01.04.2023 മുതൽ.
6. ഫാ. ജസ്റ്റിൻ തേക്കാനത്ത് – നടത്തുവികാരി പനമുക്ക് & കപ്ലോൻ സി.എച്ച്.എഫ്.; സാധുത 01.04.2023 മുതൽ.
7. ഡീ. ജുബിൻ കല്ലിടയിൽ SDV – ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 01.04.2023 മുതൽ 31.08.2023
8. ഡീ. തേജസ്സ് അലക്സ് – ഡീക്കൻ മിനിസ്ട്രി അരിമ്പൂർ; സാധുത 01.04.2023 മുതൽ 31.08.2023
9. ഡീ. ഡിന്റോ വല്ലച്ചിറക്കാരൻ – ഡീക്കൻ മിനിസ്ട്രി അത്താണി; സാധുത 01.04.2023 മുതൽ 31.08.2023
10. ഡീ. പൊന്നാരി നിഥിൻ – ഡീക്കൻ മിനിസ്ട്രി ചെമ്പുക്കാവ്; സാധുത 01.04.2023 മുതൽ 31.08.2023
11. ഡീ. റിന്റോ മാരൂർ – ഡീക്കൻ മിനിസ്ട്രി വിജയപുരം; സാധുത 01.04.2023 മുതൽ 31.08.2023
12. ഡീ. ജൂഡ് വട്ടക്കുന്നേൽ – ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 01.04.2023 മുതൽ 31.08.2023
13. ഡീ. പ്രിജോവ് വടക്കേത്തല – ഡീക്കൻ മിനിസ്ട്രി ചെവ്വൂർ; സാധുത 01.04.2023 മുതൽ 31.08.2023
14. ഡീ. നെൽസൺ കളപ്പുരക്കൽ – ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയമാത; സാധുത 01.04.2023 മുതൽ 31.08.2023
15. ഡീ. ജിയോ ജോസഫ് ആലപ്പാട്ട് – ഡീക്കൻ മിനിസ്ട്രി കല്ലൂർ പടിഞ്ഞാറ്; സാധുത 01.04.2023 മുതൽ 31.08.2023
16. ഡീ. ജിബിൻ പുതിയക്കുന്നേൽ SDV – ഡീക്കൻ മിനിസ്ട്രി കുണ്ടുക്കാട്; സാധുത 01.04.2023 മുതൽ 31.08.2023
17. ഡീ. സ്റ്റീഫൻ മുടക്കൊടിയിൽ OSH – ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ;

സാധുത 01.04.2023 മുതൽ 31.08.2023

18. ഡീ. ജിജോ എടക്കളത്തൂർ – ഡീക്കൻ മിനിസ്ട്രി മരത്താക്കര; സാധുത 01.04.2023 മുതൽ 31.08.2023
19. ഡീ. ടിബിൻ കരോട്ടുപുള്ളുവെളിപാറയിൽ – ഡീക്കൻ മിനിസ്ട്രി ഒളരിക്കര; സാധുത 01.04.2023 മുതൽ 31.08.2023
20. ഡീ. അനറ്റ് കൊച്ചുമലയിൽ – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 01.04.2023 മുതൽ 31.08.2023
21. ഡീ. എഡിസൺ ആറ്റുപുറത്ത് MSJ – ഡീക്കൻ മിനിസ്ട്രി പീച്ചി; സാധുത 01.04.2023 മുതൽ 31.08.2023
22. ഡീ. ക്രിസ്റ്റോ തേക്കാനത്ത് – ഡീക്കൻ മിനിസ്ട്രി പൊങ്ങണംകാട്; സാധുത 01.04.2023 മുതൽ 31.08.2023
23. ഡീ. ആൽബിൻ ചൂണ്ടൽ – ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 01.04.2023 മുതൽ 31.08.2023

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

**2023 MAY Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | | Jubilee celebrations of Mar Jacob Thoomkuzhy at Manandavady |
| 02 | Tue | Morning | Formators' Meeting at Archbishop's House |
| 02-08 | | | Visit to Rome |
| 09-12 | | | CBCI Standing Committee @ Bangalore |
| 13 | Sat | Morning | Lux Dominus symposium by LOAF<br>Advocates Forum general body |
| | | Afternoon | Platinum Jubilee of MMB Congregation at Mariapuram |
| 14 | Sun | | Meeting of Charismatic Leaders at Christeen, Kottayam |
| 15 | Mon | Morning | Holy Mass: FCC Provincial Plenary Assembly. |
| 18 | Thu | Morning | Baptism of 5th Child at Arimpur<br>Consultors' Meeting |
| 19 | Fri | Evening | JMMC Trust meeting |
| 20 | Sat | | Archdiocesan Day at Lourdes and Jubilee of Mar Jacob Thoomkuzhy |
| 21 | Sun | Morning | Platinum Jubilee Celebration of St. Vincent De Paul Society at Kuriachira |
| | | Afternoon | Angelos at Lourdes Cathedral |
| 22 | Mon | Morning | Baptism of 7th Child at Ponnukkara |
| 25 | Thu | Afternoon | Retreat for Catechism Teachers at DBCLC |
| 26 | Fri | Morning | Meeting of Forane Vicars |
| | | Evening | Meeting with Marymatha Major Seminary Staff |
| 28 | Sun | Afternoon | Big Family Gathering |
| 31 | Wed | Afternoon | Blessing of new convent: Medical Sisters of St. Joseph at Kurumal |

# ENGAGEMENTS

**2023 MAY Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 03 | Wed | Morning | Altar Blessing @ Phillippinery Convent Karamuck |
| | | | Mariapuram MMB Provincial House Golden and Silver Jubilee Inauguration |
| | | Evening | Blessing of the Renovated Hospital of SABS sisters @ Velupadam |
| 04 | Thu | Morning | Holy Mass @ Mulayam Novitiate House |
| | | | Holy Mass @ Queen Mary Chiyyaram |
| ` | | Afternoon | Silver Jubilee @ SMC Cheroor |
| 05 | Fri | Morning | Holy Mass @ Minor Seminary Kakkanad |
| 06 | Sat | Morning | First Holy Communion @ Erumapetty |
| | | Afternoon | Vestition |
| | | Evening | Kodiettam @ Parappukkara |
| 07 | Sun | Morning | First Holy Communion @ Chazhur |
| 08 | Mon | Morning | Fourth Child Baptism @ Pallikkunnu |
| | | | Live & Learn Day 1 |
| 09 | Tue | | Live & Learn Day 2 |
| 10 | Wed | Morning | Fourth Child Baptism @ St. Ann's |
| | | | Live & Learn Day 3 |
| 11 | Thu | Morning | For Priest anfd Religious |
| 12 | Fri | Evening | Visitors Time |
| 13 | Sat | Morning | Golden Jubilee @ CMC Pavaratty |
| | | Afternoon | LOAFSymposium @ Family Apostolate |
| | | | Samarpitha Sangamam @ Lourdes Cathedral |
| | | Evening | Vacation Camp @ DBCLC |
| 14 | Sun | Afternoon | Navadambadi sangamam @ Family Apostolate |
| | | Evening | Golden Jubilee Celebration @ Chottupara |

| | | | |
|---|---|---|---|
| 15 | Mon | All Day | Live & Learn Day 1 |
| 16 | Tue | Morning | Holy Mass @ Asissi Provincvial House |
| | | | Live & Learn Day 2 |
| 17 | Wed | All Day | Live & Learn Day 3 |
| 18 | Thu | Morning | Consultors' Meeting |
| 19 | Fri | Morning | Holy Mass @ Animation Centre |
| | | Evening | St. Thomas College Trust Meeting |
| | | | Jubilee Trust Meeting |
| 20 | Sat | All Day | Archdiocesan Day & Jubilee of Mar Jacob Thoomkuzhy |
| 21 | Sun | Morning | Holy Mass @ Kuriachira |
| | | | Ending of Platinum Jubilee of St. Vincent de Paul Society |
| 21-31 | | | Melbourne |

# നാളാഗമം

**മാർച്ച് 2023**

2. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് എഫ്. എ. ബി. സി. യുടെ ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു. തുടർന്ന് ഫെബ്രുവരിയിൽ സ്ഥലം മാറ്റം ലഭിച്ച വൈദികർക്കുള്ള യോഗം ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു.
3. അതിരൂപതാ കോർപ്പറേറ്റ് എജ്യൂകേഷണൽ ഏജൻസിയുടെ നേതൃത്വത്തിൽ ഈ വർഷം നമ്മുടെ സ്ഥാപനങ്ങളിൽനിന്നും വിരമിക്കുന്നവർക്ക് ഡി. ബി. സി. എൽ. സി.യിൽവച്ച് നൽകിയ യാത്രയയപ്പ് യോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ച് അവരെ അനുമോദിക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് നന്ദി പറയുകയും ചെയ്തു. വൈകീട്ട് അതിരൂപതാ സാമ്പത്തികഉപദേശകസമിതി യോഗത്തിലും സംബന്ധിച്ചു.
4. ഉച്ചകഴിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽവച്ച് നടന്ന കൈക്കാരൻമാരുടെയും കണക്കെഴുത്തുകാരുടെയും യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.
12. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് നെടുപുഴയിൽ ദർശന സമൂഹത്തിന്റെ അതിരൂപതാതല വർഷികത്തിൽ ദിവ്യബലിയർപ്പിച്ചു. കെ.സി.വൈ.എം., കത്തോലിക്കാ യൂണിയൻ എന്നീ സംഘടനകളുടെ ഗോൾഡൻ ജൂബിലി വാർഷികത്തിൽ പങ്കെടുത്തു. പുല്ലഴി മെന്റൽ ഹോം സന്ദർശിച്ചു. ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് നടത്തിയ deaf & dumb സംഗമത്തിൽ പങ്കെടുത്തു. യാക്കോ

ബായ തൃശൂർ ഭദ്രാസനത്തിന്റെ ജൂബിലി വാർഷിക സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

13. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കക്കുകളി നാടകത്തിന് എതിരെയുള്ള പ്രതിഷേധ റാലിയിൽ പങ്കെടുത്തു.

15. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് മേരിമാത മേജർ സെമിനാരിയിലെ സ്റ്റാഫ് മീറ്റിംങ്ങിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പാലയൂരിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

16. രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന ഉപദേശകസമിതി യോഗത്തിലും, ഉച്ചകഴിഞ്ഞ് അതിരൂപതാ വൈദികസമിതി യോഗത്തിലും അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു. വൈകീട്ട് ദീപികയുടെ ഓൺലൈൻ അപ്പെക്സ് ബോർഡ് മീറ്റിംങ്ങിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ സെമിനാരിയിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

17. അതിരൂപതാ കാര്യാലയത്തിലേക്കും മെത്രാപ്പോലീത്തൻ കോടതിയിലേക്കും പുതുതായി നിയമിതരായ നോട്ടറിമാർ അഭിവന്ദ്യ താഴത്തുപിതാവിന്റെ മുമ്പിൽ പ്രതിജ്ഞ ചൊല്ലി ഉത്തരവാദിത്വം ഏറ്റെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജിൽ റിട്ടയർമെന്റ് മീറ്റിംഗിൽ പങ്കെടുത്തു. തൃശ്ശൂർ റൗണ്ടിൽ ആകാശ പറവകളുടെ സഹോദരന്മാർ നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്ത് സമാപന സന്ദേശം നൽകി.

18. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് അരണാട്ടുകരയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. ഡി.ബി.സി.എൽ.സിയിൽ ആദ്യകുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അധ്യാപകരുടെ ക്ലാസ്സിൽ പങ്കെടുത്ത് സംസാരിച്ചു.

19. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂർ ഇടവകയിൽ 40 മണിക്കൂർ ആരാധാന സമാപന ദിവ്യബലിയർപ്പിച്ചു.

20. സ്ഥലം മാറിപ്പോകുന്ന തൃശ്ശൂർ കളക്ടർ ശ്രീമതി ഹരിത അതിരൂപതാ കേന്ദ്രത്തിലെത്തി അഭിവന്ദ്യ പിതാക്കൻമാരെ സന്ദർശിച്ചു.

22. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ചങ്ങനാശ്ശേരിയിൽ അദിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

23. ഫൊറോന വികാരിമാരുടെ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് പോണ്ടിച്ചേരി ബിഷപ്പ് റൈറ്റ്. റവ. ഫ്രാൻസിസ് കലിസ്റ്റ് അതിരൂപതാ കേന്ദ്രം സന്ദർശിച്ചു. വൈകീട്ട് ജൂബിലി ട്രസ്റ്റ് മീറ്റിംങ്ങിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ

ടോണി നീലങ്കാവിൽ പിതാവ് എങ്ങണ്ടിയൂരിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. ഫാ. ജോസ് വട്ടകുഴിയുടെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

25. അതിരൂപതയിലെ എന്റർപ്രെണേഴ്സ് ഫോറം യോഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പെരിഞ്ചേരിയിൽ നാലാമത്തെയും അഞ്ചാമത്തെയും കുട്ടികളുടെ മാമ്മോദീസ നടത്തി. ഒളരിയിൽ സി. അസംപ്റ്റയുടെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ദീപികയുടെ 136–ാം വാർഷികത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ഫാ. ബിജു ആലപ്പാട്ടിന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

26. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് പാലയൂർ മഹാതീർത്ഥാടനത്തിൽ പങ്കെടുത്തു.

28. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് എറവ് പള്ളിയിൽ Sisters of the Charity of St. Vincent Convent - ന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു. പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ മരണ വാർഷിക ദിവ്യബലി അരണാട്ടുകരയിൽ അർപ്പിച്ചു.


29. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കുണ്ടന്നൂർ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. വിയ്യൂരിൽ സാന്ത്വനത്തിന്റെ ഭവനം വെഞ്ചിരിച്ചു നൽകി.

30. കാച്ചേരിയിലുള്ള സെന്റ് മേരീസ് ഐ. ടി. ഐ. യിലെ നവീകരിച്ച പ്രവർത്തനശാലകൾ അഭിവന്ദ്യ താഴത്ത് പിതാവ് ആശീർവദിച്ചു. ഉച്ച കഴിഞ്ഞ് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് തൃശ്ശൂർ അതിരൂപതയ്ക്കും മറ്റ് സന്യാസസഭകൾക്കുംവേണ്ടി മേജർ സെമിനാരികളിൽ പഠിക്കുന്ന ദൈവശാസ്ത്രവിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടവും ചെറുപട്ടങ്ങളും നൽകി.

31. പുതുതായി തൃശ്ശൂർ കളക്ടറായി നിയമിതനായ ശ്രീ. കൃഷ്ണതേജ രാവിലെ അതിരൂപതാ കേന്ദ്രത്തിലെത്തി അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽവച്ച് മേരിമാത മേജർ സെമിനാരിയിലെ എക്സിക്യൂട്ടിവ് യോഗം അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടന്നു. വൈകീട്ട് പുതുക്കാട് ഇടവകയിൽ സംഘടിപ്പിച്ച പോപ്പുലർ മിഷൻ ധ്യാനത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ച് വചനസന്ദേശം നൽകി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ലൂർദ്ദ് കത്തീഡ്രൽ സ്ക്കൂളിന്റെ ശതാബ്ദി വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

“മെയ് മാസം :– എല്ലാ ദിവസവും സായാഹനത്തിൽ നവമായ പുഷ്പങ്ങൾ മാതാവിന് സമർപ്പിക്കുക, മാതാവിനെപ്പറ്റി ധ്യാനിക്കുക, എന്റെ അമ്മയോട് ഇടക്കിടക്ക് സംഭാഷണം നടത്തുക, അവളെപ്പറ്റി വായിക്കുക, സംസാരിക്കുക, വിശ്വാസമർപ്പിക്കുക, അങ്ങനെ അവളുടെ സ്നേഹത്തിൽ വളരുക” മരിയഭക്തനായിരുന്ന ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മെയ് മാസ ചിന്തയാണിത്. കേവലം രണ്ടര വയസ്സ് മാത്രം ഉണ്ടായിരുന്നപ്പോൾ തന്റെ അമ്മ ഈ ലോകത്തിൽനിന്നും വിടപറഞ്ഞത്, സ്വർഗ്ഗീയ മാതാവിനെ അമ്മയായി സ്വീകരിക്കാൻ ഊക്കനച്ചനെ സഹായിച്ചു. അങ്ങനെ കരുണാർദ്രസ്നേഹവും ശക്തിയും നിറഞ്ഞവളാണ് പരി. അമ്മയെന്ന് തിരിച്ചറിഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ എഴുതി “മറിയം നമ്മുടെ കാര്യമേ



റ്റെടുക്കുകയാണെങ്കിൽ അത് വിജയിക്കും. അതുകൊണ്ട് ദുർബലരായ മനുഷ്യരെ ആഹ്ലാദിക്കുക". ഈ ആനന്ദനിറവിൽ തിരുസ്സഭാമാതാവിനെ സഹായിക്കുന്നതിലും  മറിയം അഗ്രഗണ്യയാണെന്ന് ഊക്കനച്ചൻ കണ്ടെത്തി. "തിരുസ്സഭയെ നയിക്കുന്നതിനും ശത്രുക്കളുടെ കെണികളിൽനിന്ന് സംരക്ഷിക്കുന്നതിനുമായി തിരുസ്സഭയുടെ മധ്യസ്ഥയും സംരക്ഷകയുമെന്ന പദവികൾ നൽകി നമ്മുടെ കർത്താവ് മറിയത്തെ അലങ്കരിച്ചു. ഒരു അമ്മയുടെ കരുണാർദ്രമായ സ്നേഹത്തോടെ മറിയം തിരുസ്സഭയെ സംരക്ഷിക്കുന്നു. വിവിധ സന്യാസസമൂഹങ്ങളുടെ സ്ഥാപകരെല്ലാം അതിനാൽത്തന്നെ തങ്ങളുടെ സമൂഹങ്ങളെ മാതാവിന്റെ സംരക്ഷണത്തിന് സമർപ്പിക്കുന്നു." ഈ ഉറപ്പുള്ളതുകൊണ്ടാണ് ഊക്കനെച്ചൻ തന്നിലൂടെ സ്ഥാപിതമായ ചാരിറ്റി സന്യാസിനീസമൂഹത്തിന്റെ സ്ഥാപനത്തിന് കാണിക്കമാതാവിന്റെ തിരുനാൾദിനമായ നവംബർ 21 തെരഞ്ഞെടുത്തതും തന്റെ പുത്രിമാരെ മാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ചതും.


നിത്യസഹായികയായ പരി. അമ്മ നമ്മെ സംരക്ഷിക്കുകയും നമുക്ക് ഉത്തമദാനങ്ങൾ നൽകുകയും  ചെയ്യുന്നതിൽ ഊക്കനച്ചന്റെ പ്രാർത്ഥന ഇങ്ങനെയായിരുന്നു. "അമ്മേ, അങ്ങയുടെ കാപ്പ വിരിച്ചുപിടിച്ചു സാധിക്കുന്നത്രയും ആത്മാക്കളെ സാത്താന്റെ ശക്തിയിൽനിന്നും സംരക്ഷിക്കണമെയെന്നും  ഞാൻ അമ്മയോടപേക്ഷിക്കുന്നു." എന്നിട്ടും സ്നേഹിച്ചു തീരാതെ ഊക്കനച്ചൻ പറയുകയാണ്: "പുത്രനിർവ്വിശേഷമായ  സ്നേഹത്തോടെ മറിയത്തെ കൂടുതൽ കൂടുതൽ അറിയുന്നതിനും സ്നേഹിക്കുന്നതിനുമുള്ള അനുഗ്രഹം യാചിക്കുക". മാധുര്യമുള്ള ഈ അമ്മ എല്ലാവരാലും അറിയപ്പെടുവാനും  സ്നേഹിക്കപ്പെടുവാനും യേശുവെ ഇടവരുത്തണമെ എന്ന പ്രാർത്ഥനയോടെയാണ് ഊക്കനച്ചൻ  തന്റെ  ഒരു ധ്യാനം അവസാനിപ്പിക്കുന്നതും. നമുക്കും ഈ മാതൃവത്സലന്റെ പാതയെ അനുകരിക്കാം... അമ്മയെ സ്നേഹിക്കാം.

നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

അന്തോണിയച്ചന്റെ നോമ്പുകാല സന്ദേശത്തിന്റെ തുടർന്നുള്ള ഭാഗത്ത് പരോപകാര പ്രവർത്തനവും നീതിപൂർണ്ണമായ ജീവിതവും എടുത്തുപറയുന്നു.

ഈ സന്ദേശത്തിൽ ചൂണ്ടിക്കാണിച്ച നല്ല മാതൃകകളിൽ നിന്ന് നമ്മുടെ പ്രവർത്തികൾ എത്ര വിദൂരമാണ് എന്ന് അച്ചൻ ഓർക്കുന്നു. ഏകജാതിയിൽപെട്ട പുഷ്പങ്ങൾ ഏകകാലത്തിൽ പുഷ്പിക്കയും ഫലം തരുകയും ചെയ്യുന്നു. ഭൂമിയിൽ ഇടപ്പെട്ട വിത്ത് മുളച്ചുപൊങ്ങുന്നതിനോടൊപ്പം പത്തായത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നവയും മുളക്കുന്നു. എന്നാൽ ഏകശരീരത്തിലെ വിവിധ അവയവങ്ങളെപ്പോലെ മിശിഹായിൽ ഏക ശരീരവും അതിൽ അന്യോന്യം സംബന്ധിക്കപ്പെട്ട അംഗങ്ങളുമായ നാം നമ്മുടെ ദുഃഖസന്തോഷങ്ങളിൽ അന്യോന്യം പങ്കു കൊള്ളുന്നതിന് എത്ര വിമുഖത കാണിക്കുന്നു. ഇതര ക്രിസ്തീയ ദേശങ്ങളിൽ സാധുസംരക്ഷണ സ്ഥാപനങ്ങൾ നിരവധിയാണ്. അനാഥരായ പൈതങ്ങൾ ക്കും ബന്ധുമിത്രരഹിതരായ വയോവൃദ്ധന്മാർക്കും വേണ്ട ആതുരശാലകളും രോഗികൾക്കും ചിത്തഭ്രമമുള്ളവർക്കും ആശുപത്രികളും ദരിദ്രരായ ബാലബാലികാമാർക്കുള്ള വിദ്യാഭ്യാസ ശാലകളും മറ്റിതര ധർമ്മ സ്ഥാപനങ്ങളും അനേകമുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള പരോപകാര മേഖലയിൽ കണ്ടുവരുന്ന അനാസ്ഥ കേവലം ശോചനീയമാണ്. പർവ്വത മുടിയിൽ വർഷിക്കുന്ന ജലം താഴ്വാര പ്രദേശങ്ങളിലൊക്കെ പ്രവേശിച്ച് അവയെ ഫലഭൂയിഷ്ടമാക്കുന്നപോലെ ധനവാ



ന്മാർ തങ്ങളുടെ ധനസമൃദ്ധികൊണ്ട് സാധുസംരക്ഷണത്തിന് കടപ്പെട്ട വരാണ് എന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു.

കുരിശിൽ നിന്നു പഠിക്കേണ്ട മറ്റൊരു പാഠം ദൈവനീതിയുടെ കാഠിന്യമാണ്. ആദത്തിന്റെ ദീർഘമായ തപസ്സും ബന്ധനവാസവും ഭൂമുഖത്തെ പാടെ നശിപ്പിച്ചു. ജലപ്രളയവും അഞ്ചു പട്ടണങ്ങളെ ഒന്നായി ദഹിപ്പിച്ച അഗ്നിവർഷവും പോലും ആദത്തിന്റെ ഏക പാപത്തിന് മതിയായ പരിഹാരമായില്ല. ഇത് എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ എനിക്ക് പ്രസാദമായിരിക്കുന്നു എന്ന് പിതാവിനാൽ അനുമോദിക്കപ്പെട്ട ആ സുതനെ തന്നെ ഈ പാപത്തിന് ബലിയായി ദൈവം ആവശ്യപ്പെട്ടു. എന്നാൽ മിശിഹായെ അനുകരിക്കേണ്ടവരായ ക്രൈസ്തവരുടെ ജീവിതം നോക്കിയാൽ ബലം അത്രെ നീതി എന്ന് തോന്നിപ്പോകും. കാര്യസാദ്ധ്യത്തിനായി അനീതിയായ മാർഗ്ഗങ്ങളെ പ്രയോഗിക്കുന്നതിൽ ഇവർക്കശേഷം ഭയമില്ല. ഇങ്ങനെയുള്ളവർ ലോകത്തിൽ വിജയികളായി പ്രത്യക്ഷപ്പെട്ടേക്കാം. ധനവർദ്ധനയുള്ളവരായി ഭവിച്ചേക്കാം. എത്ര കള്ളാധാര നിർമ്മാണങ്ങൾ! എത്ര വസ്തു കൈയ്യേറ്റങ്ങൾ! ദൈവനാമത്തിൽ ശപഥം ചെയ്തു പറയപ്പെടുന്ന എത്ര കള്ള സാക്ഷികൾ! എന്നു വേണ്ട എത്ര കളവുകൾ! അധിക പലിശകളും അധിക ലാഭങ്ങളും! എന്നാൽ കൈസറിനുള്ളത് കൈസറിന് എന്ന ദിവ്യരക്ഷകന്റെ ധർമ്മോപദേശത്തെയും വസ്തു തന്നുടെ ഉടമസ്ഥനെ വിളിക്കുന്നു എന്ന തത്വശാസ്ത്ര പ്രബോധനത്തെയും ഇവർ എങ്ങനെ വിട്ടൊഴിയും! നാം സംബന്ധിക്കുന്ന പരിശുദ്ധമായ പൂജയുടെ ആരംഭത്തിൽ ചൊല്ലുന്ന ദാവീദിന്റെ സങ്കീർത്തനം ഈ സന്ദർഭത്തിൽ സ്മരണീയമെന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു. കർത്താവേ നിന്റെ കൂടാരത്തിൽ ആർ പാർക്കും? നിന്റെ പരിശുദ്ധ മലയിൽ ആർ വസിക്കും? നിർമ്മലനായി നടന്ന് നീതി പ്രവർത്തിക്കുകയും തന്റെ ഹൃദയം കൊണ്ട് സത്യം സംസാരിക്കുകയും തന്റെ നാവുകൊണ്ട് വ്യാജം പറയാതിരിക്കുകയും ചെയ്യുന്നവനും തന്റെ കൂട്ടുകാരനോട് ദോഷം ചെയ്യാത്തവനും തന്റെ അയല്ക്കാരന് വിരോധമായി കൈക്കൂലി വാങ്ങാത്തവനും കള്ള സാക്ഷി പറയാത്തവനും തന്റെ പണം അധിക പലിശക്കു കെടുക്കാത്തവനും നീതിമാന് വിരോധമായി കൈക്കൂലി വാങ്ങാത്തവനും – ഇവ ചെയ്യുന്നവൻ നീതിമാനാകുന്നു. അവനൊരുനാളും ഇളക്കമുണ്ടാകുകയില്ല എന്ന് തിരുവചനം ഉദ്ധരിച്ച് അച്ചൻ വ്യക്തമാക്കുന്നു.

മറ്റുള്ളവർക്ക് നമ്മളാലാവുംവിധം നന്മ ചെയ്യുവാനും ക്രൈസ്തവതത്ത്വങ്ങൾക്കനുസരിച്ച് നീതിനിഷ്ഠയുള്ള ഒരു ജീവിതം നയിക്കാനും നമുക്കു പരിശ്രമിക്കാം.

**ഫാ. പോൾ പുളിക്കൻ**, വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 07 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. ആന്റണി മേനാച്ചേരി | 10 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. അനുവിൻ താണിക്കൽ | 11 |
| ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ | 12 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 19 |
| ഫാ. ജോമോൻ താണിക്കൽ | 19 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. വിനോയ് വാഴപ്പിള്ളി | 21 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 23 |
| ഫാ. മേജോ മുത്തുപ്പീടിക | 24 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. സാവിയോ (ടിന്റോ) തലോണിക്കര | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. എരിഞ്ഞേരി മാർസിലിനോസ് | 12.05.1892 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09.05.1929 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07.05.1933 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10.05.1936 |
| ഫാ. ആലപ്പാട്ട് ജോൺ | 07.05.1944 |
| മോൺ. എടക്കളത്തൂർ മാത്യു | 20.05.1947 |
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16.05.1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25.05.1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27.05.1958 |
| ഫാ. അക്കര ജോൺ | 09.05.1963 |
| ഫാ. അറക്കൽ ജേക്കബ് | 13.05.1965 |
| ഫാ. പാറനിലം ജോസഫ് | 29.05.1970 |

| | |
|---|---|
| ഫാ. വടക്കൂട്ട് ജേക്കബ് | 19.05.1971 |
| ഫാ. താണിക്കൽ മാത്യു | 13.05.1972 |
| ഫാ. തെക്കിനിയത്ത് ആന്റണി Sr. | 05.05.1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10.05.1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20.05.1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10.05.1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15.05.1989 |
| ഫാ. മഞ്ഞളി പോൾ Sr. | 11.05.1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31.05.1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23.05.1999 |
| ഫാ. ആളൂർ ജെയിംസ് | 17.05.2009 |
| ഫാ. പുലിക്കോട്ടിൽ ജേക്കബ് | 13.05.2010 |
| ഫാ. പുതുശ്ശേരി പോൾ | 18.05.2011 |
| ഫാ. കൂള ആന്റോ | 13.05.2016 |
| ഫാ. തട്ടിൽ ബർണാർഡ് | 01.05.2021 |
| ഫാ. തെക്കേക്കര ജോസ് Sr. | 01.05.2021 |
| ഫാ. അക്കര ജോർജ്ജ് Msgr. | 02.05.2021 |
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 18.05.2021 |
| ഫാ. സിൻസൺ എടക്കളത്തൂർ | 28.05.2021 |
| ഫാ. മാത്യു പേരാമംഗലത്ത് | 29.05.2021 |
| ഫാ. ചിറയത്ത് ഷാജു | 08.05.2022 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**മാർച്ച്**

**എം. എം. ബി.**

മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വിവിധ ആശുപത്രികളിൽ നടത്തുന്ന സൗജന്യ ഡയാലിസിസ് പദ്ധതിയുടെ ഉദ്ഘാടനം ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ ആശുപത്രിയിൽ വച്ച് തൃശൂർ കോർപ്പറേഷൻ മേയർ ശ്രീ. എം. കെ. വർഗ്ഗീസ് നിർവ്വഹിച്ചു. എം.എം.ബി. സുപ്പീരിയർ ജനറൽ വെരി റവ. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെന്റ് തോമസ് പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. ബ്രദർ ജോസ് ചുങ്കത്ത് ആമുഖ പ്രഭാഷണം നടത്തി.

**സി. എച്ച്. എഫ്. നവജ്യോതി പ്രോവിൻസ്**

നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ റവ.ഫാ.ബിജിൽ ചക്യാത്തിന്റെ നേതൃത്വത്തിൽ വാർഷികധ്യാനം നടത്തി. വല്ലച്ചിറ ഹോളി ഫാമലി സ്പെഷ്യൽ സ്കൂളിന്റെ പത്താം വാർഷികാഘോഷ പരിപാടികളിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസും പ്രൊവിൻഷ്യൽ കൗൺസിലർ സി. ലീന തെരേസും സംബന്ധിച്ചു. നവജ്യോതി പ്രോവിൻസിലെ ജൂനിയർ സിസ്റ്റേഴ്സിന് മാർച്ച് 10,11,12 തിയ്യതികളിൽ ജൂനിയേഴ്സ് കോഴ്സ് നടത്തി. ഗുരുവായൂർ നഗര

സഭയുടെ സർഗ്ഗോത്സവത്തിന്റെ ഭാഗമായി അരങ്ങേറിയ കക്കുകളി എന്ന നാടകത്തിലൂടെ സമർപ്പിതരെ അടച്ചാക്ഷേപിക്കുകയും തരം താഴ്ത്തി അവഹേളിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ കെ.സി. ബി.സി.യുടേയും തൃശ്ശൂർ അതിരൂപതയുടേയും വോയ്സ് ഓഫ് നൺസിന്റേയും നേതൃത്വത്തിൽ വെസ്റ്റ് ഫോർട്ട് സെന്റ് ആൻസ് ഇടവകയിൽ നിന്നും അയ്യന്തോൾ കളക്ട്രേറ്റിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ മാർച്ച് 18,19 തിയ്യതികളിലായി 40 മണിക്കൂർ ആരാധന നടത്തി. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസ് കാച്ചേരി മറിയം ത്രേസ്യ സേവ സദൻ, ഏനാമാവ് ഹോളി ഫാമലി, പാറന്നൂർ ഹോളി ഫാമലി, തൃശ്ശൂർ മരീന ഹോം, എന്നിവിടങ്ങളിൽ കാനോനിക സന്ദർശനം നടത്തി. പ്രൊവിൻഷ്യൽ കൗൺസിലിന്റേയും ജനറൽ സിനാക്സിസ് മെമ്പേഴ്സിന്റേയും മീറ്റിങ്ങ് മാർച്ച് 31,ഏപ്രിൽ 1,2 എന്നീ തിയ്യതികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസിന്റെ നേതൃത്വത്തിൽ നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ നടത്തപ്പെട്ടു. ഏപ്രിൽ 3,4 തിയ്യതികളിലായി ഒളരിക്കര ലിറ്റിൽ ഫ്ളവർ സ്ക്കൂളിൽ 7,8,9,10,11,12, ഡിഗ്രി വിദ്യാർത്ഥകൾക്കായി ദൈവവിളി ക്യാമ്പ് നടത്തി. നവജ്യോതി പ്രോവിൻസിന്റെ കീഴിലുള്ള സ്കൂളുകളിൽ പഠിപ്പിക്കുന്ന ടീച്ചേഴ്സി നും നോൺ ടീച്ചിങ്ങ് സ്റ്റാഫിനും ഏപ്രിൽ 3,4,5 തിയ്യതികളിലായി നവ ജ്യോതി പ്രൊവിൻഷ്യലേറ്റിൽ ധ്യാനം നടത്തി. റവ. ഫാ.സിജോ അരിക്കാട്ടും ടീമും ധ്യാനത്തിന് നേതൃത്വം നൽകി.

**എഫ്.സി.സി.**

മാർച്ച് 2–ാം തീയതി ഈ വർഷം നിത്യവ്രതം ചെയ്യുന്ന 13 ജൂനിയർ സിസ്റ്റേഴ്സ് നിത്യവ്രതത്തിനൊരുക്കമായ കോഴ്സിൽ സംബന്ധിക്കുന്നതിനായി ആലുവ ജനറലേറ്റിലേക്ക് പോയി. തൃശ്ശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടത്തിയ ഹെൽത്ത് ഫ്രട്ടേണിറ്റി മീറ്റിംഗിൽ ഹെൽത്ത് ഫ്രട്ടേണിറ്റി അംഗങ്ങൾ സംബന്ധിച്ചു. അന്നേ ദിവസം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ നടന്ന പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിൽ മീറ്റിംഗിൽ പ്ലീനറി കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. കണ്ണാറ ക്ലെയർ ജ്യോതി കോൺവെന്റിന്റെ കീഴിലുള്ള ജയ് ക്രിസ്റ്റോ സദൻ സ്കൂളിന്റെ വർഷികദിനാഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരി, സി. ഫോൺസി മരിയ എന്നിവർ പങ്കെടുത്തു. കുടുംബങ്ങൾക്കുള്ള ഉപജീവനമാർഗ്ഗമെന്ന നിലയിൽ സാമൂഹ്യ സേവനത്തിന്റെ ഭാഗമായി നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ്

ഹൈസ്കൂളിൽ വച്ച് 10 കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ ദാനം ചെയ്യുന്ന ചടങ്ങിൽ റവ. ഫാ. ലിൻസൺ തട്ടിൽ ഓട്ടോറിക്ഷയുടെ വെഞ്ചിരിപ്പ് നടത്തുകയും പ്രൊവിൻഷ്യൽ സുപ്പീരിയർ ബ.സി. ലിറ്റിൽ മേരി ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ലോക്കൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് അസ്സീസിയിൽ വച്ച് നടന്നു. ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന തൃശ്ശൂർ അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ വാർഷിക സമ്മേളനത്തിൽ വച്ച് Teacher's guild ന്റെ best teacher നുള്ള Award സി. നാൻസി മരിയ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിൽ നിന്നും ഏറ്റു വാങ്ങി. അസ്സീസിയിൽ വച്ച് 1996 മുതൽ 2006 ബാച്ച് വരെയുള്ള സിസറ്റേഴ്സിനായി വോയ്സ് ഓഫ് നൺസ് സംഘടനയുടെ PRO ആയി സേവനം ചെയ്യുന്ന സി. ജോസിയ എസ് ഡി യുടെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി. സമൂഹശാക്തീകരണവർഷത്തിനോടനുബന്ധിച്ച് അസ്സീസിപ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജനറൽ കൗൺസിലർ സി. ജോസിയ എഫ് സി സി യുടെ നേതൃത്വത്തിൽ നടത്തിയ ക്ലാസിൽ തൃശ്ശൂർ, ഇരിഞ്ഞാലക്കുട, പാലക്കാട് എന്നീ പ്രോവിൻസുകളിലെ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് പങ്കെടുത്തു. ചേർപ്പ് നിർമ്മല കോൺവെന്റിൽ വച്ച് ഉപവാസപ്രാർത്ഥനാ സമ്മേളനനം നടത്തി. തിരൂർ സിയോൻ എഫ് സി റിന്യൂവൽ സെന്ററിൽ വച്ച് നടന്ന നിയമാവലി ധ്യാനത്തിൽ 53 സിസ്റ്റേഴ്സ് പങ്കെടുത്തു. 30–ാം തീയതി തിരൂർ സിയോൻ എഫ് സി റിന്യൂവൽ സെന്ററിൽ വച്ച് കുട്ടികൾക്കായുള്ള വചനാമൃതധ്യാനം നടത്തി. മാർച്ച് മാസത്തിൽ തിരൂർ സിയോൺ റിന്യുവൽ സെന്റർ, പെരിഞ്ചേരി ക്രൈസ്റ്റ് കിംഗ്, ചേർപ്പ് ലൂർദ്ദ് മാതാ, നിർമ്മല, പെരുമ്പിള്ളിശ്ശേരി സെന്റ് റീത്താസ്, വെങ്ങിണിശ്ശേരി പി. എച്ച്, അൽവേർണിയ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി ലിറ്റിൽ മേരി കാനോനിക സന്ദർശനം നടത്തി.

**സി.എസ്.എം ലൂർദ്നാഥ പ്രോവിൻസ്**

മാർച്ച് 1–ാം തിയ്യതി ഗോൾഡൻ ജൂബിലി ബാച്ച് ഒരു മാസത്തെ പ്രാർത്ഥനയ്ക്കായി പരിയാരം CSR ലേക്ക് പോയി. മാർച്ച് 5–ാം തിയ്യതി ജൂനിയർ സിസ്റ്റേഴ്സ് വ്രതവാഗ്ദാനം നടത്തി. പ്രൊവിൻഷ്യൽ സി. ജിയോ മരിയ അമേരിക്കയിലെ കമ്മ്യൂണിറ്റികൾ സന്ദർശിച്ചു. തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച കക്കുകളി നാടകത്തിനെതിരായി പ്രതിഷേധത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. മാർച്ച് 31 മുതൽ ഏപ്രിൽ 3 വരെ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് വൊക്കേഷൻ ക്യാമ്പ് നടത്തി.

**സി. എസ്.സി.**

ഫോർമേഷന്റെ വിവിധ കാലഘട്ടങ്ങളിലായിരിക്കുന്ന അർത്ഥിനികൾക്കായി ഒരു ദിവസത്തെ പ്രോഗ്രാം 17.03.2023 ന് മരിയ ഭവൻ ജനറലേറ്റിൽ വച്ച് നടത്തി. മാർച്ച് 10ന് വൈകീട്ട് 7.00 മുതൽ 10.00 വരെ എല്ലാ അസിസ്റ്റന്റ് സുപ്പീരിയേഴ്സിനും ജൂനിയർ സിസ്റ്റേഴ്സിനുമായി ബഹു. ഫാ. ജെയ്സൻ ഇടശ്ശേരി ക്ലാസ് എടുക്കുകയും അഭിഷേകാരാധന നടത്തുകയും ചെയ്തു. വാക സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ വച്ച് മാർച്ച് 17 മുതൽ 30 വരെ മരിയ പ്രവിശ്യയുടെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. ഓഡിറ്റ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെകുറിച്ച് മരിയ പ്രവിശ്യയിലെ കണക്ക് ചെയ്യുന്ന എല്ലാ സിസ്റ്റേഴ്സിനും വേണ്ടി ഒരു ക്ലാസ്സ് സംഘടിപ്പിച്ചു. മാർച്ച് 18ന് സ്കൂളിലെ പ്രധാന അധ്യാപികമാർ, നഴ്സറി ഇൻചാർജസ്സ് എന്നിവർക്കായി ഒരു മീറ്റിങ്ങ് നടത്തി.

## ആദരാഞ്ജലികൾ



നവജ്യോതി പ്രോവിൻസിലെ അരണാട്ടുകര ഇൻഫന്റ് ജീസ്സസ് ഭവനാംഗമായ സി.ഇൻഫാന്റ (92) 15/03/2023 ന് നിര്യാതയായി. ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യലേറ്റ് കല്ലറയിൽ നടത്തിയ സംസ്ക്കാരശുശ്രൂഷകൾക്ക് തൃശ്ശൂർ അതിരൂപത വികാർ ജനറാൾ മോൺസിഞ്ഞോർ ജോസ് വല്ലൂരാൻ നേതൃത്വം നൽകി.



നവജ്യോതി പ്രോവിൻസിലെ ഒളരിക്കര ഹോളി ഫാമലി ഭവനാംഗമായ സി.മേരി അസംറ്റ (93) 24/03/2023 ന് നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 25.03.2023 ഉച്ചകഴിഞ്ഞ് 4 മണിക്ക് ഹോളി ഫാമലി കോൺവെന്റ് കല്ലറയിൽ സംസ്ക്കാര കർമ്മം നടത്തി.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

2023 ജൂലായ് 4 മുതൽ ഫൊറോന അടിസ്ഥാനത്തിലാണ് തെരട്ട് കൊണ്ടു വരേണ്ടത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**1. ലൂർദ്ദ് ഫൊറോന**

| | | |
|---|---|---|
| 1. ലൂർദ്ദ് കത്തീഡ്രൽ | ജൂലായ് 4 | 10.00 am |
| 2. മാടക്കത്തറ | ജൂലായ് 4 | 10.00 am |
| 3. കുണ്ടുകാട് | ജൂലായ് 4 | 11.00 am |
| 4. പുല്ലംകണ്ടം | ജൂലായ് 4 | 11.00 am |
| 5 മഡോണ നഗർ | ജൂലായ് 4 | 12.00 noon |
| 6. മണ്ണുത്തി | ജൂലായ് 4 | 12.00 noon |
| 7. മരിയാപുരം | ജൂലായ് 5 | 10.00 am |
| 8. മുക്കാട്ടുകര | ജൂലായ് 5 | 10.00 am |
| 9. മുല്ലക്കര | ജൂലായ് 5 | 11.00 am |
| 10.നടത്തറ | ജൂലായ് 5 | 11.00 am |
| 11.നെല്ലങ്കര | ജൂലായ് 5 | 12.00 noon |
| 12.നെല്ലിക്കുന്ന് | ജൂലായ് 5 | 12.00 noon |
| 13.ഒല്ലൂക്കര | ജൂലായ് 6 | 10.00 am |
| 14.പറവട്ടാനി | ജൂലായ് 6 | 10.00 am |

| | | |
|---|---|---|
| 15.പൊങ്ങണംകാട് | ജൂലായ് 6 | 11.00 am |
| 16.പൂങ്കുന്നം | ജൂലായ് 6 | 11.00 am |
| 17.വിജയപുരം | ജൂലായ് 6 | 12.00 noon |
| 18.വില്ലടം | ജൂലായ് 6 | 12.00 noon |
| 19.ചെമ്പൂക്കാവ് | ജൂലായ് 6 | 12.00 noon |

**02. ഡോളേഴ്സ് ഫൊറോന**

| | | |
|---|---|---|
| 1. ഡോളേഴ്സ് ബസിലിക്ക | ജൂലായ് 7 | 10.00 am |
| 2. അരണാട്ടുകര | ജൂലായ് 7 | 10.00 am |
| 3. അയ്യന്തോൾ | ജൂലായ് 7 | 11.00 am |
| 4. ചേറ്റുപുഴ | ജൂലായ് 7 | 11.00 am |
| 5. ചിയ്യാരം(സേവനാലയം) | ജൂലായ് 7 | 12.00 noon |
| 6. എൽത്തുരുത്ത് | ജൂലായ് 7 | 12.00 noon |
| 7. കണ്ണംകുളങ്ങര | ജൂലായ് 10 | 10.00 am |
| 8. കുരിയച്ചിറ | ജൂലായ് 10 | 10.00 am |
| 9. നെടുപുഴ | ജൂലായ് 10 | 11.00 am |
| 10.നെഹ്റു നഗർ | ജൂലായ് 10 | 11.00 am |
| 11.നിർമ്മലപുരം | ജൂലായ് 10 | 12.00 noon |
| 12.ഒളരിക്കര | ജൂലായ് 10 | 12.00 noon |
| 13.പനമുക്ക് | ജൂലായ് 11 | 10.00 am |
| 14.പുല്ലഴി | ജൂലായ് 11 | 10.00 am |
| 15.സെന്റ് ആൻസ് | ജൂലായ് 11 | 11.00 am |
| 16.വടൂക്കര | ജൂലായ് 11 | 11.00 am |
| 17.പൂത്തോൾ | ജൂലായ് 11 | 12.00 noon |

**03. ചേലക്കര ഫൊറോന**

| | | |
|---|---|---|
| 1. ചേലക്കര | ജൂലായ് 12 | 10.00 am |
| 2. ചെറുതുരുത്തി | ജൂലായ് 12 | 10.00 am |
| 3. എളനാട് | ജൂലായ് 12 | 11.00 am |
| 4.കിള്ളിമംഗലം | ജൂലായ് 12 | 11.00 am |
| 5. മണലാടി | ജൂലായ് 12 | 12.00 noon |
| 6. മായന്നൂർ | ജൂലായ് 12 | 12.00 noon |
| 7. മുള്ളൂർക്കര | ജൂലായ് 13 | 10.00 am |
| 8. പങ്ങാരപ്പിള്ളി | ജൂലായ് 13 | 10.00 am |
| 9.പറക്കാട് | ജൂലായ് 13 | 11.00 am |
| 10.പഴയന്നൂർ | ജൂലായ് 13 | 11.00 am |

| | | |
|---|---|---|
| 11. തിരുവില്വാമല | ജൂലായ് 13 | 12.00 am |

## 04. എരുമപ്പെട്ടി ഫൊറോന

| | | |
|---|---|---|
| 1. എരുമപ്പെട്ടി | ജൂലായ് 14 | 10.00 am |
| 2. കടങ്ങോട് | ജൂലായ് 14 | 10.00 am |
| 3. ആറ്റത്ര | ജൂലായ് 14 | 11.00 am |
| 4. ചൊവ്വന്നൂർ | ജൂലായ് 14 | 11.00 am |
| 5. ഇയ്യാൽ | ജൂലായ് 14 | 11.00 am |
| 6. മങ്ങാട് | ജൂലായ് 14 | 12.00 noon |
| 7. പാറേമ്പാടം | ജൂലായ് 14 | 12.00 noon |
| 8. പതിയാരം | ജൂലായ് 17 | 10.00 am |
| 9. പാത്രമംഗലം | ജൂലായ് 17 | 10.00 am |
| 10.പുതുരുത്തി | ജൂലായ് 17 | 11.00 am |
| 11.വെള്ളറക്കാട് | ജൂലായ് 17 | 11.00 am |
| 12.ചേങ്ങോട് | ജൂലായ് 17 | 12.00 noon |
| 13.മരത്തംകോട് | ജൂലായ് 17 | 12.00 noon |

## 05. കണ്ടശ്ശാംകടവ് ഫൊറോന

| | | |
|---|---|---|
| 1 .കണ്ടശ്ശാംകടവ് | ജൂലായ് 18 | 10.00 am |
| 2. കാരമുക്ക് നോർത്ത് | ജൂലായ് 18 | 10.00 am |
| 3. അരിമ്പൂർ | ജൂലായ് 18 | 11.00 am |
| 4. മനക്കൊടി | ജൂലായ് 18 | 11.00 am |
| 5. ഏനാമ്മാവ് | ജൂലായ് 18 | 12.00 noon |
| 6. കോഞ്ചിറ | ജൂലായ് 18 | 12.00 noon |
| 7. ഏങ്ങണ്ടിയൂർ | ജൂലായ് 18 | 12.00 noon |
| 8. എറവ് | ജൂലായ് 19 | 10.00 am |
| 9. കാഞ്ഞാണി | ജൂലായ് 19 | 10.00 am |
| 10. കാരമുക്ക് | ജൂലായ് 19 | 11.00 am |
| 11. മണലൂർ ഈസ്റ്റ് | ജൂലായ് 19 | 11.00 am |
| 12. കെട്ടുങ്ങൽ | ജൂലായ് 19 | 12.00 noon |
| 13. മണലൂർ വെസ്റ്റ് | ജൂലായ് 19 | 12.00 noon |
| 14. മുല്ലശ്ശേരി | ജൂലായ് 20 | 10.00 am |
| 15. നോർത്ത് പുതുക്കാട് | ജൂലായ് 20 | 10.00 am |
| 16. തൊയക്കാവ് | ജൂലായ് 20 | 11.00 am |
| 17. തളിക്കുളം | ജൂലായ് 20 | 11.00 am |
| 18.വാടാനപ്പിള്ളി | ജൂലായ് 20 | 12.00 noon |

| | | |
|---|---|---|
| 19. വെളുത്തൂർ | ജൂലായ് 20 | 12.00 noon |

**06. കൊട്ടേക്കാട് ഫൊറോന**

| | | |
|---|---|---|
| 1. കൊട്ടേക്കാട് | ജൂലായ് 21 | 10.00 am |
| 2. പോട്ടോർ | ജൂലായ് 21 | 10.00 am |
| 3 .കൊളങ്ങാട്ടുകര | ജൂലായ് 21 | 11.00 am |
| 4. കുറ്റൂർ | ജൂലായ് 21 | 11.00 am |
| 5. ചൂലിശ്ശേരി | ജൂലായ് 21 | 12.00 noon |
| 6. മുണ്ടൂർ | ജൂലായ് 21 | 12.00 noon |
| 7 പാപ്പാനഗർ | ജൂലായ് 24 | 10.00 am |
| 8 പേരാമംഗലം | ജൂലായ് 24 | 10.00 am |
| 9. വളപ്പായ | ജൂലായ് 24 | 11.00 am |
| 10. വരടിയം | ജൂലായ് 24 | 11.00 am |
| 11. അവണൂർ | ജൂലായ് 24 | 12.00 noon |
| 12. വിയ്യൂർ | ജൂലായ് 24 | 12.00 noon |

**07. മറ്റം ഫൊറോന**

| | | |
|---|---|---|
| 1. മറ്റം | ജൂലായ് 25 | 10.00 am |
| 2. മറ്റം പിൽഗ്രിം സെന്റർ | ജൂലായ് 25 | 10.00 am |
| 3. കണ്ടാണശ്ശേരി | ജൂലായ് 25 | 11.00 am |
| 4. വാക | ജൂലായ് 25 | 11.00 am |
| 5. ആളൂർ | ജൂലായ് 25 | 12.00 noon |
| 6. നമ്പഴിക്കാട് | ജൂലായ് 26 | 10.00 am |
| 7. കുന്ദംകുളം | ജൂലായ് 26 | 10.00 am |
| 8. ചിറ്റാട്ടുകര | ജൂലായ് 26 | 11.00 am |
| 9. ചൂണ്ടൽ | ജൂലായ് 26 | 12.00 noon |
| 10. എളവള്ളി | ജൂലായ് 27 | 10.00 am |
| 11. കൂനംമൂച്ചി | ജൂലായ് 27 | 11.00 am |
| 12. പുതുശ്ശേരി | ജൂലായ് 27 | 11.00 am |
| 13. പഴുന്നാന | ജൂലായ് 27 | 12.00 noon |
| 14. കിഴക്കേ ആളൂർ | ജൂലായ് 27 | 12.00 noon |

**08. ഒല്ലൂർ ഫൊറോന**

| | | |
|---|---|---|
| 1. ഒല്ലൂർ | ജൂലായ് 28 | 10.00 am |
| 2. അഞ്ചേരി | ജൂലായ് 28 | 10.00 am |
| 3. അവിണിശ്ശേരി | ജൂലായ് 28 | 11.00 am |

| | | |
|---|---|---|
| 4. ഗലീലി, (ചിയ്യാരം) | ജൂലായ് 28 | 11.00 am |
| 5. അമ്മാടം | ജൂലായ് 28 | 11.00 am |
| 6. കോടന്നൂർ | ജൂലായ് 28 | 12.00 noon |
| 7. മരത്താക്കര | ജൂലായ് 28 | 12.00 noon |
| 8. പടവരാട് | ആഗസ്റ്റ് 1 | 10.00 am |
| 9. പാലക്കൽ | ആഗസ്റ്റ് 1 | 10.00 am |
| 10. പല്ലിശ്ശേരി | ആഗസ്റ്റ് 1 | 11.00 am |
| 11.പനംകുളം | ആഗസ്റ്റ് 1 | 11.00 am |
| 12. പെരിഞ്ചേരി | ആഗസ്റ്റ് 1 | 11.00 am |
| 13.പുത്തറക്കൽ | ആഗസ്റ്റ് 1 | 12.00 noon |
| 14. പുലക്കാട്ടുകര | ആഗസ്റ്റ് 1 | 12.00 noon |
| 15 തൈക്കാട്ടുശ്ശേരി | ആഗസ്റ്റ് 2 | 10.00 am |
| 16. തലോർ | ആഗസ്റ്റ് 2 | 10.00 am |
| 17.വല്ലച്ചിറ | ആഗസ്റ്റ് 2 | 11.00 am |
| 18. വെങ്ങിണിശ്ശേരി | ആഗസ്റ്റ് 2 | 11.00 am |
| 19. ചിയ്യാരം(വിജയ മാതാ) | ആഗസ്റ്റ് 2 | 11.00 am |
| 20. കോനിക്കര | ആഗസ്റ്റ് 2 | 12.00 noon |
| 21. ഒല്ലൂർ മേരിമാത | ആഗസ്റ്റ് 2 | 12.00 noon |

**09. പാലയൂർ ഫൊറോന**

| | | |
|---|---|---|
| 1. പാലയൂർ | ആഗസ്റ്റ് 3 | 10.00 am |
| 2. അഞ്ഞൂർ | ആഗസ്റ്റ് 3 | 10.00 am |
| 3. ആറ്റുപുറം | ആഗസ്റ്റ് 3 | 11.00 am |
| 4. ബ്രഹ്മകുളം | ആഗസ്റ്റ് 3 | 11.00 am |
| 5. ചെമ്മണ്ണൂർ | ആഗസ്റ്റ് 3 | 12.00 noon |
| 6. ഗുരുവായൂർ | ആഗസ്റ്റ് 3 | 12.00 noon |
| 7. കാവീട് | ആഗസ്റ്റ് 4 | 10.00 am |
| 8. കോട്ടപ്പടി | ആഗസ്റ്റ് 4 | 10.00 am |
| 9. ആർത്താറ്റ് | ആഗസ്റ്റ് 4 | 11.00 am |
| 10. ഒരുമനയൂർ | ആഗസ്റ്റ് 4 | 11.00 am |
| 11. പാവറട്ടി | ആഗസ്റ്റ് 4 | 12.00 noon |
| 12. പെരിങ്ങാട് | ആഗസ്റ്റ് 7 | 10.00 am |
| 13. കാക്കശ്ശേരി | ആഗസ്റ്റ് 7 | 10.00 am |
| 14. പേരകം | ആഗസ്റ്റ് 7 | 11.00 am |
| 15. പൊന്നാനി | ആഗസ്റ്റ് 7 | 11.00 am |
| 16. വൈലത്തൂർ | ആഗസ്റ്റ് 7 | 12.00 noon |

**10. പറപ്പൂർ ഫൊറോന**

| | | |
|---|---|---|
| 1. പറപ്പൂർ | ആഗസ്റ്റ് 8 | 10.00 am |
| 2. അന്നകര | ആഗസ്റ്റ് 8 | 10.00 am |
| 3. തോളൂർ | ആഗസ്റ്റ് 8 | 11.00 am |
| 4. ഊരകം | ആഗസ്റ്റ് 8 | 11.00 am |
| 5. ആമ്പക്കാട് | ആഗസ്റ്റ് 8 | 12.00 noon |
| 6. ചിറ്റിലപ്പിള്ളി | ആഗസ്റ്റ് 8 | 12.00 noon |
| 7. എടക്കളത്തൂർ | ആഗസ്റ്റ് 9 | 10.00 am |
| 8. പൂത്തൂർ(എടക്കളത്തൂർ) | ആഗസ്റ്റ് 9 | 10.00 am |
| 9. പെരുവല്ലൂർ | ആഗസ്റ്റ് 9 | 11.00 am |
| 10.പോന്നോർ | ആഗസ്റ്റ് 9 | 11.00 am |
| 11. പുറനാട്ടുകര | ആഗസ്റ്റ് 9 | 12.00 noon |
| 12. അടാട്ട് | ആഗസ്റ്റ് 9 | 12.00 noon |
| 13. അമല നഗർ | ആഗസ്റ്റ് 9 | 12.00 noon |

**11. പട്ടിക്കാട് ഫൊറോന**

| | | |
|---|---|---|
| 1. പട്ടിക്കാട് | ആഗസ്റ്റ് 10 | 10.00 am |
| 2. ചേരുംകുഴി | ആഗസ്റ്റ് 10 | 10.00 am |
| 3. ചിറക്കെക്കോട് | ആഗസ്റ്റ് 10 | 11.00 am |
| 4. ചുവന്നമണ്ണ് | ആഗസ്റ്റ് 10 | 11.00 am |
| 5. കണ്ണാറ | ആഗസ്റ്റ് 10 | 12.00 noon |
| 6. കൂട്ടാല | ആഗസ്റ്റ് 10 | 12.00 noon |
| 7. മഞ്ഞക്കുന്ന് | ആഗസ്റ്റ് 11 | 10.00 am |
| 8. മുളയം | ആഗസ്റ്റ് 11 | 10.00 am |
| 9. പീച്ചി | ആഗസ്റ്റ് 11 | 11.00 am |
| 10.വാണിയംപാറ(കൊമ്പഴ) | ആഗസ്റ്റ് 11 | 11.00 am |
| 11. പ്ലാക്കോട് | ആഗസ്റ്റ് 11 | 11.00 am |
| 12. വീണ്ടശ്ശേരി | ആഗസ്റ്റ് 11 | 12.00 noon |
| 13. വെള്ളക്കാരിത്തടം | ആഗസ്റ്റ് 11 | 12.00 noon |

**12. പഴുവിൽ ഫൊറോന**

| | | |
|---|---|---|
| 1. പഴുവിൽ | ആഗസ്റ്റ് 14 | 10.00 am |
| 2. ചാഴൂർ | ആഗസ്റ്റ് 14 | 10.00 am |
| 3. കിഴുപ്പിള്ളിക്കര | ആഗസ്റ്റ് 14 | 11.00 am |
| 4. അന്തിക്കാട് | ആഗസ്റ്റ് 14 | 11.00 am |
| 5. ചേർപ്പ് | ആഗസ്റ്റ് 14 | 12.00 noon |

| | | |
|---|---|---|
| 6. ചൊവ്വൂർ | ആഗസ്റ്റ് 14 | 12.00 noon |
| 7. ചിറയ്ക്കൽ | ആഗസ്റ്റ് 16 | 10.00 am |
| 8. പെരിങ്ങോട്ടുകര | ആഗസ്റ്റ് 16 | 10.00 am |
| 9. പൂച്ചിന്നിപ്പാടം | ആഗസ്റ്റ് 16 | 11.00 am |
| 10. പൊറത്തൂർ | ആഗസ്റ്റ് 16 | 11.00 am |
| 11. പുള്ള് | ആഗസ്റ്റ് 16 | 12.00 noon |
| 12. പുത്തൻപീടിക | ആഗസ്റ്റ് 17 | 10.00 am |
| 13. മുറ്റിച്ചൂർ | ആഗസ്റ്റ് 17 | 10.00 am |
| 14. തൃപ്രയാർ | ആഗസ്റ്റ് 17 | 11.00 am |
| 15. വലപ്പാട് | ആഗസ്റ്റ് 17 | 11.00 am |
| 16. നാട്ടിക | ആഗസ്റ്റ് 17 | 12.00 noon |

**13. പുതുക്കാട് ഫൊറോന**

| | | |
|---|---|---|
| 1. പുതുക്കാട് | ആഗസ്റ്റ് 18 | 10.00 am |
| 2. തൊറവ് | ആഗസ്റ്റ് 18 | 10.00 am |
| 3. ചെങ്ങാലൂർ | ആഗസ്റ്റ് 18 | 11.00 am |
| 4. ക്രൈസ്റ്റ് നഗർ | ആഗസ്റ്റ് 18 | 11.00 am |
| 5. ചിറ്റിശ്ശേരി | ആഗസ്റ്റ് 18 | 12.00 noon |
| 6. കല്ലൂർ ഈസ്റ്റ് | ആഗസ്റ്റ് 18 | 12.00 noon |
| 7. കല്ലൂർ വെസ്റ്റ് | ആഗസ്റ്റ് 21 | 10.00 am |
| 8. മണ്ണംപേട്ട | ആഗസ്റ്റ് 21 | 10.00 am |
| 9. പൂക്കോട് | ആഗസ്റ്റ് 21 | 11.00 am |
| 10. നന്തിപുലം നോർത്ത് | ആഗസ്റ്റ് 21 | 11.00 am |
| 11. നന്തിപുലം | ആഗസ്റ്റ് 21 | 12.00 noon |
| 12. നെന്മണിക്കര | ആഗസ്റ്റ് 21 | 12.00 noon |
| 13. പാലാഴി | ആഗസ്റ്റ് 22 | 10.00 am |
| 14. സ്നേഹപുരം | ആഗസ്റ്റ് 22 | 10.00 am |
| 15. വരാക്കര | ആഗസ്റ്റ് 22 | 11.00 am |
| 16. വരാക്കര സൗത്ത് | ആഗസ്റ്റ് 22 | 12.00 noon |
| 17. വരന്തരപ്പിള്ളി(പള്ളിക്കുന്ന്) | ആഗസ്റ്റ് 22 | 12.00 noon |
| 18. വരന്തരപ്പിള്ളി ഈസ്റ്റ് | ആഗസ്റ്റ് 23 | 10.00 am |
| 19. വെള്ളാനിക്കോട് | ആഗസ്റ്റ് 23 | 10.00 am |
| 20. വേലൂപ്പാടം | ആഗസ്റ്റ് 23 | 11.00 am |
| 21. നടാംപാടം | ആഗസ്റ്റ് 23 | 12.00 noon |
| 22. വെണ്ടോർ | ആഗസ്റ്റ് 23 | 12.00 noon |

## 14. പൂത്തൂർ ഫൊറോന

| | | |
|---|---|---|
| 1. പുത്തൂർ | ആഗസ്റ്റ് 24 | 10.00 am |
| 2. ഭരത | ആഗസ്റ്റ് 24 | 11.00 am |
| 3. എരവിമംഗലം | ആഗസ്റ്റ് 24 | 11.00 am |
| 4. കൊഴുക്കുള്ളി | ആഗസ്റ്റ് 24 | 12.00 noon |
| 5. മാന്ദാമംഗലം | ആഗസ്റ്റ് 24 | 12.00 noon |
| 6. മരോട്ടിച്ചാൽ | സെപ്തംബർ 4 | 10.00 am |
| 7. പൊന്നൂക്കര | സെപ്തംബർ 4 | 10.00 am |
| 8. തൃക്കൂർ | സെപ്തംബർ 4 | 11.00 am |
| 9. വലക്കാവ് | സെപ്തംബർ 4 | 11.00 am |
| 10. വെട്ടുക്കാട് | സെപ്തംബർ 4 | 12.00 noon |

## 15. വേലൂർ ഫൊറോന

| | | |
|---|---|---|
| 1. വേലൂർ | സെപ്തംബർ 5 | 10.00 am |
| 2. കുട്ടംകുളം | സെപ്തംബർ 5 | 10.00 am |
| 3. പഴയങ്ങാടി | സെപ്തംബർ 5 | 11.00 am |
| 4. ആറംമ്പിള്ളി | സെപ്തംബർ 5 | 11.00 am |
| 5. എരനെല്ലൂർ | സെപ്തംബർ 5 | 12.00 noon |
| 6. കൈപറമ്പ് | സെപ്തംബർ 5 | 12.00 noon |
| 7. കിരാലൂർ | സെപ്തംബർ 6 | 10.00 am |
| 8. കുറുമാൽ | സെപ്തംബർ 6 | 10.00 am |
| 9. മുണ്ടത്തിക്കോട് | സെപ്തംബർ 6 | 11.00 am |
| 10. പാറന്നൂർ | സെപ്തംബർ 6 | 11.00 am |
| 11. തലക്കോട്ടുകര | സെപ്തംബർ 6 | 12.00 noon |
| 12. കണ്ണാംപാടം | സെപ്തംബർ 6 | 12.00 noon |
| 13. തണ്ടിലം | സെപ്തംബർ 7 | 10.00 am |
| 14. കുറുവന്നൂർ | സെപ്തംബർ 7 | 10.00 am |
| 15. തങ്ങാലൂർ | സെപ്തംബർ 7 | 10.00 am |
| 16. തങ്ങാലൂർ നോർത്ത് | സെപ്തംബർ 7 | 11.00 am |
| 17. ചിറനെല്ലൂർ | സെപ്തംബർ 7 | 11.00 am |
| 18. തയ്യൂർ | സെപ്തംബർ 7 | 12.00 noon |
| 19. വെള്ളാറ്റഞ്ഞൂർ | സെപ്തംബർ 7 | 12.00 noon |

## 16.വടക്കാഞ്ചേരി ഫൊറോന

| | | |
|---|---|---|
| 1. വടക്കാഞ്ചേരി | സെപ്തംബർ 8 | 10.00 am |
| 2. സരിതാപുരം | സെപ്തംബർ 8 | 10.00 am |

| | | |
|---|---|---|
| 3. അത്താണി | സെപ്തംബർ 8 | 11.00 am |
| 4. ചോറ്റുപാറ | സെപ്തംബർ 8 | 11.00 am |
| 5. പൂമല | സെപ്തംബർ 8 | 12.00 noon |
| 6. കരുമത്ര | സെപ്തംബർ 8 | 12.00 noon |
| 7. കുമ്പളങ്ങാട് | സെപ്തംബർ 11 | 10.00 am |
| 8. കുണ്ടന്നൂർ | സെപ്തംബർ 11 | 10.00 am |
| 9. കാഞ്ഞിരക്കോട് | സെപ്തംബർ 11 | 11.00 am |
| 10. മച്ചാട് | സെപ്തംബർ 11 | 11.00 am |
| 11. തിരൂർ | സെപ്തംബർ 11 | 12.00 noon |
| 12. കോലഴി | സെപ്തംബർ 12 | 10.00 am |
| 13. തിരുത്തിപറമ്പ് | സെപ്തംബർ 12 | 10.00 am |
| 14. വരവൂർ | സെപ്തംബർ 12 | 11.00 am |
| 15.ശങ്കരൻചിറ | സെപ്തംബർ 12 | 11.00 am |
| 16. ഊരാക്കാട് | സെപ്തംബർ 12 | 12.00 noon |

**2.** CA **ഓഡിറ്റ്**

CA ഓഡിറ്റ് ചെയ്യുന്നതിന് ഇടവകകൾ കണക്കുകൾ തയ്യാറാക്കി അതാത് ഓഡിറ്റർമാരെ ഏൽപ്പിക്കേണ്ടതും ഇആ ഓഡിറ്റ് റിപ്പോർട്ട് വാങ്ങിവെക്കേണ്ടതുമാണ്. അതിനു ശേഷം ഇന്റേണൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രതിനിധിയോഗത്തിൽ പാസാക്കേണ്ടതുമാണ്.ഇത് കൂടാതെ Incom Tax Return സമർപ്പിക്കേണ്ടതും അതിന്റെ Print Out വാങ്ങിവെക്കേണ്ടതും അതിന്റെ Copy തെരട്ട് കൊണ്ടുവരുമ്പോൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

**3. മരണമടഞ്ഞ വൈദീകരുടെ മരണപത്രപ്രകാരം ലഭിച്ച സംഭാവനകൾ**(1/04/2022 മുതൽ 31/03/2023 വരെ)

കഴിഞ്ഞ വർഷത്തിൽ നമ്മിൽ നിന്നും വേർപിരിഞ്ഞുപോയ വൈദികരിൽ താഴെപറയുന്നവർ മരണ പത്രത്തിൽ എഴുതിവെച്ച പ്രകാരം വൈദിക ക്ഷേമനിധിയിലേയ്ക്ക് നൽകിയ സംഭാവനകൾ.

1. ഫാ.ജോസഫ് കാക്കശ്ശേരി- 48344/-
2. ഫാ അഗസ്റ്റിൻ മംഗലം- 50000/-
3. ഫാ.ജോസഫ് വടക്കേത്തല- 404928/-

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൻ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ,

എല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. വലിയ ആഴ്ചയിൽ ഞാൻ പള്ളികൾ സന്ദർശിച്ചപ്പോൾ ധാരാളം കുട്ടികൾ തിരുകർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കെടുക്കുന്നത് കണ്ടു. പെസഹാ വ്യാഴാഴ്ചയിലെ ആരാധനയിലും ദുഃഖവെള്ളിയാഴ്ചയിലെ പരിഹാരപ്രദക്ഷിണത്തിലും നിങ്ങൾ നന്നായി പങ്കുകൊണ്ടു എന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. ഞാൻ നിങ്ങളെയെല്ലാവരെയും അഭിനന്ദിക്കുകയും, നിങ്ങളെ ഇതിനായി ഒരുക്കിയ മാതാപിതാക്കളെയും വൈദികരെയും സമപ്പിതരെയും അധ്യാപകരെയും അനുമോദിക്കുകയും ചെയ്യുന്നു.

മെയ് മാസത്തിലാണ് മറ്റ് രണ്ടു വലിയ തിരുനാളുകൾ കൂടി സഭയിൽ ആഘോഷിക്കുന്നത്. ഈശോയുടെ സ്വർഗ്ഗാരോഹണ തിരുനാളും പെന്തക്കുസ്താ തിരുനാളും. ഉത്ഥാനം ചെയ്ത ഈശോ 40 ദിവസം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട് അവരെ പഠിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. നാല്പതാം ദിവസം അവിടുന്ന് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. പിന്നീട് നമുക്കായി വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ അവിടുന്ന് ശിഷ്യന്മാരുടെ മേൽ വർഷിച്ചു. ലോകമെങ്ങും സാക്ഷികളായി സധൈര്യം കടന്നു ചെല്ലാൻ പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോഴാണ് ഭീരുക്കളായിരുന്ന ശിഷ്യന്മാർക്ക് സാധിച്ചത്. പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ശിഷ്യന്മാർ പരിശുദ്ധ അമ്മയുടെ സാന്നിധ്യത്തിൽ നന്നായി ഒരുങ്ങി. അപ്രകാരം ഒരുങ്ങി പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോൾ അവർ ക്രിസ്തുവിന്റെ ശക്തരായ സാക്ഷികളായി.

പെന്തക്കുസ്താ തിരുനാളിനായി ഒരുങ്ങുന്ന നിങ്ങളോട് എനിക്ക് ചിലത് പറയാനുണ്ട്.

1. പെന്തക്കുസ്താ തിരുനാളിനായി നന്നായി കുമ്പസാരിച്ച് ഒരുങ്ങി പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി പ്രത്യേകം പ്രാർത്ഥിക്കണം. ഈ അവധിക്കാലത്ത് സാധിക്കുമെങ്കിൽ നിങ്ങൾ ധ്യാനം കൂടുന്നത്

നന്നായിരിക്കും.

2. സാധിക്കുന്ന ദിവസങ്ങളിലെല്ലാം വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് യോഗ്യതയോടെ വിശുദ്ധ കുർബാന സ്വീകരിക്കണം.
3. കാരുണ്യ പ്രവർത്തികൾ കഴിവതും ചെയ്യണം.
4. മാതാപിതാക്കൾ നൽകുന്ന ചെറിയ ചെറിയ ഉത്തരവാദിത്തങ്ങൾ അനുസരണത്തോടെ മുറുമുറുപ്പില്ലാതെ നിറവേറ്റണം.

നിഷ്കളങ്കമായ നിങ്ങളുടെ ഒരുക്കം ദൈവത്തിന് സ്വീകാര്യമാണ്.

അതോടൊപ്പം നമ്മുടെ സമൂഹത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരികയാണ്. കൂടുതൽ മക്കളുള്ള കുടുംബങ്ങളിലാണ് പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ക്ഷമയുടെയും ത്യാഗത്തിന്റെയും പാഠങ്ങൾ പഠിക്കാൻ സാധിക്കൂ. ഇന്ന് നമ്മുടെ പലകുടുംബങ്ങളിലും കൂടുതൽ കുട്ടികളില്ല എന്നത് നമ്മുടെ സമൂഹത്തിന്റെ വളർച്ചയെയും സ്വഭാവത്തെയും കാര്യമായി സ്വാധീനിക്കുന്നുണ്ട്. അതിനാൽ നിങ്ങൾക്ക് അനുജന്മാരും അനുജത്തിമാരും ഉണ്ടാകാനായി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. ദൈവം തരുന്ന മക്കളെ സ്വീകരിക്കാനുള്ള തുറവിയും ധൈര്യവും നിങ്ങളുടെ മാതാപിതാക്കൾക്ക് ദൈവം നൽകട്ടെ.

മെയ് മാസം മാതാവിന്റെ വണക്കമാസത്തിനായി പ്രത്യേകം മാറ്റിവെച്ചിരിക്കുന്ന മാസമാണ്. മാതാവിനോടുള്ള പ്രത്യേക ഭക്തിയിൽ വളരാൻ ഈ സമയം നാം ഉപയോഗിക്കണം. വീട്ടിലെ കുടുംബ പ്രാർത്ഥനയ്ക്ക് ശേഷം മാതാവിന്റെ വണക്കമാസപ്രാർത്ഥന ചൊല്ലുകയും പാട്ടുകൾ പാടുകയും വേണം. മെയ് മാസം 31–ാം തീയതി മാതാവിന്റെ പ്രത്യേക സംരക്ഷണത്തിനായി നമ്മെയും നമ്മുടെ കുടുംബത്തെയും സഭയെയും സമർപ്പിക്കേണ്ടത് ആവശ്യമാണ്. സിനഡാലിറ്റിയുടെ കുറിച്ചുള്ള സിനഡിന്റെ പശ്ചാത്തലത്തിൽ സഭ മാതാവിൻറെ കരം പിടിച്ച് ദൈവത്തിലേക്ക് നടന്നടുക്കാൻ ഇത് കാരണമാകട്ടെ.

നിങ്ങൾക്ക് എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട് ,
മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

പുതിയ അധ്യയനവർഷത്തേക്കുള്ള തയ്യാറെടുപ്പുകളുടെ സമയമാണല്ലോ. മുൻവർഷങ്ങളേക്കാൾ മികച്ച വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്താം. കഴിഞ്ഞവർഷത്തിലെ വിജയികളെയും ഉന്നതവിജയം കരസ്ഥമാക്കിയവരെയും റാങ്ക് ജേതാക്കളെയും അവരെ പരിശീലിപ്പിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. അവധിക്കാലത്ത് കുട്ടികളുടെ വിനോദത്തിനും വിശ്വാസപരിശീലനത്തിനുമായി വിവിധ ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചവർക്കും നടത്തിയവർക്കും പങ്കെടുത്തവർക്കും ഹൃദയപൂർവ്വം നന്ദി. പരിശുദ്ധ കന്യകാമാതാവിനോടുള്ള സവിശേഷഭക്തിയുടെ ഈ മാസത്തിൽ, പരി. അമ്മയോടൊപ്പം നമുക്കും പ്രാർത്ഥനാനിരതരാകാം; വിശ്വാസത്തിന്റെ വഴിയിൽ മുന്നേറാം; ദൈവേഷ്ടത്തിന് നമ്മെത്തന്നെ സമർപ്പിക്കാം.

## I. Sunday Catechism

**1. എഫ്ഫാത്ത**

വിശ്വാസപരിശീലകർക്കായുള്ള യൂണിറ്റുതല റിന്യൂവൽ പ്രോഗ്രാം ഇടവകകളിൽ വെച്ച് നടത്തുന്നു. വിശ്വാസപരിശീലകർക്ക് ആത്മീയമായ ഉണർവിനും വിശ്വാസപരിശീലനം ഫലപ്രദമായി നടത്തുന്നതിനും ഈ പ്രോഗ്രാം സഹായിക്കുന്നു. എഫ്ഫാത്ത യൂണിറ്റുകളിൽ നടത്താൻ താത്പര്യമുള്ളവർ ഡയറക്ടറച്ചനേയോ വിശ്വാസപരിശീലന ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്. എഫ്ഫാത്ത നടത്തിയ യൂണിറ്റുകൾ – ചൊവ്വൂർ, അരണാട്ടുകര, പള്ളിക്കുന്ന്.

**2. ACC, Std. XII പരീക്ഷാഫലം**

ACC, Std. XII പരീക്ഷാഫലം ഏപ്രിൽ 20 ന് പ്രസിദ്ധപ്പെടുത്തി. വിജയികൾക്കും റാങ്ക് ജേതാക്കൾക്കും അഭിനന്ദനങ്ങൾ.

**3. പ്രിൻസിപ്പൽ കോൺഫറൻസ്**

മെയ് 21 ന് DBCLC യിൽ വെച്ച് നടത്തുന്നു.

**4. റൂഹാഗ്നി – 2023**

മെയ് 25, 26, 27 തിയതികളിൽ കാലത്ത് 10 മുതൽ വൈകിട്ട് 5 വരെ വിശ്വാസപരിശീലനത്തിന് നേതൃത്വം നൽകുന്നവർക്കായി റൂഹാഗ്നി ധ്യാനം നടത്തുന്നു. സേവ്യർ ഖാൻ വട്ടായിലച്ചൻ നേതൃത്വം നൽകുന്ന ധ്യാനത്തിൽ പ്രിൻസിപ്പൽമാർ, വിശ്വാസപരിശീലകർ, രക്ഷാകർത്താക്കൾ എന്നിവർക്ക് പങ്കെടുക്കാം. സോഫ്റ്റ് വെയർ വഴിയും വിശ്വാസപരിശീലന ഓഫീസ് വഴിയും ആദ്യം രജിസ്റ്റർ ചെയ്യുന്ന ആയിരം പേർക്കാണ് അവസരം. രജിസ്ട്രേഷൻ ഫീസ് 400 രൂപ.

**5. പുതിയ അധ്യയന വർഷം ഉദ്ഘാടനം**

ധ്യാന സമാപന ദിവസമായ മെയ് 27 ന് വൈകിട്ട് ഉദ്ഘാടനം നടത്തുന്നു.

**6. അർദ്ധദിന സെമിനാർ**

വിശ്വാസപരിശീലകർക്കായുള്ള അർദ്ധദിന സെമിനാർ മെയ് 28 ന് 1 മണി മുതൽ 5 വരെ ഫൊറോനകളിൽ വെച്ച് നടത്തുന്നു. ഫൊറോന പ്രമോട്ടർമാർ, ഫൊറോന പ്രിൻസിപ്പാൾമാർ, ഫൊറോന കൗൺസിൽ ഭാരവാഹികൾ എന്നിവർ ഇതിന് നേതൃത്വം നൽകുന്നതാണ്.

**7. പുതിയ അധ്യയന വർഷം 2023–2024**

പുതിയ അധ്യയനവർഷം പരിശുദ്ധാത്മ വർഷമായി ആചരിക്കുന്നു. ജൂൺ 4–ന് അധ്യയന വർഷാരംഭ പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

അടുത്ത അധ്യയനവർഷത്തെ പ്രവർത്തനപരിപാടികളെക്കുറിച്ചും മറ്റും ചർച്ചകളും ആലോചനകളും നടക്കുകയാണ്. ലഭിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് മീറ്റിംഗുകളിൽ ചർച്ച ചെയ്ത് മറുപടി നൽകണം. വിശദമായ പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്.

പുതിയ വിദ്യാർത്ഥികളുടെയും വിശ്വാസപരിശീലകരുടേയും ഡാറ്റ, അഡ്മിഷനുകൾ നടത്തുമ്പോൾത്തന്നെ ശേഖരിച്ച് സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണ്.

**8. പ്രമോഷൻ & 2023–24 അക്കാദമിക് ഇയർ ക്രിയേഷൻ**

2023–24 അക്കാദമിക് ഇയർ– വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും മെയ് 30 ന് സോഫ്റ്റ് വെയറിൽ ക്രിയേറ്റ് ചെയ്യുന്നതാണ്. അതിനു മുമ്പ് എല്ലാ യൂണിറ്റുകാരും ക്ലാസ്സ് പ്രമോഷൻ നടത്തേണ്ടതാണ്.

**9. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.പ്രത്യേകമായി കഴിഞ്ഞ വർഷവും ഈ വർഷവും വിശ്വാസപരിശീലനത്തിൽനിന്നും വിരമിക്കുന്ന എല്ലാ വിശ്വാസപരി

ശീലകരുടേയും പേര്, ഇടവക, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ പ്രിൻസിപ്പൽ കോൺഫ്രൻസിനു വരുമ്പോൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്.

**10. പുതിയ യൂണിറ്റ്**

പുതിയ അധ്യയനവർഷത്തിൽ ഏതെങ്കിലും പുതിയ യൂണിറ്റ് ആരംഭിക്കുകയോ, ഏതെങ്കിലും യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ 2023 മെയ് 15–ന് മുമ്പ് വിശ്വാസപരിശീലന ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**11. ഫൊറോന പ്രൊമോട്ടർമാർ**

വിശ്വാസപരിശീലന ഫൊറോന പ്രൊമോട്ടർമാരായ വൈദികരുടെ പേരുവിവരം:

| | |
|---|---|
| Chelakkara | - Fr. Chittilapilly Joffy (Mayannur) |
| Erumapetty | - Fr. Chiriyankandath Geo (Puthuruthy) |
| Kandassankadvu | - Fr. Vadakkan Roy (Eravu) |
| Kottekad | - Fr. Panamkulam Davis (Mundur) |
| Mattom | - Fr. Pidiyath Wilson (Chittattukara) |
| Ollur | - Fr. Chalissery Lijo (Avinissery) |
| Palayur | - Fr. Marokky Dennis (Attupuram) |
| Parappur | - Fr. Chiriyankandath Shijo (Amalanagar) |
| Pattikad | - Fr. Eluvathingal Antos (Chuvannamannu) |
| Pazhuvil | - Fr. Vadakkethala Saju (Kizhupillikkara) |
| Pudukad | - Fr. Kanjirathingal Seby (Mannampetta) |
| Puthur | - Fr. Vazhappilly Frajo (Mannamangalam) |
| Thrissur Lourdes | - Fr. Mookken Roy (Paravattani) |
| Thrissur Dolours | - Fr. Anthikkadan Johnson (West Fort) |
| Velur | - Fr. Parayil Shinto (Thalakottukara) |
| Wadakkanchery | - Fr. Palathingal Paulson (Thiroor) |

**12. പാഠപുസ്തകങ്ങളെ കുറിച്ചുള്ള അറിയിപ്പ്**

വിശ്വാസപരിശീലനം 1–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് 2023-24 അധ്യയനവർഷത്തിൽ മാറ്റമില്ല. ACC–ക്ക് രണ്ടാമത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. പുസ്തകങ്ങളുടെ വിലയിൽ മാറ്റമുണ്ട്.(YOUCAT, ഉപപാഠം) പുസ്തക ങ്ങൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും ലഭ്യമാണ്.

**13. പാഠപുസ്തകവിതരണം – 2023 ജൂൺ മുതൽ**

2023 ജൂൺ 10 മുതൽ വിതരണം ചെയ്യുന്നതാണ്. ആവശ്യമായ പുസ്തകങ്ങളുടെ കൃത്യം കണക്കെടുത്ത് വേണം ഓർഡർ ഫോം അയയ്ക്കാൻ. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങേണ്ട പുസ്തകങ്ങളുടെ ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻവരുന്നതിന് 5 ദിവസം മുമ്പ് ഇമെയിൽ catechismtrichur@gmail.com വഴി അയച്ചിരിക്കണം. ഓർഡർ ഫോം വിശ്വാസപരിശീലന ബ്ലോഗിൽ നിന്നും വാട്സാപ്പ് ഗ്രൂപ്പിൽ നിന്നും ലഭിക്കുന്നതാണ്. ഓർഡർ ഫോം ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. എക്സൽ ഫോർമാറ്റിൽ ലഭിക്കുന്ന ഓർഡർ ഫോം എക്സൽ ഫോർമാറ്റിൽ തന്നെ തിരിച്ച് അയയ്ക്കേണ്ടതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. പുസ്തകം കൊണ്ടുപോകാൻ വരുമ്പോൾ ബില്ലുപ്രകാരം ആദ്യം പണമടയക്കണം. അതിനുശേഷമേ പുസ്തകങ്ങൾ ലഭിക്കുകയുള്ളൂ. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

b) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

## II.Daily Catechism

**1. പുതിയ അധ്യയന വർഷം 2023–2024**

പുതിയ അധ്യയനവർഷം ജൂൺ 1–ന് ആരംഭിക്കുന്നു.

**2. പാഠപുസ്തകവിതരണം – 2023 ജൂൺ മുതൽ**

2023 ജൂൺ 10 മുതൽ വിതരണം ചെയ്യുന്നതാണ്. ആവശ്യമായ പുസ്തകങ്ങളുടെ കൃത്യം കണക്കെടുത്ത് വേണം ഓർഡർ ഫോം അയയ്ക്കാൻ.

സ്നേഹപൂർവ്വം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**
(affiliated to Katholicke Universiteit, Leuven, Belgium):

- സെക്കന്റ് സെമസ്റ്ററിലെ Exams നടന്നു കൊണ്ടിരിക്കുന്നു.
- അടുത്ത ജൂണിൽ ആരംഭിക്കുന്ന പുതിയ ബാച്ച് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**2. Certificate Course in Theology (One Year)**
(affiliated to Chair for Christian Studies and Research, Calicut University)

- ഏപ്രിൽ 02, 23, 30 തിയ്യതികളിൽ കൗദാശിക ദൈവശാസ്ത്രം (Rev. Fr. Rejoy Thaivalappil), പൗരസ്ത്യ സഭയുടെ കാനോനസംഹിത (Rev. Dr. Francis Aloor) ത്രിയേകദൈവം (Mar. Tony Neelankkavil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Course on Theology of Family (One and Half Years)**
(affiliated to Chair for Christian Studies and Research, Calicut University)

- Family Budget: Need based approach (Dr. George Alex) എന്ന വിഷയത്തിന്റെ ക്ലാസ്സ് ഏപ്രിൽ 23 ന് നടന്നു.

**4. Advanced Certificate Course in Theology (Six Months)**
(affiliated to Chair for Christian Studies and Research, Calicut University)

സന്യാസിനികൾക്കായി 6 Months Regular Theology Course ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. സന്യസ്തർക്കു മാത്രം.

**5. Online Certificate Course in Theology (Two Years)**
(affiliated to Chair for Christian Studies and Research, Calicut University)

- ***സ്നേഹത്തിന്റെ കൂദാശ*** (Rev. Fr. Bastian Punnoliparambil) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Basic Bible Course (BBC)**

- ഏപ്രിൽ മാസം ക്ലാസ്സ് നയിച്ചവർ Rev. Fr. Linson Thattil, Sri. Joseph Tharakan

**ഫാ. ലിജോ ചാലിശേരി**
**ഡീൻ & റെജിസ്ട്രാർ**

**ഫാ. ഫ്രാൻസിസ് ആളൂർ**
**ഡയറക്ടർ**

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കുറ്റൂർ മെഗാ മെഡിക്കൽ ക്യാംപ്**

കുറ്റൂർ മേരിമാതാ പള്ളി വിൻസെന്റ് ഡി പോൾ സൊസൈറ്റിയും, ജൂബിലി മിഷൻ മെഡിക്കൽ കോളേജും സംയുക്തമായി സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മേരിമാതാ പള്ളി വികാരി ഫാ. അറക്കൽ പോൾ ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. 150 രോഗികളെ ക്യാമ്പിൽ പരിശോധിച്ചു. 45 രോഗികളെ വിശദമായ പരിശോധനയ്ക്കായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലേക്ക് നിർദ്ദേശിച്ചു.

**നവജാത ശിശുക്കളുടെ അടിയന്തരഘട്ടത്തിലെ പരിപാലനം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ അടിസ്ഥാന നിയോനേറ്റൽ റിസസിറ്റേഷൻ പ്രോഗ്രാം (NRP) പ്രൊവൈഡർ കോഴ്സ് സംഘടിപ്പിച്ചു. പരിപാടിയിൽ പങ്കെടുത്ത എല്ലാവരെയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ എൻ. ഐ. സി യു. സീനിയർ റസിഡന്റ് ഡോ. ഷെമിന പി. വാസു സ്വാഗതം ചെയ്തു. പരിപാടിയുടെ ഉദ്ഘാടനം ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുരിയൻ നിർവഹിച്ചു. നിയോനേറ്റോളജി വിഭാഗം എച്ച്. ഒ. ഡി. ഡോ. വി. സി. മനോജ് അധ്യക്ഷപ്രസംഗം നടത്തി.

**ലോകക്ഷയരോഗദിനാചരണം**

ലോക ക്ഷയരോഗദിനത്തിന്റെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം തൃശൂർ ജില്ലാ

ടി. ബി. സെന്ററിന്റെയും അസോസിയേഷൻ ഓഫ് പൾമണോളജിസ്റ്റിന്റെയും (എ. പി. ടി.) സഹകരണത്തോടെ ഏകദിന സി. എം. ഇ. (കൺടിന്യൂസ് മെഡിക്കൽ എജുക്കേഷൻ) സംഘടിപ്പിച്ചു. സൗത്ത് ഇന്ത്യ ടാസ്ക് ഫോഴ്സ് ചെയർമാൻ ഡോ. സഞ്ജീവ് നായർ മുഖ്യാതിഥിയായിരുന്നു. ലോക ക്ഷയരോഗദിനത്തിന്റെ ഭാഗമായി എം. ബി. ബി. എസ്. വിദ്യാർത്ഥികൾക്കായി പോസ്റ്റർ മത്സരവും സംഘടിപ്പിച്ചു.

**മുക്കാട്ടുകര മെഗാ മെഡിക്കൽ ക്യാമ്പ്**

മുക്കാട്ടുകര, സെന്റ് ജോർജ്ജ് പള്ളിയിലെ സീനിയർ സി. എൽ. സി. യുടെ നേതൃത്വത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ സഹകരണത്തോടെ (ഒഫ്ത്താൽമോളജി, ജനറൽ മെഡിസിൻ, പിഡിയാട്രിക്സ് & കമ്മ്യൂണിറ്റി മെഡിസിൻ) മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഭാഗമായി സൗജന്യ നേത്രപരിശോധന നടന്നു. നേത്രരോഗ വിഭാഗത്തിലെ ഡോ. ആൻഡ്രൂസിന്റെയും ഡോ. ബീനയുടെയും നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ 95–ഓളം രോഗികളെ പരിശോധിച്ചു.

**സൗജന്യ നേത്രപരിശോധനാ ക്യാമ്പ്**

ജൂബിലി മിഷൻ ആശുപത്രിയുടെ നേത്രരോഗവിഭാഗം ലയസ് ക്ലബ്ബിന്റെ സഹകരണത്തോടെ പുല്ലഴി സെന്റ് ജോസഫ് വൃദ്ധസദനത്തിൽ വച്ച് സൗജന്യ നേത്ര ചികിൽസാ ക്യാമ്പ് നടത്തി. ലയൺസ് ക്ലബ്ബ് പ്രസിഡന്റ് അഡ്വ. ആന്റോ അക്കര ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സെന്റ് ജോസഫ് ഓൾഡേജ് ഹോം ഡയറക്ടർ ഫാ. ലിജോ ചിറ്റിലപ്പിള്ളി ക്യാമ്പ് ടീമിനെ സ്വാഗതം ചെയ്തു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിൽ 92 രോഗികളെ പരിശോധിച്ചു. 38 രോഗികളെ വിശദമായ നേത്രപരിശോധനയ്ക്കായി ജൂബിലി മിഷൻ ഹോസ്പിറ്റലിലേയ്ക്ക് തുടർചികിത്സയ്ക്കായി നിർദ്ദേശിച്ചു. 13 രോഗികളെ ശസ്ത്രക്രിയക്കായി തിരഞ്ഞെടുത്തു. അർഹരായ രോഗികൾക്ക് ലയസ് ക്ലബ്ബ് സൗജന്യ കണ്ണടയും മരുന്നുകളും നൽകി.

**'SALISBURY 2023'**

ആരോഗ്യപ്രവർത്തകർക്കുവേണ്ടിയുള്ള റിസർച്ച് മെത്തഡോളജി വർക്ക്ഷോപ്പ് : ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തകർക്കുവേണ്ടിയുള്ള ഏകദിന ഗവേഷണ ശില്പശാല സംഘടിപ്പിച്ചു. നഴ്സിങ്ങ്, ആയുർവേദം, ദന്തരോഗവിഭാഗം, പി. എച്ച്. ഡി. സ്കോളേഴ്സ് എന്നിവർ ഉൾപ്പെടുന്ന ഗവേഷണത്തിൽ തല്പരരായ 36–ഓളം പേർ

ഇതിന്റെ ഭാഗമായി. തുടർന്ന് പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**ആധുനിക വെർട്ടിഗോ ക്ലിനിക്**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വെർട്ടിഗോ (തലകറക്കം) ക്ലിനിക്ക് ആരംഭിച്ചു. ആശുപത്രിയിലെ സെന്റ് തോമസ് ബ്ലോക്കിൽ ഒന്നാം നിലയിൽ ഇ. എൻ. ടി. വിഭാഗം ഒ. പി. യോട് ചേർന്നാണ് ഈ ക്ലിനിക്ക് പ്രവർത്തിക്കുന്നത്. തലകറക്കവുമായി വലയുന്നവരുടെ രോഗകാരണം ശാസ്ത്രീയമായി നിർണയിക്കുന്നതിനുള്ള പരിശോധനകൾ ഇവിടെ നടത്തിവരുന്നു. ഇതിലൂടെ രോഗകാരണത്തെക്കുറിച്ച് അറിയുന്നതിനോടൊപ്പം തുടർ ചികിത്സയ്ക്കുള്ള സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇ. എൻ. ടി. യും ന്യൂറോളജി ഡിപ്പാർട്ടുമെന്റും സംയുക്തമായി വെർട്ടിഗോ ക്ലിനിക്കിന് മേൽനോട്ടം വഹിക്കുന്നു. തിങ്കൾ മുതൽ ശനി വരെ രാവിലെ ഒമ്പത് മുതൽ വൈകിട്ട്അഞ്ച് വരെയാണ് പ്രവർത്തന സമയം.

**ലോക ഗ്ലോക്കോമ വാരാചരണം**

ജൂബിലി മിഷൻ ആശുപത്രിയുടെയും ലയൺസ് ക്ലബ്ബ് തൃശ്ശൂരിന്റെയും ആഭിമുഖ്യത്തിൽ ലോക ഗ്ലോക്കോമ വാരാചരണം സംഘടിപ്പിച്ചു. ഫാ. റെന്നി മുണ്ടൻകുരിയൻ പരിപാടി ഉദ്ഘാടനം ചെയ്തു.

**നേട്ടവുമായി ജൂബിലി മിഷൻ കാർഡിയോളജി വിഭാഗം**

എഴുപത്തിമൂന്നുകാരന്റെ വർഷങ്ങൾക്കുമുൻപ് മാറ്റിവച്ച ഹൃദയവാൽവിന്റെ ചോർച്ച കണ്ടെത്തി പരിഹരിച്ച് ജൂബിലി മിഷൻ കാർഡിയോളജി വിഭാഗം. തൃശ്ശൂരിൽ ഇത് ആദ്യമായാണ് ഇങ്ങനെയുള്ള അപൂർവ്വ രോഗാവസ്ഥ നിർണ്ണയവും ശസ്ത്രക്രിയയിലൂടെ വിജയകരമായി പൂർത്തിയാക്കുന്നതും. ഡോ. മനോജ് രവി, ഡോ. ഷിബു സി. കള്ളിവളപ്പിൽ, കാത്ത്ലാബ് സ്റ്റാഫംഗങ്ങൾ, കാർഡിയാക് അനസ്തേഷ്യ അംഗങ്ങൾ എന്നിവരാണ് ഈ  ഉദ്യമത്തിന് നേതൃത്വം നൽകിയത്.

**അഭിനന്ദനങ്ങൾ**

- ഇന്ത്യൻ അസോസിയേഷൻ ഓഫ് ഗൈനക്കോളജിക്കൽ എൻഡോസ്കോപിസ്റ്റ്സ് (IAGE) യുടെ 2023–2024 വർഷത്തേക്കുള്ള മാനേജിങ്ങ് കമ്മിറ്റി മെമ്പർ ആയി ഗൈനക്കോളജി ഡിപ്പാർട്ടുമെന്റിലെ പ്രൊഫസർ ഡോ. അശ്വത്ത് കുമാറിനെ തെരഞ്ഞെടുക്കപ്പെട്ടു.
- കേരളആരോഗ്യ സർവകലാശാല മാർച്ച് 3ന് തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച സംസ്ഥാനതല ഖോ–ഖോ മത്സരത്തിൽ ജൂബിലി മിഷൻ നഴ്സിംഗ് വിദ്യാർത്ഥികൾ കിരീടം നേടി.

- ലോകവനിതാദിനത്തിൽ തൃശ്ശൂരിലെ ആദ്യ വനിത ഓർത്തോപീഡിക് സർജന്മാരിൽ ഒരാളായ, തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോ. അമലു ജോയിയെ തൃശ്ശൂർ റോട്ടറി ക്ലബ്ബ് ആദരിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- വെനസ്ഡേ ക്ലബ്, എറണാകുളം
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ
- സി.എൽ. സി യൂത്ത്, തൃശ്ശൂർ
- സേക്രട്ട് ഹാർട്ട് ചർച്ച്, ചെമ്പൂക്കാവ്, തൃശ്ശൂർ
- ജോ ബാസ്റ്റ്യൻ, വളപ്പില ഹൗസ്, മരിയാപുരം, തൃശ്ശൂർ
- ആബേൽ, മണ്ടുംപാല
- എബിന ഗ്ലിനോ, പുതുശ്ശേരി, ചൂണ്ടൽ, തൃശ്ശൂർ
- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- മോളി ബാബു, പൂഴിക്കൽ ഹൗസ്, ഗാന്ധി നഗർ, നെല്ലങ്കര, തൃശ്ശൂർ
- ഷൈനി ജോസ്, ജൂബിലി മിഷൻ ആശുപത്രി (ഡയമണ്ട് ബ്ലോക്ക്)
- അഭ്യുദയകാംക്ഷി, ജൂബിലി മിഷൻ ആശുപത്രി (കാഴ്ചസമർപ്പണം)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ആൻസി വർഗ്ഗീസ്, അറക്കൽ വേലൂക്കാരൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ
- ഏദെൻ എബി അലക്സ്, S/o ചിഞ്ചു, സ്റ്റാഫ് നേഴ്സ്, മെഡിക്കൽ ഐ.സി.യു, ജൂബിലി മിഷൻ ആശുപത്രി
- അൽറ്റിമ ലിയോ, പള്ളിപ്പുറം, എറണാകുളം
- ജേക്കബ് സി. വി, ചാലിശ്ശേരി ഹൗസ്, വലപ്പാട്, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപ്പറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ
- വിനു ജോസ്, അറക്കൽ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ
- അലീന ജോജോ, കാക്കനാട്ട് ഹൗസ്, പട്ടിക്കാട്, തൃശ്ശൂർ
- എഫ്. സി. സി. ക്വാർട്ടേഴ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- അബി ബാബു, മൽപ്പാൻ ഹൗസ്, മേലൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. Technical Talk - Towards a Safe Road Culture**

28 മാർച്ച് 2023ൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം സംഘടിപ്പിച്ച -Towards a Safe Road Culture എന്ന Technical Talk-ൽ ട്രാഫിക് എഞ്ചിനീയറിംഗ് ആൻഡ് സേഫ്റ്റി ഡിവിഷൻ മേധാവി വി. എസ്. സഞ്ജയ് കുമാർ മുഖ്യ അഥിതി ആയിരുന്നു.

**2. Tech4woman**

Cognizant Foundation ഉം ICT Academy ഉം സംയുക്തമായി കോളേജിലെ മൂന്ന്, നാല് വർഷ വിദ്യാർത്ഥിനികൾക്ക് പ്ലേസ്മെന്റ് ട്രെയിനിങ് പരിപാടികൾ ആരംഭിച്ചു.

**3. Tharang 2023**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ടെക് ഫെസ്റ്റ് (തരംഗ്) മാർച്ച് 31, ഏപ്രിൽ 1 (വെള്ളി, ശനി) ദിവസങ്ങളിൽ കോളേജ് ക്യാമ്പസിൽ നടന്നു. വിദ്യാർത്ഥികൾ തയ്യാറാക്കിയ പ്രോജക്റ്റ് മത്സരത്തിൽ (സൃഷ്ടി) കേരളത്തിലെ വിവിധ കലാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. വിജയികൾക്ക് അറുപതിനായിരം രൂപയായിരുന്നു സമ്മാനതുക.

ദക്ഷിണേന്ത്യയിലെ വിവിധ കോളേജുകളിൽ നിന്ന് ഓൾ ഇന്ത്യ സംഘനൃത്ത മത്സരം (നൃത്യ) നടന്നു. ഒരു ലക്ഷം രൂപയാണ് സമ്മാനം. ഇരുപതോളം കോളേജുകളാണ് നൃത്യമത്സരത്തിൽ പങ്കെടുത്തത്.

വെർച്വൽ റിയാലിറ്റി ടെക്നോളജി, പ്രോഗ്രാമിങ്ങ് കോഡ് കോമ്പിറ്റേഷൻ, റോബോട്ടിക് ലൈൻ ഫോളോവർ, ഇലക്ട്രിക്കൽ ഹൈബ്രിഡ് വാഹനങ്ങളുടെ എക്സിബിഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വർക്ക്ഷോപ്പ്, ബിൽഡിങ്ങ് മോഡലുകളുടെ പ്രദർശനം, പ്ലാനിറ്റോറിയം, റിമോട്ട് കൺട്രോളിൽ വിമാനങ്ങളും, ഹെലികോപ്റ്ററുകളും പറത്തൽ, തുടങ്ങി നിരവധി പ്രോഗ്രാമുകൾ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ കീഴിൽ നടത്തി.

ഏറ്റവും മുന്തിയ വണ്ടികളുടെയും വിന്റേജ് വാഹനങ്ങളുടെയും മോട്ടോർ ഷോ, ബൈക്ക് ബൊണാൻസ്, ബാക്ക് വാർഡ് ബ്രെയിൻ സൈക്കിൾ, ഫോട്ടോഗ്രാഫി മത്സരങ്ങൾ തുടങ്ങി നിരവധി മത്സരങ്ങൾ തരംഗിനോടനുബന്ധിച്ചു ഈ ദിവസങ്ങളിൽ നടത്തി.

## 4. JYOTHI ENTREPRENEUR AWARDS

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പൂർവ്വ വിദ്യാത്ഥിക ളിലെ Best Entrepreneur ഉള്ള അവാർഡ് ദാന ചടങ്ങു 542023 നു നട ത്തി. Er. Vinod Manjilla ആയിരുന്നു മുഖ്യാതിഥി.

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. യാത്രയയപ്പ് സമ്മേളനം ആന്റ് മെത്രാഭിഷേക സുവർണ്ണ ജൂബി ലിയാഘോഷം**

സെന്റ് തോമസ് കോളേജിൽ യാത്രയയപ്പ് യോഗം നടത്തി. ജൂബിലേറിയൻ ആർച്ച് ബിഷപ്പ് മാർ ജെയ്ക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്തു. മാനേജർ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു. ബോട്ടണി ഡിപ്പാർട്ട്മെന്റ് ലാബ് അസിസ്റ്റന്റ് ശ്രീ. ടി.കെ. പോൾസനാ ണ് ഈ വർഷം വിരമിക്കുന്ന അനദ്ധ്യാപകൻ. സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. മാഗി ജോസ് മുഖ്യപ്രഭാഷണം നടത്തി.

**2. ധാരണ പത്രം ഒപ്പുവെച്ചു**

തൃശൂർ സെന്റ് തോമസ് കോളേജും നാട്ടിക ശ്രീ നാരായണ കോളേജുമായി ധാരണ പത്രം ഒപ്പുവെച്ചു. ബേസിക് അക്കൗണ്ടിങ്ങിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കാനാണ് ധാരണാ പത്രം.

** ബോട്ടണി ഡിപ്പാർട്ട്മെന്റും കേരള ജൈവവൈവിധ്യ ബോർഡുമായി ധാരണാപത്രം ഒപ്പു വെച്ചു. കുളവെട്ടി മരങ്ങളുടെ സംരക്ഷണവു മായി ബന്ധപ്പെട്ടാണ് ധാരണാപത്രം.

** ബോട്ടണി ഡിപ്പാർട്ട്മെന്റും നാഷണൽ പ്ലാന്റ് മെഡിസിനൽ ബോർ ഡുമായി സഹകരിച്ച് ധാരണാപത്രം ഒപ്പുവെച്ചു. സെന്റ് തോമസ് കോളേജ് ഹെർബൽ ഗാർഡൻ നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ധാരണപത്രം.

** ബോട്ടണി ഡിപ്പാർട്ട്മെന്റും പാഞ്ഞാൽ ഗ്രാമ പഞ്ചായത്തുമായി ധാ രണപത്രം ഒപ്പുവെച്ചു. കുളവെട്ടി മരങ്ങളുടെ സംരക്ഷണവുമായി

ബന്ധപ്പെട്ടാണ് ധാരണപത്രം.

**3. ഡിബേറ്റ് മത്സര വിജയികൾ**

സൗത്ത് ഇന്ത്യ തലത്തിൽ സൈം നടത്തിയ 'മരിയ ഫിലിപ്പ് ഭാവി ലീഡർ' എന്ന ഡിബേറ്റ് മത്സരത്തിൽ കോളേജിലെ ശ്രീ രഞ്ജിനി എസ് ബാബു ബെസ്റ്റ് സ്പീക്കറായി തെരഞ്ഞെടുത്തു.

**4. പ്ലെയ്സ്മെന്റ് ലഭിച്ചു**

കഴിഞ്ഞ മാസം പ്ലെയ്സ്മെന്റ് സെല്ലിന്റെ സഹായത്തോടെ 79 കുട്ടികൾക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു. ജി.ഐ.സി.ഇ – 35, വിപ്രോ–22, ഫൊഡറൽ ബാങ്ക്–16, ബൈറ്റ് സ്ട്രോൺ – 6 പ്ലെയ്സ്മെന്റ് സെല്ലിന് അഭിനന്ദനങ്ങൾ.

**5. കായികം**

1. റാഫീബ് ജബീൽ – ദേശീയ റിലേ മത്സരത്തിൽ ഫെസ്റ്റ്
2. മുഹമ്മദ് ബെസിൽ ബോക്സിംഗ് തേർഡ്
3. ആൻസി സോജൻ ദേശീയ ഓട്ട മത്സരം – ഫസ്റ്റ്

കായിക താരങ്ങൾക്കും പരിശീലകർക്കും അഭിനന്ദനങ്ങൾ.

**6. കുളവെട്ടി മരങ്ങളുടെ സംരക്ഷണം**

കുളവെട്ടി മരങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ബോട്ടണി ഡിപ്പാർട്ട്മെന്റും വരവൂർ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് 55 കുളവെട്ടി മരങ്ങൾ നട്ടു സംരക്ഷിച്ചു. കേരള ബയോഡൈവേഴ്സിറ്റി ബോർഡിന്റെ ഫണ്ടോടു കൂടിയ ഈ പ്രോജക്ടിന്റെ പഞ്ചായത്തുതല ഉത്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.കെ ബാബു നിർവ്വഹിച്ചു. വാർഡ് മെമ്പർ ശ്രീ. ടി.എ ഹിദായത്തുള്ള, പ്രോജക്ട് പ്രിൻസിപ്പാൾ ഇൻവെസ്റ്റിഗേറ്റർ ഡോ. ആന്റോ പി.വി, പഞ്ചായത്ത് ജോയന്റ് സെക്രട്ടറി ശ്രീ. ആൽഫ്രഡ് എം.കെ, ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളും, തൊഴിലുറപ്പ് ജീവനക്കാരും സന്നിഹിതരായിരുന്നു.

പാഞ്ഞാൾ പഞ്ചായത്തിൽ ഭാരത പുഴയുടെ തീരത്ത് 50 തൈകൾ നട്ട് പ്രസിഡന്റ് ശ്രീമതി ശ്രീ. തങ്കമ്മ ഉത്ഘാടനം ചെയ്തു. സെക്രട്ടറി ആൽഫ്രഡ് സോജൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, കോളേജ് ബിരുദാനന്തര ബിരുദ, ഗവേഷണ വിദ്യാർത്ഥികളും പങ്കെടുത്തു. സെന്റ് തോമസ് കോളേജ് ബോട്ടണി ഡിപ്പാർട്ട്മെന്റും ചിറ്റൂർ ഗവൺമെന്റ് കോളേജുമായി സഹകരിച്ച് കുളവെട്ടി മരങ്ങളുടെ സംരക്ഷണം ആരംഭിച്ചു. ചീറ്റൂർ മുൻസിപ്പൽ കൗൺസിലർ ശ്രീ മുകേഷ് എം ഉദ്ഘാടനം ചെയ്തു. ചീറ്റൂർ കോളേജ് പ്രിൻസിപ്പാൾ ഡോ. പി.കെ അനുരാധ വൈസ് പ്രിൻസിപ്പാൾ ഡോ. കെ. ബേബി, ഡിപ്പാർട്ട്

മെന്റ് തലവൻ ശ്രീ സുരേഷ് കുമാർ ഡോ. ആന്റോ പി.വി എന്നിവർ ആശംസകൾ നേർന്നു.

സെന്റ് തോമസ് കോളേജും പത്തനംതിട്ട ഏനാടിമംഗലം ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് കുളവെട്ടി സംരക്ഷണം. ഭൂതംകര യു.പി സ്ക്കൂളിൽ നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി രാജഗോപാലൻ നായർ ഉദ്ഘാടനം ചെയ്തു. ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി പഞ്ചായത്ത് കൺവീനർ ഡോ. അഭിലാഷ് ആർ, വാർഡ് മെമ്പർ ശ്രീ സതീഷ്കുമാർ, പ്രധാന അദ്ധ്യാപിക ശ്രീമതി രാജലക്ഷ്മി, ഡോ. ആന്റോ പി.വി എന്നിവർ നേതൃത്വം നൽകി.

**7. ലൈബ്രറി സന്ദർശിച്ചു**

കോളേജിന്റെ മുൻ രക്ഷാധികാരിയും, ആർച്ച് ബിഷപ്പ് എമിരിറ്റസുമായ മാർ ജേക്കബ് തൂങ്കുഴി കോളേജിന്റെ പുതിയ ലൈബ്രറി സന്ദർശിച്ചു.

**8. സെമിനാർ**

സുവോളജി ഡിപ്പാർട്ട്മെന്റും തൃശൂർ ഡി.എം.ഒ ഓഫീസുമായി സഹകരിച്ച് വെക്ടർ ബോൺ ഡിസീസിനെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. വെക്ടർ കൺട്രോൾ യൂണീറ്റ് ഉദ്യോഗസ്ഥൻ ശ്രീ ഹർഷൻ സി.ജെ സെമിനാർ നയിച്ചു. പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ. എ ഉത്ഘാടനം ചെയ്തു.

** ലൈബ്രറി ഡിപ്പാർട്ട്മെന്റിന്റേയും, ബോട്ടണി ഡിപ്പാർട്ട്മെന്റിന്റേയും സംയുക്തമായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ 'ബയോളജിക്കൽ ഡൈവേഴ്സിറ്റി ഇൻ സ്പെഷ്യലൈസ്ഡ് ഇക്കോസിസ്റ്റം' എന്ന വിഷയത്തിൽ സംഘടിപ്പിച്ചു. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് അദ്ധ്യാപകൻ ഡോ. ബിജോയ് സി, സെന്റ് തോമസ് കോളേജിലെ സുവോളജി അദ്ധ്യാപക ഡോ. ജോയ്സ് ജോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

** കോമേഴ്സ് ഡിപ്പാർട്ട്മെന്റും തൃശൂർ മാനേജ്മെന്റ് അസോസിയേഷനും സംയുക്തമായി 'എന്റർ പ്രനോറിയൽ ഇന്റർ ഫെയ്സ് വിത്ത് ദ സക്സസ്ഫുൾ എന്റർപ്രനോർ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ജ്യോതി ലാബിന്റെ മുൻ ചെയർമാൻ ശ്രീ എം.പി. രാമചന്ദ്രൻ ക്ലാസ്സുകൾ നയിച്ചു.

** ഡിപ്പാർട്ട്മെന്റ് ഓഫ് ഫോറൻസിക് ആന്റ് ക്രിമിനോളജി വകുപ്പിന്റെ സംയുക്ത സഹകരണത്തോടെ ദ്വിദിന സെമിനാർ സംഘടിപ്പിച്ചു. പോലീസ് ഡിപ്പാർട്ട്മെന്റിലെ പ്രമുഖ ക്രിമിനോളജിസ്റ്റ് ഡോ ജയേഷ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. അദ്ധ്യാപകർ പ്രബന്ധങ്ങൾ

അവതരിപ്പിച്ചു. പ്രിൻസിപ്പാൾ റവ ഡോ. മാർട്ടിൻ കെ.എ ഉത്ഘാടനം ചെയ്തു.

**9. എൻ.എസ്.എസ്**

കോളേജിലെ എൻ.എസ്.എസ് യൂണീറ്റ് അന്തർദേശീയ ഹാപ്പിനസ് ഡെ, ഓട്ടിസം എവയർനസ് ഡെ, ലോക മെറ്റീയോറോളൊജിക്കൽ ഡെ, ലോക ഡൗൺ സിൻഡ്രോം ഡെ, ലോക കവിതാ ദിനം, ലോക തിയറ്റർ ദിനം എന്നിവ ആചരിച്ചു.

**10. ഹെൻഡ്രി ഇബ്സെൻസ് ഡെ**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നോർവീജിയൻ ഡ്രാമറ്റിസ്റ്റ് ഹെൻഡ്രി ഇബ്സൻസ് ന്റെ 195–ാം ജന്മദിനത്തോടനുബന്ധിച്ച് അനുസ്മരണം നടത്തി. 'ദ ന്യു വുമൻ' എന്ന വിഷയത്തിൽ ഏകാങ്ക നാടകത്തിന്റെ സ്ക്രിപ്റ്റ് മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി. തൃശൂർ സെൻർ ഫോർ ഇംഗ്ലീഷ് റിസർച്ച് പ്രസിഡന്റ് പ്രൊഫ. പി.എൽ പ്രകാശ് 'ഹെൻഡ്രി ഇബ്സെൻസും തിയറ്റർ കമ്മിറ്റ്മെന്റ്'' എന്ന വിഷയത്തിൽ എക്സ്പർട്ട് പ്രഭാഷണം നടത്തി.

**11. ഗവേഷണ ബിരുദം നേടി**

മാത്തമ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥികളായിരുന്ന സുജേഷ് എസ്, നീതു എസ് എന്നിവർ ഡോ. അൽഫോൺസ മാത്യുവിന്റെ ഗവേഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി.

**12. നേട്ടം**

ഗെയ്റ്റ്

ബോട്ടണി ഡിപ്പാർട്ട്മെന്റ് പൂർവ്വ വിദ്യാർത്ഥി – പാർവ്വതി എം.ആർ. ദേശീയ ഗെയ്റ്റ് പരീക്ഷ പാസായി.

ജാം ദേശീയ പരീക്ഷ പാസായി

ഫിസിക്സ് ഡിപ്പാർട്ട്മെന്റ് – ഷബീൻ എം, വിഷ്ണു, ശ്യാം കുമാർ ടി.എസ്, ഹയ്സ് സുബിൻ, ജൊവാന ജോൺസൺ, റെന റോസ് എം.ജെ, ആദ്ര ജെയിംസ്, അജ്ഞന രാജേഷ്, ആദിത്യ പ്രമോദ്, അനീഷ പി.എ, സ്നേഹ കെ.എസ് എന്നിവർ ജാം പരീക്ഷ പാസായി.

മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിലെ അജിത് കൃഷ്ണ ദേവൻ ജാം പരീക്ഷ പാസായി.

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ ജോണി തരകൻ തോംസൺ ജാം പരീക്ഷ വിജയിച്ചു.

**13. റിസർച്ച് ഫെല്ലോഷിപ്പ്**

ഫിസ്ക്സ് ഡിപ്പാർട്ട്മെന്റിലെ പൂർവ്വ വിദ്യാർത്ഥി ഹരികൃഷ്

വിവിധ കോളേജുകളിൽ നിന്നായി 147 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട, സഹൃദയ കോളേജ് കൊടകര, വിമല കേളേജ് തൃശൂർ എന്നീ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ സമ്മാനാർഹരായി.

**14. സ്വാഗതം**

പുതിയ അനദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച ശ്രീ ജിസ് വർഗീസ് ടി. ക്ക് സ്നേഹാദരങ്ങളോടെ സ്വാഗതം.

**15. രക്തം ദാനം ചെയ്തു**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ, ഡിപ്പാർട്ട്മെന്റിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് രക്ത ബാങ്കിലേക്ക് രക്തം ദാനം ചെയ്തു. വിദ്യാർത്ഥികളും അദ്ധ്യാപകരും അതിൽ പങ്കുചേർന്നു.

**16. ആദരിച്ചു**

തൃശൂർ സെന്റ് തോമസ് കോളേജ് പൂർവ്വ വിദ്യാർത്ഥിയും തൃശൂർ പാറമേക്കാവ് ദേവസ്വം സെക്രട്ടറിയുമായ രാജേഷ് പൊതുവാളിനെ ഒ.എസ്.എ അംഗങ്ങൾ ആദരിച്ചു.

**17. മെറിറ്റ് ഡെ ആഘോഷിച്ചു**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഡിപ്പാർട്ട്മെന്റിലെ വിദ്യാതഥികളുടെ മെറിറ്റ് ഡെ ആഘോഷിച്ചു. പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് ക്യാഷ് പ്രൈസും പ്രശസ്തി പത്രവും നൽകി.

**18. പാനൽ ഡിസ്ക്കഷൻ**

ജന്റർ ക്ലബിന്റെ ആഭിമുഖ്യത്തിൽ 'ജന്റർ ഇൻക്ലുസിവിറ്റി എന്ന വിഷയത്തിൽ പാനൽ ഡിസ്ക്കഷൻ നടത്തി.

**19. പ്രവാഹ – 23**

കോളേജിൽ 'പ്രവാഹ –23 എന്ന പേരിൽ 2 ദേശീയ ക്വിസ്സ് മത്സരങ്ങൾ നടത്തി. പ്രശസ്ത ക്വിസ്സ് മാസ്റ്റർ ശ്രീ അബ്ദുൾ വാഹിദിന്റെ നേതൃത്വത്തിൽ നടത്തിയ ക്വിസ്സ് മത്സരത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു.

**20. പ്ലെയ്സ്മെന്റ് ലഭിച്ചു**

കോളേജിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ 104 കുട്ടികൾക്ക് വ്യത്യസ്ത കമ്പനികളിൽ ജോലി ലഭിച്ചു. എസെൻചർ– 31, അംഡ്രോഡ് – 11, മൊവെയറ്റ് – 5, ഗ്രാന്റ് ഹൈപ്പർ – 1, കൊഡിയംഗ്–2, ടിസിഎസ് – 2, ടെക്ക് ഫോർ ഇന്ത്യ–3, ഫെഡറൽ ബാങ്ക്–3, എച്ച്.ഡി.എഫ്.സി ബാങ്ക് – 38, ഡെലോയിറ്റി – 8 പ്ലെയ്സ്മെന്റ് സെല്ലി

ന്റെ മികവുറ്റ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.

'ദ ഫ്യൂച്ചർ ഓഫ് ഇന്ത്യ പേരിൽ സിവിൽ സർവ്വീസ് പരീക്ഷക്ക് കുട്ടികളെ ഒരുക്കി.

ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് 'പ്ലെയ്സ് കിക്ക് എന്ന ട്രെയ്നിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു.

**21. കായികം**

ദേശീയ 'ഖേലോ ഫുഡ്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിൽ കളിച്ച സൈക്കോളജി വിദ്യാർത്ഥി നന്ദ കിഷോറിന് അഭിനന്ദനങ്ങൾ.

*കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയറ്റ് മത്സര വിജയികൾ*

| | | |
|---|---|---|
| വെയ്റ്റ് ലിംഫ്റ്റിംഗ് | – ഗോഗുൽ പി.സി | – ഫസ്റ്റ് |
| | അകിൽ റൊണാൾഡ് | – ഫസ്റ്റ് |
| ബെസ്റ്റ് ലിഫ്റ്റർ | – സ്ക്കിൽ ടിൻ പോൾ | – ഫസ്റ്റ് |
| വെയ്റ്റ് ലിഫ്റ്റിംഗ് | – ശരത് എസ് | – ഫസ്റ്റ് |
| വെയ്റ്റ് ലിഫ്റ്റിംഗ് | – മിഥിലാജ് എം | – സെക്കന്റ് |
| വെയ്റ്റ് ലിഫ്റ്റിംഗ് | – റഫീഖ്. സി | – ഫസ്റ്റ് |
| ബോക്സിംഗ് | – മുഹമ്മദ് ബെയ്സിൽ | – ഫസ്റ്റ് |
| ക്രിക്കറ്റ് ടിം അംഗം | – കിരൺ സാഗർ | |
| *ദേശീയ മത്സര വിജയികൾ* | | |
| സെപക്ത ക്രോ | – ശ്രുതി സുദേവൻ | – തേർഡ് |
| സെപക്ത ക്രോ | – മുഹസിന | – സെക്കന്റ് |
| പവർ ലിംഫ്റ്റിംഗ് | – രാഹുൽ സജി | – ഫസ്റ്റ് |

എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ

**22. സാന്തോം ബെയ്ക്ക് ഹൗസ്**

കുക്കറി ക്ലബിന്റേയും, കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ 'കരിയർ ആൻഡ് ബിസിനസ് ഓപ്പർച്യൂനിറ്റി ആന്റ് ടൂറിസം ഇൻഡസ്ട്രി എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**23. എൻ.എസ്.എസ്**

എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ലോക വനിത ദിനം, ദേശിയ സുരക്ഷ ദിനം, ലോക കേൾവി ദിനം, വന്യജീവി ദിനം എന്നിവ ആചരിച്ചു.

**24. കോളേജ് ഡേ**

കോളേജ് ഡേ ഉത്ഘാടനം തൃശൂർ അസിസ്റ്റന്റ് കലക്ടർ ശ്രീ. ജയകൃഷ്ണൻ വി.എം.ഐ.എ.എസ് നിർവ്വഹിച്ചു. എത്തനിക് ഡേ യോട്

അനുബന്ധിച്ച് എത്തനിക് റാംമ്പ് വാക്കും, 7 മിനിറ്റ് ദൈർഘ്യമുള്ള വിവിധ പരിപാടികളും ഉൾകൊള്ളിച്ച് ഓരോ ഡിപ്പാർട്ട്മെന്റും കലാപരിപാടികൾ അവതരിപ്പിച്ചു.

**25. ശാസ്ത്രദിനം**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രദിനം ആഘോഷിച്ചു. ദിനാഘോഷത്തോന്നുബന്ധിച്ച് ഓൺലൈൻ ക്വിസ് മത്സരം നടത്തി.

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ (എസ്.എഫ്) ആഭിമുഖ്യത്തിൽ ഇൻക്യുബേഷൻ ആന്റ് അക്സില്ലറേഷൻ ഓപ്പർച്ച്യൂനിറ്റീസ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. മുൻസിപ്പൽ കേർപ്പറേഷൻ കൗൺസിലർ അഡ്വ. വില്ലി വിജോ സെമിനാർ നയിച്ചു.

**26. ഓപ്പൻ ഡേ**

കോളേജിൽ 'ഓപ്പൻ ഡേ എന്ന പേരിൽ സ്ക്കൂൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ പരിചയപ്പെടുത്തുന്ന പരിപാടി തൃശൂർ കോർപ്പറേഷൻ മേയർ എം.കെ വർഗീസ് ഉത്ഘാടനം ചെയ്തു. 400 കുട്ടികൾ വിവിധ വിദ്യാലയങ്ങളിൽ നിന്ന് കോളേജ് സന്ദർശിച്ചു.

**27. സാന്തോം റിസർച്ച് അവാർഡ്**

ബെസ്റ്റ് റിസർച്ച് ഫാക്കൽട്ടി – ഡോ. സി. അൽഫോൺസ മാത്യു, ഡോ. ആൻമേരി കെ.എ, ഡോ. വിമല കെ. ജോൺ.

ബെസ്റ്റ് റിസർച്ച് സ്ക്കോളർ – ധന്യ ജോസ്, റോഹിനി ദാസ്. കെ, ശ്യാമ ശശ്ധരൻ, സുരേഷ് എ. എസ്. ജാസ്മി കെ.കെ, ബീനു തോമസ്, ഉഷ എ.യു.

ബെസ്റ്റ് റിസർച്ച് ആർട്ടിക്കിൾ – ശ്രീ സാബു എ.എസ്, ഡോ. ആൻമേരി കെ.എ, അനഘ കെ.കെ, ഉഷ എ.യു, ഡോ. വിബിൻ ബെന്നി, റോഹിനി ദാസ് കെ, ധന്യ ജോസ്.

**28. ചുമ്മാർ ചൂണ്ടൽ അനുസ്മരണം**

മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മുൻ അദ്ധ്യാപകൻ പ്രൊഫ. ചുമ്മാർ ചൂണ്ടൽ അനുസ്മരണം നടത്തി.

**29. ദേശീയ സെമിനാർ**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'സ്റ്റൊക്കാസ്റ്റിക് മോഡലിംഗ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**30. സൂടോക്ക്**

സുവോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സുടോക് സം

ഘടിപ്പിച്ചു. 'സൈകിഡെ ഓഫ് കേരള റീസന്റ് ഡിസ്കൗറീസ് എന്ന വിഷയത്തിൽ ഗവേഷണ വിദ്യാർത്ഥി ഉഷ ഐ.യു മുഖ്യ പ്രഭാഷണം നടത്തി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

### ശാസ്ത്രദിനം ആഘോഷം

മാർച്ച് 10 വെള്ളിയാഴ്ച സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രദിനം ആഘോഷിച്ചു. ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രദിന സന്ദേശവുമായി ഫ്ളാഷ് മോബ് സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥി മേജോ എം.എൽ ശാസ്ത്രദിന സന്ദേശം പങ്കുവെച്ചു.

### പൂർവ്വവിദ്യാർത്ഥി സംഗമം

2017–2022 വർഷങ്ങളിലെ പൂർവ്വവിദ്യാർത്ഥി സംഗമം മാർച്ച് 11–ാം തിയ്യതി സംഘടിപ്പിച്ചു. പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തവർ തങ്ങളുടെ രണ്ടു വർഷത്തെ മഹാജൂബിലി കോളേജിലെ അനുഭവങ്ങളും, അധ്യാപന രംഗത്തെ അനുഭവങ്ങളും പങ്കുവെച്ചു.

### ആർട്ട് & ഡ്രാമ വർക്ക്ഷോപ്പ്

ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായി ആർട്ട് ആന്റ് ഡ്രാമ വർക്ക്ഷോപ്പ് മാർച്ച് 14 ന് സംഘടിപ്പിച്ചു. എൻ.എസ്.എസ്. കോളേജ് റിസർച്ച് സ്കോളറായ മിസ്റ്റർ.അജി നാരായണൻ കെ.കെ വർക്ക്ഷോപ്പിന് നേതൃത്വം നൽകി.

### ആയുർബഥാനിയ സന്ദർശനം

മാർച്ച് 14 ചൊവ്വാഴ്ച രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ആയുർ ബഥാനിയ സന്ദർശനം നടത്തി. ആയുർവേദ ചികിത്സാരീതികളെ കുറിച്ച് പഠിക്കുവാനും ജൈവ കൃഷി രീതികളെ കുറിച്ച് മനസ്സിലാക്കുവാനും സന്ദർശനം സഹായകരമായി.

**ആർട്സ് ഡേ**

ഏപ്രിൽ 17 വെള്ളിയാഴ്ച ബി.എഡ് വിദ്യാർത്ഥികൾക്കായി കോളേജിൽ ആർട്സ് ഡേ (കലയാട്ടം) മത്സരങ്ങൾ നടത്തി. വിവിധ ഗ്രൂപ്പ് മത്സരങ്ങൾ അന്നേദിവസം സംഘടിപ്പിക്കുകയുണ്ടായി. സർഗ്ഗ പ്രതിഭയായി മിസ്സ്. ക്രിസ്റ്റി സേവ്യാർ, കലാപ്രതിഭ മിസ്സ്. കൃഷ്ണവേണി, കലാതിലകം മിസ്റ്റർ. ജിഫിൻ ജോർജ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**കിളികൾക്കൊരു കരുതൽ**

ഇക്കോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വേനൽ ചൂടിൽ കിളികൾക്ക് കരുതലായി കിളി കരുതൽ എന്ന പദ്ധതി കോളേജ് പ്രിൻസിപ്പൽ റവ. ഡോ.ചാക്കോ ചിറമ്മൽ ക്യാമ്പസിലെ വിവിധ ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുടങ്ങളിൽ വെള്ളം നിറച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

**ബോധവൽക്കരണ ക്ലാസ്**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംങ്ങ് കോളേജും, മുള്ളൂർക്കര പകൽ വീടും സംയുക്തമായി കൺസ്യൂമർ പ്രൊട്ടക്ഷൻ ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ചും, വിവിധ നിയമങ്ങളെ കുറിച്ചും ക്ലാസിൽ ബോധവൽക്കരണം നൽകി.

**ജോബ് ഫെസ്റ്റ്**

2021–2023 ബി.എഡ് ബാച്ചിലെ വിദ്യാർത്ഥികൾക്കായി ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചു. വിവിധ സ്കൂളുകളിൽ നിന്നുള്ള പ്രിൻസിപ്പൽമാർ വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂ നടത്തുകയുണ്ടായി.

**കോളേജ് ഡേ**

2022–2023 അധ്യായന വർഷത്തെ കോളേജ് ദിനം മാർച്ച് 24 വെള്ളിയാഴ്ച ആഘോഷിച്ചു. കോളേജ് മാനേജർ മോൺ. ജോസ് കോനിക്കര കോളേജ് ദിനം ഉദ്ഘാടനം ചെയ്തു. കോളേജ് ബർസർ റവ. ഫാ.വർഗ്ഗീസ് കുത്തൂർ അധ്യക്ഷത വഹിച്ച യോഗത്തിൽ അസിസ്റ്റന്റ് മാനേജർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ഈ അധ്യായന വർഷത്തെ കോളേജ് റിപ്പോർട്ടും, കോളേജ് യൂണിയൻ സെക്രട്ടറി മിസ്സ്. സ്നേഹ എൻ.ജെ കോളേജ് യൂണിയൻ റിപ്പോർട്ടും അവതരിപ്പിച്ചു. ജി.ടി.എ പ്രസിഡന്റ് ശ്രീമതി. മിനി സി.ഡി, അധ്യാപിക പ്രതിനിധി മിസ്സ്. ആൻ ജോർജ് സി, കോളേജ് യൂണിയൻ ചെയർപേഴ്സൺ മിസ്സ്. ഭവ്യ കെ.എസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. തൃശ്ശൂർ റോട്ടറി ക്ലബ്ബിന്റെ മികച്ച അധ്യാപികയ്ക്കുള്ള അവാർഡ് നേടിയ ജി.ടി.എ പ്രസി

ഡന്റ് ശ്രീമതി.മിനി ചാക്കോയെ യോഗം ആദരിച്ചു.

**ഫുഡ് ഫെസ്റ്റ്**

മാർച്ച് 31 വെള്ളിയാഴ്ച കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഫുഡ് ഫസ്റ്റ് സംഘടിപ്പിച്ചു. സ്റ്റാഫ് സെക്രട്ടറി മിസ്സ്.റോസ്‌വിൻ സി.പീറ്റർ ഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. കോളേജ് അസിസ്റ്റന്റ് മാനേജർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി ആശംസകൾ നേർന്നു സംസാരിച്ചു. ആറ് സ്റ്റാളുകളിലായി പലഹാരങ്ങൾ, നാടൻ വിഭവങ്ങൾ, വിവിധതരം ജ്യൂസുകൾ എന്നിവ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കുകയുണ്ടായി. ഫുഡ് ഫെസ്റ്റിൽ നിന്ന് ലഭിച്ച തുക കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി അത്താണി പോപ്പ് പോൾ മേഴ്സി ഹോം ഡയറക്ടർ റവ.ഫാ.ജോൺസൺ അന്തിക്കാട്ടിന് മഹാജൂബിലി ട്രെയിനിംങ് കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ കൈമാറി.

**അഭിനന്ദനങ്ങൾ**

പാവറട്ടി സെന്റ് ജോസഫ് ട്രെയിനിംങ് കോളേജ് സംഘടിപ്പിച്ച മിയാൻ ഹേ ട്രഷർ ഫണ്ട് കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനം നേടിയ രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥിളായ എഡ്‌വിൻ ജോർജ്, സ്നേഹ എൻ.ജെ, ഐശ്വര്യ രാജു, കീർത്തി ടി എന്നിവർക്ക് അഭിനന്ദനങ്ങൾ.

കോഴിക്കോട് ശ്രീനാരായണഗുരു കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷനിൽ വെച്ച് നടന്ന ദേശീയ സെമിനാറിൽ പേപ്പർ പ്രസന്റേഷൻ നടത്തിയ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികളായ സിസ്റ്റർ. ടിമി തോമസ്, സിസ്റ്റർ. സിജി വി.ജെ, മരിയ റാഫേൽ, ഗ്രേസ് തെരേസ്, നിവേദിത തോമസ് എന്നിവർക്ക് അഭിനന്ദനങ്ങൾ.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെൻ്റർ

**നന്ദിയോടെ...**

തൃശ്ശൂർ അതിരൂപതയിലെ വിധവകളായി കഴിയുന്നവർക്കും ഏകസ്ഥരായി കഴിയുന്നവർക്കുമായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൻ്റെ നേതൃത്വത്തിൽ ഏകദിന കൂട്ടായ്മ ഏപ്രിൽ 13-ാം തിയ്യതി വ്യാഴാഴ്ച നടത്തപ്പെട്ടു. ഈ സെമിനാർ നയിച്ച ബഹുമാനപ്പെട്ട ജോൺസൻ അന്തിക്കാടനച്ചനും പങ്കെടുത്ത എല്ലാ സഹോദരിമാർക്കും ഒത്തിരി നന്ദി.

**മെയ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിൻ്റെ നേതൃത്വത്തിൽ മെയ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിൻ്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 3,4,5 – 10,11,12– 17,18,19 – 24,25,26. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൻ്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ക്വാ വാദിസ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിൻ്റെ ആഭിമുഖ്യത്തിൽ വിവാഹത്തിൻ്റെ അകന്ന ഒരുക്കത്തിൻ്റെ ഭാഗമായി ഇടവകയിലെ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് വേണ്ടിയും അവരുടെ മാതാപിതാക്കൾക്കുവേണ്ടിയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ക്വാ വാദിസ് എന്ന ഒരു മാർഗദർശന പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക – 8086677252, 9605043327. കഴിഞ്ഞ മാസം പാവറട്ടി ഇടവകയിൽ നടത്തുകയുണ്ടായി. ഏറെ മനോഹരമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാൻ്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടേഴ്സ്

# കുടുംബക്കൂട്ടായ്മ

**ഫൊറോന കൺവെൻഷനുകൾ (കൊയ്നോണിയ 2023)**

ഫൊറോന കൺവെൻഷനുകളിലെ അവസാന കൺവെനഷ നുകളായ പഴുവിൽ, കണ്ടശ്ശാംകടവ്, എരുമപ്പെട്ടി, പുത്തൂർ എന്നീ ഫൊറോനകളിലെ കൺവെൻഷനുകൾ ഏപ്രിൽ 2–ാം തിയ്യതി ഫൊറോന കൺവെൻഷൻ ഭംഗിയായി നടന്നു. ഈ ഫൊറോന കൺവെ ൻഷനുകൾ ഭംഗിയാക്കുവാൻ നേതൃത്വം വഹിച്ച ഫൊറോന ആനിമേറ്റ റച്ചന്മാർ, ഫൊറോന കൺവീനർമാരുടെ നേതൃത്വത്തിലുള്ള കേന്ദ്രസ മിതി ഭാരവാഹികൾ എന്നിവർക്കും ഇതിന് വേണ്ട സഹായ സഹകര ണങ്ങൾ ഒരുക്കിയ ഫൊറോന വികാരിയച്ചന്മാർക്കും ഈ ഫൊറോന കൺവെൻഷനിലേക്ക് കുടുംബകൂട്ടായ്മ ഭാരവാഹികളെ പറഞ്ഞയച്ച ഓരോ ഇടവകയിലെ വികാരിയച്ചന്മാർക്കും ഇടവക കേന്ദ്രസമിതി കൺവീനർമാരുടെ നേതൃത്വത്തിലുള്ള കേന്ദ്രസമിതി ഭാരവാഹികൾക്കും നന്ദി അർപ്പിക്കുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**

ജൂൺ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷ യത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മെയ് 13–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇട വകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

കുടുംബകൂട്ടായ്മയുടെ സ്ഥാപക പിതാവും 'പാവങ്ങളുടെ പിതാവ്' എന്ന അപരനാമത്തിൽ ലോകമെങ്ങും അറിയപ്പെട്ട തൃശ്ശൂർ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ 25–ാം ചരമ വാർഷികത്തോടനുബന്ധിച്ച് ഈ വർഷവും തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ 2023 ഏപ്രിൽ 15–ാം തിയ്യതി ശനിയാഴ്ച്ച 3 മണിക്ക് ഫാമിലി അപ്പസ്റ്റൊലേ റ്റിൽ വെച്ച് മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം സംഘടിപ്പി ക്കുകയുണ്ടായി. പ്രസ്തുത അനുസ്മരണ യോഗം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വ

ഹിച്ചു. തുടർന്ന് അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചനയും കബറിടത്തിങ്കൽ ഭാരവാഹികളുടെ നേതൃത്വത്തിൽ ഒപ്പീസും ചൊല്ലി പ്രാർത്ഥിച്ചു. ഏപ്രിൽ 26–ാം തിയ്യതി ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജിൽ പിതാവിന്റെ 25–ാം ചരമവാർഷിക സ്മരണയ്ക്കായ് കുടുംബകൂട്ടായ്മ ഭാരവാഹികൾ രക്തദാനം നടത്തി.

**പ്രവർത്തന ഫണ്ട് (സമ്മാന കൂപ്പൺ)**

2022–2025 പ്രവർത്തന വർഷത്തിലേക്കുള്ള കുടുംബകൂട്ടായ്മയുടെ പ്രവർത്തനഫണ്ടു സ്വരൂപിക്കുന്നതിനായി സമ്മാനകൂപ്പൺ തയ്യാറാക്കി കുടുംബകൂട്ടായ്മ ഓഫീസിൽ നിന്ന് ഫൊറോന കൺവീനർമാരെ ഏൽപിച്ചിട്ടുണ്ട്. ഫൊറോന കൺവീനർമാർ എത്രയും വേഗം ഇടവക കേന്ദ്രസമിതിയെ ഏൽപിക്കുകയും ഇടവക കേന്ദ്രസമിതി എത്രയും വേഗം യൂണിറ്റ് ഭാരവാഹികളെ ഏൽപിക്കുകയും ചെയ്യുമല്ലോ. യൂണിറ്റ് ഭാരവാഹികൾ എത്രയും വേഗം കൂപ്പണുകൾ ചിലവഴിക്കാൻ പരിശ്രമിക്കുമല്ലോ. നറുക്കെടുക്കുന്ന കൂപ്പണുകളിൽ ആകർഷകമായ സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. 50 രൂപയാണ് ഒരു കൂപ്പണിന്റെ വില. ഒരു ഭവനം ഒരു കൂപ്പൺ എന്ന രീതിയിലാണ് ഈ സമ്മാനകൂപ്പൺ തയ്യാറാക്കിയിട്ടുള്ളത്. സാധിക്കുന്നവർ കൂടുതൽ സമ്മാനകൂപ്പൺ എടുത്തു സഹകരിക്കാവുന്നതാണ്. ഇതുവഴി യൂണിറ്റിനും ഇടവകയ്ക്കും ഫൊറോനയ്ക്കും നിങ്ങൾ വിൽക്കുന്നതനുസരിച്ചുള്ള വിഹിതം ലഭിക്കുന്നതാണ്. 50 രൂപയുടെ സമ്മാനകൂപ്പൺ വിൽക്കുമ്പോൾ അതിന്റെ 15% യൂണിറ്റിനും 15% ഇടവക കേന്ദ്രസമിതിയ്ക്കും 15% ഫൊറോന കേന്ദ്രസമിതിയ്ക്കും 55% അതിരൂപത കേന്ദ്രസമിതിയ്ക്കും ആയിരിക്കും. 101 സമ്മാനങ്ങൾ ഉള്ള കൂപ്പണിന്റെ കടക്കുറ്റിയും പൈസയും അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയെ ജൂൺ 20–ാം തിയ്യതിക്ക് മുൻപായി തിരിച്ചേൽപ്പിക്കുമല്ലോ. തുടർന്ന് രൂപതയിൽ നിന്ന് ഓരോരുത്തർക്കുമുള്ള വിഹിതം മടക്കി നൽകുകയും ചെയ്യുന്നതാണ്.

**പതാക ദിനം (ജൂൺ 4)**

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുന്നാൾ ദിനമായ ജൂൺ 4–ാം തിയ്യതി കുടുംബകൂട്ടായ്മ പതാക ദിനം ആചരിക്കുന്നു. അന്നേ ദിവസം എല്ലാ ഇടവകയിലും വിശുദ്ധ കുർബാനയ്ക്ക് ശേഷം കുടുംബകൂട്ടായ്മയുടെ ലോഗോ പതിപ്പിച്ച പതാക ഇടവക ദൈവാലയങ്കണത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ പതാക ഉയർത്തുമല്ലോ. അന്നേ ദിവസത്തെ വിശുദ്ധ കുർബാനയിൽ പ്രത്യേകം നിയോഗം സമർപ്പിച്ച് കുടുംബകൂട്ടായ്മ ഭാരവാഹികൾ ഇടവകയുടെ സാഹചര്യമനുസരിച്ച് കാഴ്ച

സമർപ്പണവും പൊതു മീറ്റിങ്ങും സ്നേഹ വിരുന്നും / മധുര വിതരണം സംഘടിപ്പിക്കുന്നതും അഭികാമ്യമായിരിക്കും.

**അതിരൂപത ദിനാഘോഷവും മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ജൂബിലി ആഘോഷവും**

മെയ് 20-ാം തിയ്യതി ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന 136-ാം അതിരൂപത ദിനാഘോഷത്തിലും തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലി ആഘോഷത്തിലും ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീൻമാർ പങ്കെടുക്കുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

## മാതൃവേദി

**പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപതാതല പ്രാർത്ഥനാദിനമാണ് മെയ് 16-ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുകൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**നമ്മുടെ യുവതി യുവാക്കളെ എങ്ങനെ സഭയോട് ചേർത്ത് നിർത്താം**

മാതൃവേദി അംഗങ്ങൾക്ക് വേണ്ടി നമ്മുടെ യുവതി യുവാക്കളെ എങ്ങനെ സഭയോട് ചേർത്ത് നിർത്താം എന്നതിനെക്കുറിച്ചുള്ള ക്ലാസ്സ് സംഘടിപ്പിച്ചിരിക്കുന്നു. ഈ സെമിനാറിലേക്ക് മാതൃവേദിയിലെ അമ്മമാരെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഉണ്ടായിരിക്കുന്നതാണ്. അമ്മമാർ ഉണ്ടാക്കിയ കരകൗശല വസ്തുക്കൾ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ മെയ് 16 –ാം തിയ്യതി ചൊവ്വാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**വൃക്ഷതൈ വിതരണം**

അതിരൂപതയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ അമ്മമാർക്കും വൃക്ഷതൈ നൽകുന്നതാണ്. ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് മെയ് 16 –ാം തിയ്യതി ചൊവ്വാഴ്ച്ച നടത്തുന്ന വൃക്ഷതൈ വിതരണത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ.ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**നന്ദിയോടെ...**

ജീവന്റെ മേഖലയിൽ ഏറെ പ്രവർത്തിക്കുന്ന നേഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാനപ്രദവുമായതായിരുന്നു നേഴ്സസ് സെമിനാർ. ഈ സെമിനാറിൽ സംബന്ധിക്കാനായി നേഴ്സ്മാരെ പറഞ്ഞുവിട്ട എല്ലാ ഹോസ്പിറ്റലിലെയും അധികാരികൾക്ക് ഒത്തിരി നന്ദി ഒപ്പം ഏറെ ത്യാഗം സഹിച്ച് ഈ സെമിനാറിൽ സംബന്ധിക്കാൻ കടന്നുവന്ന എല്ലാ നേഴ്സ്മാർക്കും ഒത്തിരി ഒത്തിരി നന്ദി.

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും മെയ് 1 തിങ്കൾ വൈകീട്ട് 6.00 മുതൽ 7.30 വരെ നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**വലിയ കുടുംബങ്ങളുടെ സംഗമം**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിലെ 2000 നുശേഷം വിവാഹിതരായി 4 ഉം അതിൽ കൂടുതൽ മക്കളുള്ള ദമ്പതികളുടെ സംഗമം വരുന്ന മെയ് 28–ാം തിയ്യതി ഞായറാഴ്ച്ച തൃശ്ശൂർ പുത്തൻപള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെയാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഈ സംഗമത്തിലേക്ക് നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളെ പറഞ്ഞയക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**എ എഫ് സി കുടുംബ സർവേ ഇടവകതല ഉദ്ഘാടനം**

തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവക പി എഫ് സി യൂണിറ്റിന്റെ സഹകരണത്തോടെ നടത്തുന്ന കുടുംബ സർവേയുടെ ഇടവകതല ഉദ്ഘാടനം തിരൂർ സെന്റ് തോമസ് ഇടവകയിൽ വെച്ചു നടന്നു. പ്രവർത്തനോദ്ഘാടനം അതിരൂപത ഫെസിലിറ്റേഷൻ സെൻറർ (AFC) ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ നിർവഹിച്ചു. സർവേ വിവരങ്ങൾ ഡാറ്റ എൻട്രി നടത്തുന്നതിലൂടെ സർക്കാരിൽ നിന്നുള്ള വിവിധ ന്യൂനപക്ഷ ആനുകൂല്യങ്ങളുടെയും സ്കോളർഷിപ്പുകളുടെയും ഗുണഭോക്താ

ക്കളുടെ പട്ടിക അറിയുവാനും അവരെ അറിയിക്കുവാനും സാധിക്കും എന്നതാണ്  കുടുംബ സർവേയിലൂടെ ലക്ഷ്യം വെക്കുന്നത്.

അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com
ആപ്പ് : https://afctcr.com/afc-mobile-download

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

**ലോഫ് വാർഷിക ധ്യാനം**

ലോഫിന്റെ ഈ വർഷത്തെ വാർഷിക ധ്യാനം ഏപ്രിൽ 14,15,16 തിയ്യതികളിൽ ഡി.ബി.സി.എൽ.സി യിൽ വച്ച് നടത്തപ്പെടുകയുണ്ടായി. ലോഫിന്റെ എല്ലാ കുടുംബങ്ങളും വാർഷിക ധ്യാനത്തിൽ പങ്കെടുത്തിരുന്നു. ഏപ്രിൽ 16 ന് വൈകീട്ട് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നേതൃത്വത്തിൽ വ്രതനവീകരണം നടത്തപ്പെടുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**CARLO CHILDREN'S RETREAT - 2023**

ഏപ്രിൽ 14,15,16 തിയ്യതികളിൽ 4–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായുള്ള ധ്യാനം ഡി.ബി.സി.എൽ.സി യിൽ വച്ച്

നടന്നു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും അവരെ പറഞ്ഞയച്ച എല്ലാ മാതാപിതാക്കൾക്കും നന്ദി.

## LUX DOMUS - 2023

മെയ് 13–ാം തിയ്യതി (രണ്ടാം ശനിയാഴ്ച്ച) ഫാമിലി അപ്പസ്റ്റൊലേറ്റിൽ വെച്ച് 'ഫാമിലി സിംമ്പോസിയം' രാവിലെ 9 മണി മുതൽ വൈകീട്ട് 5 മണി വരെ LUX DOMUS - 2023 എന്ന പേരിൽ ലോഫ് സംഘടിപ്പിക്കുന്നു. ഈ സിംമ്പോസിയത്തിൽ പങ്കെടുക്കാനായി വ്യക്തികളെയും കുടുംബങ്ങളേയും ഏറെ സന്തോഷത്തോടെ ക്ഷണിക്കുന്നു. പ്രത്യേകിച്ച് കുടുംബപ്രേഷിതത്വ മേഖലയിൽ സേവനം ചെയ്യാൻ താൽപര്യമുള്ളവർ നിർബന്ധമായും ഈ സിംമ്പോസിയത്തിൽ സംബന്ധിക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# ചിൽഡ്രൻസ് മിനിസ്ട്രി

### ആഘോഷപൂർവ്വമായ കുർബാന സ്വീകരണം

ഈ വർഷം ആഘോഷപൂർവ്വമായ കുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകർക്കായി ഒരു അർദ്ധദിന സെമിനാർ മാർച്ച് 18 ശനിയാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മണിക്ക് ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തപ്പെട്ടു. റവ. ഫാ. ക്രിസ്റ്റീൻ ചിറമ്മൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നുമായി 192 അദ്ധ്യാപകർ യോഗത്തിൽ പങ്കെടുത്തു.

### ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2023

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളിലെ ആനിമേറ്റേഴ്സിന്റെ സംയുക്ത ഏകദിന ക്യാമ്പ് ഡി.ബി.സി.എൽ.സി.യിൽ വെച്ച് 2023 ഏപ്രിൽ 11 ചൊവ്വാഴ്ച്ച നടത്തപ്പെട്ടു. ലിജോ ജോസ് പെരുമായൻ, സ്റ്റൈജു കൂന്നമ്മൂച്ചി എന്നിവർ ക്ലാസു

കൾക്ക് നേതൃത്വം നൽകി. 109 ആനിമേറ്റേഴ്സ് ക്യാമ്പിൽ പങ്കെടുത്തു.

**അതിരൂപതതല നേതൃത്വ പരിശീലന ക്യാമ്പുകൾ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളിൽ നിന്നും ഫൊറോനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. അൾത്താരസംഘം കുട്ടികൾക്കായി മെയ് 8, 9 (തിങ്കൾ, ചൊവ്വ) തിയതികളിൽ ബെർക്കുമെൻസ് 2023, ജൂനിയർ സി.എൽ.സി കുട്ടികൾക്കായി മെയ് 10, 11 (ബുധൻ, വ്യാഴം) തിയതികളിൽ ക്രിസ്ത്യൻ ലൈഫ് 2023, തിരുബാലസഖ്യം കുട്ടികൾക്കായി മെയ് 15, 16 (തിങ്കൾ, ചൊവ്വ) തിയതികളിൽ സ്പർശ് 2023, എന്നിങ്ങനെയാണ് ക്യാമ്പുകൾ നടത്തപ്പെടുക. അതിരൂപത വിശ്വാസ പരിശീലന കേന്ദ്രത്തിൽ വെച്ചാണ് ക്യാമ്പുകൾ നടത്തപ്പെടുന്നത്. ആദ്യ ദിവസം രാവിലെ 9 ന് ആരംഭിച്ച് രണ്ടാം ദിവസം വൈകീട്ട് 4.00 ന് അവസാനിക്കുന്ന വിധത്തിലാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. ഒരു ഫൊറോനയിൽ നിന്നും ആറ് കുട്ടികൾക്കാണ് മേൽപറഞ്ഞ ക്യാമ്പുകളിൽ പങ്കെടുക്കാൻ സാധിക്കുക. സ്പർശ്, ക്രിസ്ത്യൻ ലൈഫ് ക്യാമ്പുകളിലേക്ക് 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയുമാണ് പങ്കെടുപ്പിക്കേണ്ടത്. ഫൊറോന പ്രമോട്ടറുടെ അടുക്കലാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. ഈ ക്യാമ്പുകളിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 100/– രൂപ. ക്യാമ്പുകളിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്പുസ്തകം, പേന, ബെഡ്ഷീറ്റ്, പുതപ്പ് മുതലായ അത്യാവശ്യസാധനങ്ങൾ കൊണ്ടുവരേണ്ടതാണ്.

**എയ്ഞ്ചലോസ് 2023**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2023 മെയ് 21–ന് അതിരൂപതതലത്തിൽ ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4 മണിവരെ തൃശ്ശൂർ ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ വച്ച് സ്വീകരണം നൽകുന്നു. എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്വവും സഹകരണവും പ്രതീക്ഷിക്കുന്നു. അന്നേ ദിവസം അഭിവന്ദ്യ പിതാക്കന്മാരുമൊത്ത് ഫോട്ടോ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഫോട്ടോസ് വാട്ട്സ് അപ്പ് വഴി മെയ് 25 ന് ശേഷം അയച്ചുതരുന്നതാണ്. ഫോട്ടോസ് തികച്ചും സൗജന്യമായിരിക്കും.

**യൂണിറ്റ് രജിസ്ട്രേഷൻ 2023**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2023 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരി

ക്കുന്നു. എല്ലാ യൂണിറ്റുകളും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് അതാതു സംഘടനാംഗങ്ങളുടെ രജിസ്ട്രേഷൻ ഫോം കൈപറ്റേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: "ഭയപ്പെടേണ്ട വിശ്വസിക്കുക മാത്രം ചെയ്യുക" (ലൂക്കാ 8: 50)

സുകൃതജപം: കർത്താവേ ഞാൻ അങ്ങയിൽ ശരണപ്പെടുന്നു!

പ്രാർത്ഥനാ നിയോഗം: സഭയുടെ സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: "ഒന്നുകിൽ മരിക്കുക അല്ലെങ്കിൽ സഹിക്കുക" എന്ന ത്രേസ്യപുണ്യവതിയുടെ മുദ്രാവാക്യം തിരുത്തിക്കൊണ്ട് "മരിക്കാതെ സഹിക്കുക" എന്നെഴുതിയ ഒരു കർമ്മലീത്താ സഹോദരിയായ മേരി മഗ്ദലേൻ ദെ പാസിയാണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധ. "നിങ്ങൾ ഈശോയെ മാത്രം സ്നേഹിക്കുക, അവിടുന്നിൽ മാത്രം ശരണംവയ്ക്കുക, അവിടുത്തോടുള്ള സ്നേഹത്തെപ്രതി അനുസ്യൂതം സഹിക്കുവാൻ പരസ്പരം പ്രോത്സാഹിപ്പിക്കുക." വിശുദ്ധയുടെ അവസാനവാക്കുകളാണിവ. തിരുസഭയിൽ മെയ് 25 ന് വിശുദ്ധയെ സ്മരിക്കുന്നു.

പ്രവർത്തനം: മാതാവിനോടുള്ള വണക്കമാസ ഭക്തിയിൽ വളരുവാൻ ശ്രമിക്കുമല്ലോ.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധ സമിതി

**1. മാർച്ച് 12 മദ്യവിരുദ്ധ ഞായർ ആചരണം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപതയിൽ മദ്യവിരുദ്ധ ഞായർ ആചരിച്ചു. അമ്മാടം സെന്റ് ആന്റണീസ് പള്ളിയിൽ അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. പൊതുസമ്മേളനം വികാരി ഫാ. ജോൺ കിടങ്ങൻ ഉദ്ഘാടനം ചെയ്തു. മുൻ പ്രസിഡന്റ് ശ്രീ. സി.പി.

ഡേവീസ് ലഹരിവിരുദ്ധ പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. ഒല്ലൂർ, വടക്കാഞ്ചേരി, പട്ടിക്കാട്, പഴുവിൽ, ചേർപ്പ്, കുമ്പളങ്ങാട്, വെണ്ടോർ, ചേറൂർ, പൊങ്ങണംകാട്, ചിറക്കേക്കോട്, മുക്കാട്ടുകര, പാലയ്ക്കൽ, മഞ്ഞക്കുന്ന്, കൂട്ടാല, മുളയം, പള്ളിക്കുന്ന്, സ്നേഹപുരം, ആറ്റത്തറ, പാറന്നൂർ, വലപ്പാട്, വടൂക്കര, പതിയാരം, വെങ്ങിണിശ്ശേരി പള്ളികളിൽ പോസ്റ്റർ പ്രദർശനം, പതാക ഉയർത്തൽ, മദ്യവിരുദ്ധ പ്രതിജ്ഞ തുടങ്ങിയവ നടന്നു.

**2. മാർച്ച് 19 പിതൃദിനാചരണം**

മാർ യൗസേപ്പിതാവിന്റെ മരണതിരുനാളിനോടനുബന്ധിച്ച് വേലൂപ്പാടം സെന്റ് ജോസഫ് ദൈവാലയത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത മാർച്ച് 19 ന് പിതൃദിനാചരണം സംഘടിപ്പിച്ചു. അതിരൂപത ഡയറക്ടർ റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ സെന്റ് ജോസഫ് ചർച്ച് വേലൂപ്പാടം വികാരി റെക്ടർ റവ. ഫാ. ഡേവീസ് ചിറയത്ത് ഉദ്ഘാടകനായി.

**3. ഏപ്രിൽ 8 ഈസ്റ്റർ മദ്യവിമുക്തമാക്കുക**

ഈസ്റ്റർ മദ്യവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി മദ്യവിരുദ്ധസമിതി മുക്കാട്ടുകര പള്ളിയങ്കണത്തിൽ ഉപവാസയജ്ഞം സംഘടിപ്പിച്ചു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തുന്നതിനിടെ, 'ലഹരികെണികൾക്കെതിരെ ജാഗ്രത പുലർത്തുക' എന്ന സന്ദേശം നൽകി. കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഡയറക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ നയിച്ച ഉപവാസം പട്ടിക്കാട് ഫൊറോന വികാരി വെരി റവ. ഫാ. ജിജോ വള്ളൂപ്പാറയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. പ്രോഗ്രാം കൺവീനർ ശ്രീ. കൊച്ചുവർക്കി തരകൻ അദ്ധ്യക്ഷപദം അലങ്കരിച്ചു. ദൂരദർശൻ മുൻ ഡയരക്ടർ ഡോ. സി.കെ. തോമസ്, കേരള മദ്യനിരോധന സമിതി സംസ്ഥാന സെക്രട്ടറി ശ്രീ. ഇ.എ. ജോസഫ് എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തി.

സെന്റ് ആന്റണീസ് ഫൊറോന ചർച്ച് ഒല്ലൂർ, സെന്റ് ആന്റണീസ് ചർച്ച് ചേർപ്പ്, സെന്റ് ആന്റണീസ് ചർച്ച് കോടന്നൂർ എന്നിവിടങ്ങളിൽ ഈസ്റ്റർ മദ്യവിമുക്തമാക്കുക എന്ന ആഹ്വാനത്തോടെ പോസ്റ്റർ പ്രദർശനം സംഘടിപ്പിച്ചു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# സ്ലം സർവ്വീസ് സെന്റർ

**പിന്നോക്ക വികസന കോർപ്പറേഷൻ വായ്പ വിതരണം സമ്മേളനം നടത്തി**

തൃശ്ശൂർ അതിരൂപത സ്ലം സർവ്വീസ് സെന്റർ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി അയൽക്കൂട്ടങ്ങൾക്ക് നൽകുന്ന വായ്പവിതരണ സമ്മേളനത്തിന്റെ ഉദ്ഘാടനം വികാരി ജന റാൾ മോൺ. ജോസ് കോനിക്കര നിർവ്വഹിച്ചു. ഡപ്യൂട്ടി മേയർ എം. എൽ. റോസി മുഖ്യാതിഥിയായിരിന്നു.

ഡയറക്ടർ ഫാ. സിജു പുളിക്കൻ അദ്ധ്യക്ഷത വഹിച്ചു. പിന്നോക്ക വികസന കോർപ്പറേഷൻ എ.ജി.എം. ജതിൻ പി.പി. വായ്പ വിതരണത്തിന്റെ 75 ലക്ഷം രൂപയുടെ ചെക്ക് ഡയറക്ടർക്ക് കൈമാറി കൊണ്ട് നിർവ്വഹിച്ചു. 10 അയൽക്കൂട്ടങ്ങളിലെ 121 വ്യക്തികൾക്കാണ് വായ്പ വിതരണം ചെയ്തത്. ഈയിടെ ഡെപ്യൂട്ടി മേയറായി തിരഞ്ഞെ ടുക്കപ്പെട്ട എം.എൽ. റോസിയെ സ്ലം സർവ്വീസ് സെന്റർ പൊന്നാട നൽകി അനുമോദിച്ചു.

**ഫാ. സിജു പുളിക്കൻ**
ഡയറക്ടർ

**ബേബി മൂക്കൻ**
പ്രസിഡണ്ട്

# ഫ്രാൻസിസ്കൻ അത്മായസഭ (SFO)

**തൃശൂർ അതിരൂപത**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ ഭാരവാഹികളുടെ തിരരെഞ്ഞടുപ്പിൽ പ്രസിഡണ്ടായി ഡേവിസ് T.K (ഒലൂർ റീജീയൺ), സെക്രട്ടറിയായി ജോസ് പീറ്റർ (മറ്റം റീജീയൺ), ട്രഷററായി ഷാജു TK (തൃശൂർ റീജീയൺ), ഫോർമേറ്ററായി ജോസ് (പാലയൂർറീജീയൺ) തിരഞ്ഞെടുത്തു. അതിരൂപത ഡയറക്ടർ ഫാ.ആന്റണി തെക്കിനിയത്ത്, ഫാ. വിൻസെൻറ് കണ്ണനായ്ക്കലിന്റെയും

നേതൃത്വത്തിൽ, 11/03/2023 ശനിയാഴ്ച 3 PMന് പൂത്തോൾ കാൽവരി ആശ്രമത്തിലാണ് നടന്നത്. തൃശൂർ അതിരൂപതയിലെ ആറു റീജിയനുകളിലെയും തിരഞ്ഞെടുപ്പുകൾ നടത്തപ്പെടുകയും പുതിയ ഭാരവാഹികൾ സ്ഥാനമേൽക്കുകയും ചെയ്തു. പുതുതായി തിരഞ്ഞെടുക്കപെട്ടവർക്കു എല്ലാവിധആശംസകളും, പ്രാർത്ഥനകളും

തൃശൂർ അതിരൂപതയിലെ ഫ്രാൻസിസ്കൻ അൽമായ സഭയിലെ ഭാരവാഹികൾക്കായി രണ്ടു നേതൃത്വ പരിശീലന ക്യാമ്പ് നടത്തപെട്ടു. മാർച്ചു 18 ശനിയാഴ്ച വടക്കാഞ്ചേരി, മറ്റം, പാലയൂർ റീജിയണൽ പെട്ട 40 ഓളം ഭാതൃത്തിൽ നിന്നുള്ള 5 ഭാരവാഹികൾക്കായി പേരാമംഗലം പള്ളിയിൽ വച്ചും, ഏപ്രിൽ 1 ശനിയാഴ്ച, തൃശൂർ, ഒല്ലൂർ, കണ്ടശ്ശാങ്കടവ് റീജിയനിൽ പെട്ട 35 ഓളം ഭാതൃത്തിൽ നിന്നുള്ള 5 ഭാരവാഹികൾക്കായി തൃശ്ശൂർ കാൽവരി ആശ്രമത്തിൽ വച്ചും നടത്തപ്പെട്ടു. ഫാദർ മത്തായി അക്കര കപ്പൂച്ചിൻ, Dr ജെറി, ഫാദർ ആൻറണി തെക്കിനിയത്ത് കപ്പൂച്ചിൻ എന്നിവരാണ് ക്ളാസുകൾ നയിച്ചത്.

## കാത്തലിക് നേഴ്സസ് ഗിൽഡ്

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ എക്സിക്യൂട്ടീവ് മീറ്റിങ്ങ് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച് 01–01 –2023–ൽ നടന്നു. ഫെബ്രുവരി 10–ന് രോഗി ദിനത്തോടനുബന്ധിച്ച് ഒരു അർദ്ധദിന സെമിനാറും ദിവ്യകാരുണ്യ ആരാധനയും സംഘടിപ്പി ക്കുകയുണ്ടായി. ശ്രീ. ശശി ഇമ്മാനുവേൽ ആണ് സെമിനാർ നയിച്ച ത്. സെമിനാറിനുശേഷം ബഹു. ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ നയി ച്ചു. അന്നുതന്നെ രോഗീദിനത്തിന്റെ ഭാഗമായി നടത്തിയ ഈവന്റ് ഷെയ റിങ്ങ് കോമ്പറ്റീഷനിൽ നിന്നും ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ കര സ്ഥമാക്കിയവർക്ക് ക്യാഷ് അവാർഡ് നൽകുകയുണ്ടായി. ഈ സെമി നാറിൽ വിവിധ ഹോസ്പിറ്റലുകളിൽ നിന്നും മുന്നൂറിലധികം ആതുര ശുശ്രൂഷകർ പങ്കെടുത്തു. ഫെബ്രുവരി 11–ാം തിയ്യതി ലോകരോഗീദിന

ത്തിൽ CNGIT നേതൃത്വത്തിൽ ഹോസ്പിറ്റലിലെ 500 പാവപ്പെട്ട രോഗികൾക്ക് ഉച്ചഭക്ഷണം നൽകി. നോമ്പുകാലത്തിൽ നേഴ്സുമാർക്കുവേണ്ടി നടത്തിവരാറുള്ള ധ്യാനം രണ്ടു സോണുകളായി തിരിച്ച് ഏകദിനധ്യാനം നടത്തി. 2023 മാർച്ച് 18–ന് ഏങ്ങണ്ടിയൂർ എം. ഐ. ആശുപത്രിയിൽ വെച്ച് റവ. ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിലിന്റെ നേതൃത്വത്തിൽ നടന്നു. ഈ ആത്മീയ വിരുന്നിൽ രണ്ടു സോണുകളിൽ നിന്നുമായി ഏകദേശം നാനൂറ്റിയമ്പതോളം പേർ പങ്കെടുത്തു. ഈ ധ്യാനത്തിന്റെ ഭാഗമായി പിരിച്ച സ്തോത്രകാഴ്ച്ച ജൂബിലി മിഷൻ ആശുപത്രിയിലെതന്നെ വെന്റിലേറ്ററിൽ കിടന്ന ഒരു സ്റ്റാഫിന് നൽകി സഹായിച്ചു.

CNGIT ഡയറക്ടർ റവ ഫാ. ജിമ്മി എടക്കളത്തൂർ CNGIT പ്രസിഡന്റ് സി. ലിസറ്റ് എക്സിക്യൂട്ടീവ് മെമ്പർമാർ എന്നിവർ നേതൃത്വം നൽകി. ധ്യാനത്തിനും അർദ്ധദിന സെമിനാറിനും പൂർണമായി സഹകരിച്ച എല്ലാവർക്കും പ്രത്യേകമായി ഏങ്ങണ്ടിയൂർ മിഷൻ ഹോസ്പിറ്റൽ അധികൃതർക്കും ജൂബിലി മിഷൻ ഹോസ്പിറ്റൽ അധികൃതർക്കും പ്രത്യേകം നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തികൊള്ളുന്നു.

**ഫാ. ജിമ്മി എടക്കളത്തൂർ**
ഡയറക്ടർ

**സി. ജനറ്റ് FCC**
സെക്രട്ടറി

## പാക്ട്



## തൃശ്ശൂർ അതിരൂപത അജപാലന പദ്ധതി മെയ് മാസം
## യുവജന അജപാലനം ഒരുക്കവും സംവിധാനങ്ങളും

**ഇടവകതലത്തിൽ ചെയ്യേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ**
പ്രവർത്തനം 1 : വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി ഔട്ട് റീച്ച് പ്രോഗ്രാം സംഘടിപ്പിക്കുക. ജയിൽ, ആതുരാലയം, അനാഥാലയം എന്നിവ സന്ദർശിച്ചു സഹായം ചെയ്യുക.
നിർവ്വഹണചുമതല : വികാരി, വിശ്വാസ പരിശീലകർ, കൈക്കാരന്മാർ

പ്രവർത്തനം 2 : യുവജന വി. കുർബാന
നിർവ്വഹണചുമതല : വികാരി, യുവജന സംഘടനകൾ, സമർപ്പിതർ
പ്രവർത്തനം 3 : ഇടവകതലത്തിലുള്ള ദൈവവിളിവാരം ആചരിക്കുക. ഒരു ദിവസം ദിവ്യകാരുണ്യാരാധനയോടെ ദൈവവിളി ദിനമായി ആചരിക്കുക.
നിർവ്വഹണചുമതല : വികാരി, യുവജന സംഘടനകൾ, സമർപ്പിതർ
പ്രവർത്തനം 4 : യുവജന സർവേ നടത്തുക
നിർവ്വഹണചുമതല: വികാരി, യുവജന സംഘടനകൾ, കുടുംബകൂട്ടായ്മകൾ

**അതിരൂപത തലത്തിൽ ചെയ്യേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ**
പ്രവർത്തനം 1 : വൈദികരും സമർപ്പിതരും വൈദികവിദ്യാർത്ഥികളും സമർപ്പിത ജീവിതത്തോട് ആഭിമുഖ്യമുള്ള കുട്ടികളും യുവാക്കളുമായും നേരിട്ടും സാമൂഹിക മാധ്യമങ്ങൾ വഴിയും സമ്പർക്കം പുലർത്തുക. ദൈവവിളി ക്യാമ്പുകളുടെ തുടർ സഹഗമനം. ദൈവദർശനക്യാമ്പിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് പിന്തുടർച്ച പരിപാടികൾ നൽകുക.
നിർവ്വഹണചുമതല : വൈദിക വിദ്യാർത്ഥികൾ, വൊക്കേഷൻ ബ്യൂറോ.
പ്രവർത്തനം 2 : ദൈവവിളികൾ കുറയുന്നതിന്റെ കാരണങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തുന്നതിന് ശാസ്ത്രീയമായ പഠനം നടത്തുക.
നിർവ്വഹണചുമതല : പറോക്ക്, അതിരൂപത വൊക്കേഷൻ ബ്യൂറോ
പ്രവർത്തനം 3: ദൈവവിളി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങളെ കത്തോലിക്കാ സഭ പത്രങ്ങളിലൂടെയും മീഡിയ കത്തോലിക്കയിലൂടെയും പരിചയപ്പെടുത്തുക.
നിർവ്വഹണചുമതല : മീഡിയ കത്തോലിക്ക

**പാക്ട് അറിയിപ്പ് :**

1. യുവജനവർഷത്തോട് അനുബന്ധിച്ച് ഇനിയും കൺവീനറെ തിരഞ്ഞെടുക്കാത്ത ഇടവകകൾ എത്രയും വേഗം കൺവീനറെ തിരഞ്ഞെടുത്ത് പാക്റ്റ് ഓഫീസ് നമ്പറിൽ വിളിച്ചറിയിക്കേണ്ടതാണ്. (ഫോൺ: 8281739448)
2. 2023 വർഷത്തെ അജപാലപദ്ധതി ഇനിയും സമർപ്പിക്കാത്ത ഇടവകകൾ അതിരൂപതാ കാര്യാലയത്തിലോ പാക്ട് ഓഫീസിലോ അജപാലനപദ്ധതികൾ സമർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

# പാവനസ്മരണയ്ക്ക്



മാർ അഡോൾഫ്
മെഡ്‌ലിക്കോട്ട്



മാർ ഫ്രാൻസിസ്
വാഴപ്പിള്ളി

പ്രാർത്ഥനാപൂർവ്വം **തൃശ്ശൂർ അതിരൂപത**



TO BE WITH HIM AND TO BE SENT FORTH

മെയ് 1ന് മെത്രാഭിഷേക വാർഷികം
ആഘോഷിക്കുന്ന **മാർ ആൻഡ്രൂസ് താഴത്ത്**
(2004-2023) പിതാവിന്
തൃശ്ശൂർ അതിരൂപത മക്കളുടെ
പ്രാർത്ഥനാശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.04.2023
**May- 2023**



**മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ**
**മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലി**
**(01 മെയ് 1973 – 01 മെയ് 2023)**

2023 മെയ് 20ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ
സമൂഹബലിയും പൊതുസമ്മേളനവും

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor